

“ഒന്നും ഞാൻ മറന്നിട്ടില്ല. എല്ലാ കാര്യങ്ങളും ഓർക്കുന്നുവെന്നുമാത്രമല്ല, അന്നുയർത്തിയ എല്ലാ പ്രശ്നങ്ങളിലും ജനപക്ഷത്തുനിന്നുകൊണ്ടുള്ള ഭരണ നടപടികൾ അനുക്രമം സ്വീകരിക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കയാണ്.”

# ആശ്വാസം പകർന്ന് പുതിയ ചുവടുവയ്പ്

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റെടുത്ത് മൂന്ന് മാസം പൂർത്തിയാവുകയാണ്. സർക്കാർ ചലനാത്മകമല്ലെന്നും മുഖ്യമന്ത്രിയായ ഞാൻ കഴിഞ്ഞ അഞ്ചു കൊല്ലം പ്രതിപക്ഷ നേതാവായിരിക്കെ ഉയർത്തിയ പ്രശ്നങ്ങൾ വിസ്മരിക്കുകയാണെന്നുമൊക്കെ ഇതിനകം പ്രതിപക്ഷം ആക്ഷേപം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് കൊല്ലം ഐക്യജനാധിപത്യമുന്നണി സർക്കാർ നമ്മുടെ സംസ്ഥാനത്തിനു വരുത്തിവച്ച ക്ഷതങ്ങൾ ഒരു മാസം കൊണ്ടോ ഒരു കൊല്ലം കൊണ്ടുപോലുമോ ഉണക്കാൻ കഴിയുന്നതല്ല.

എന്നാൽ ഒരുകാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഒന്നും ഞാൻ മറന്നിട്ടില്ല. എല്ലാ കാര്യങ്ങളും ഓർക്കുന്നുവെന്നുമാത്രമല്ല, അന്നുയർത്തിയ എല്ലാ പ്രശ്നങ്ങളിലും ജനപക്ഷത്തുനിന്നുകൊണ്ടുള്ള ഭരണ നടപടികൾ അനുക്രമം സ്വീകരിക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കയാണ്.

സംസ്ഥാന ചരിത്രത്തിൽ ഇത്രയും കുറഞ്ഞ കാലയളവിനുള്ളിൽ ഇത്രയും വേഗത്തിൽ ബഹുജനപ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുന്ന ഒരു സർക്കാരുമുണ്ടായിട്ടില്ല എന്നു ഞാൻ അവകാശപ്പെട്ടാൽ നിഷ്പക്ഷമതികൾ അതിനെ ചോദ്യം ചെയ്യില്ലെന്ന് കരുതുന്നു. ഈ സർക്കാരിന്റെ നയം പ്രഖ്യാപിച്ചുകൊണ്ട് ഗവർണർ നിയമസഭയിൽ നടത്തിയ പ്രസംഗവും ധനമന്ത്രി അവതരിപ്പിച്ച പുതുക്കിയ ബജറ്റും മതിയല്ലോ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൻെറ സമീപനമെന്തെന്ന് മനസ്സിലാകാൻ.

നമ്മുടെ സംസ്ഥാനത്തിൻെറ നട്ടെല്ല് മുക്കാൽക്കോടിയോളം കൃഷിക്കാരും കാൽക്കോടിയോളം കർഷകത്തൊഴിലാളികളും അടങ്ങിയ കാർഷികമേഖലയാണ്. കഴിഞ്ഞ അഞ്ചു കൊല്ലം കൊണ്ട് ആ മേഖലയെ മുച്ചൂടും തകർക്കുകയാണ് യുഡിഎഫ് സർക്കാർ ചെയ്തത്. വിളനഷ്ടവും ഉത്പന്നങ്ങളുടെ വിലക്കുറവും കടക്കെണിയും കാരണം സംസ്ഥാനത്താകെ നിരവധി കൃഷിക്കാർ ആത്മഹത്യ ചെയ്തു. കൃഷിക്കാരെ അനുദിനം ആത്മഹത്യയിലേക്ക് തള്ളിവിടുകയായിരുന്നു ആൻറണി-ഉമ്മൻചാണ്ടി സർക്കാരുകളും കേന്ദ്രസർക്കാരും. കാർഷിക പ്രതിസന്ധി പരിഹരിക്കാനോ കൃഷിക്കാരെ ആത്മഹത്യയിൽനിന്ന് രക്ഷിക്കാനോ യുഡിഎഫ് സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. പ്രശ്നം കൃത്യമായും വ്യക്തമായും കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തി സഹായം

നേടിയെടുക്കാൻ പോലും കഴിഞ്ഞില്ല.

ആത്മഹത്യചെയ്ത കൃഷിക്കാരുടെ കടം എഴുതിത്തള്ളാൻ എൽഡിഎഫ് സർക്കാർ അധികാരമേറ്റ ദിവസംതന്നെ തീരുമാനിച്ചു. തുടർന്ന് ബാങ്ക് മേധാവികളുമായി ചർച്ച നടത്തി കടാശ്വാസത്തിന് നിരവധി നടപടികൾ കൈക്കൊണ്ടു. കാർഷിക കടങ്ങൾക്ക് ഒരുവർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. ജപ്തി നടപടികൾ ഡിസംബർ 31 വരെ സ്റ്റേ ചെയ്തു.

ഇതിനൊക്കെ പുറമെ കാർഷികമേഖലയിലെ ദുരിതാവസ്ഥ കൃത്യമായി കേന്ദ്രത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു. ആസൂത്രണ കമ്മിഷൻെറ പ്രതിനിധിസംഘം വയനാട് സന്ദർശിക്കുകയും തിരുവനന്തപുരത്ത് മന്ത്രിമാരുമായി ചർച്ച നടത്തുകയും ചെയ്തു. മുൻസർക്കാർ ഈ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തമായ സ്ഥിതിവിവരക്കണക്കുകൾ സഹിതം നിവേദനം നൽകിയിട്ടുപോലുമില്ലെന്ന് ആസൂത്രണ കമ്മിഷൻ സംഘം തുറന്നു പറഞ്ഞു.

വയനാടിന് പ്രത്യേക കാർഷിക പാക്കേജ് കൊണ്ടുവരാൻ നടപടികളായിക്കഴിഞ്ഞു. ആസൂത്രണ കമ്മിഷൻ സംഘവുമായി ഞാൻ നടത്തിയ ചർച്ചയുടെയും ധനമന്ത്രി ദില്ലിയിൽച്ചെന്ന് നൽകിയ നിവേദനത്തിന്റെയും ഫലം ഉടനെയുണ്ടാകും.

മഹാരാഷ്ട്രയിൽ വിദർഭ ജില്ലക്കുവേണ്ടി പ്രധാനമന്ത്രി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചുകഴിഞ്ഞു. ആന്ധ്രയിലും കർണാടകത്തിലും മഹാരാഷ്ട്രയിലും കേരളത്തിലുമാണ് കർഷക ആത്മഹത്യ ഗുരുതര സംഭവമായി മാറിയിട്ടുള്ളത്. കേരളത്തിൽ വയനാടിനു മാത്രമാണ് സഹായ പാക്കേജ് അനുവദിക്കാമെന്ന് കേന്ദ്രം ആദ്യം ഞങ്ങളോട് പറഞ്ഞത്. എന്നാൽ സംസ്ഥാനത്തെയാകെ ആ പാക്കേജിൽ ഉൾപ്പെടുത്തണമെന്നും ആദ്യപടിയായി കാസർകോട്, പാലക്കാട്, ഇടുക്കി ജില്ലകളെക്കൂടി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. ഒടുവിൽ മൂന്നു ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാക്കേജ് കേന്ദ്രം അംഗീകരിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ശേഷിച്ച ജില്ലകളിൽക്കൂടി സഹായമെത്തിക്കാൻ ശ്രമിക്കും. അടുത്ത ദിവസം ദില്ലിയിൽ പോകുമ്പോൾ പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യത്തിൽ സമ്മർദം ചെലുത്തും.

കേന്ദ്രത്തെ ആശ്രയിച്ച് മാത്രമുള്ള നടപടികളല്ല സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാന ബജറ്റ് അതിന് തെളിവാണ്. കാർഷിക കടാശ്വാസ കമ്മിഷനും വിലസ്ഥിരതാ കമ്മിഷനും രൂപീകരിക്കാൻ തീരുമാനിക്കുകയും അതിനായി 156 കോടിരൂപ മാറ്റിവക്കുകയും ചെയ്തു.

കാർഷികമേഖലയിൽനിന്നും നൈരാശ്യം കുറേയേറെ അകറ്റാനും പുത്തനുണർവ് ഉണ്ടാക്കാനും ഈ ചെറിയ കാലയളവിൽ ത്തന്നെ കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. സർക്കാരിൻെറ ചലനാത്മകതയെയല്ലേ ഇത് തെളിയിക്കുന്നത്. കർഷകത്തൊഴിലാളി പെൻഷനും, അഗതി-വിധവാ പെൻഷനും നൽകാതെ കുടിശ്ശികയായി വച്ചിരിക്കുകയായിരുന്നു യു.ഡി.എഫ്. സർക്കാർ. എൽ.ഡി.എഫ്. അധികാരത്തിൽ വന്ന ഉടനെ ആ പെൻഷൻ കുടിശ്ശികകൾ വിതരണം ചെയ്യാൻ ഉത്തരവിട്ടു.



നമ്മുടെ നാട്ടിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗമാണ് പട്ടികവർഗക്കാർ. അന്യാധീനപ്പെട്ട ഭൂമി വീണ്ടുകിട്ടാൻ അവർ എത്രയോ കാലമായി സമരമുഖത്താണ്. ഒരുതുണ്ട് പോലും ഭൂമിയില്ലാത്ത ആദിവാസികൾ നിബിഡവനമല്ലാത്ത പ്രദേശങ്ങളിൽ പ്രവേശിച്ച് സ്വയം അവകാശം സ്ഥാപിച്ച് കുടിൽ കെട്ടി താമസിക്കുന്നുണ്ട്. വയനാട്ടിൽമാത്രം മൂവായിരത്തോളം കുടുംബങ്ങൾ അങ്ങനെ താമസിക്കുന്നു. അവരെ കുടിയിറക്കാനാണ് യുഡിഎഫ് സർക്കാർ ശ്രമിച്ചത്. അവർക്കെതിരെ മർദനമുറകൾ പ്രയോഗിച്ച് അടിച്ചോടിക്കാൻ മുതിർന്നു. കേസുകൾ എടുത്തു. അവരെ ഒരാളെപോലും കുടിയിറക്കരുതെന്നും കേസുകൾ പിൻവലിക്കണമെന്നും ഈ സർക്കാർ തീരുമാനിച്ചു. അവർക്ക് കൈവശരേഖ നൽകാൻ തീരുമാനിച്ചു.

ഭരണമേറ്റ് ഏതാനും ആഴ്ചകൾ മാത്രമായപ്പോൾത്തന്നെ ഇങ്ങനെ മഹത്തായ തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞത് പാവങ്ങളോടുള്ള പ്രതിബദ്ധത കൊണ്ടാണ്. പ്രതിപക്ഷമായിരുന്നപ്പോൾ ഉയർത്തിയ പ്രശ്നങ്ങൾ ഓരോന്നോരോന്നായി ഏറ്റെടുക്കുന്നതിൻെറ ഭാഗമാണിത്. പെൺവാണിഭക്കാർക്കും മറ്റു മാഫിയകൾക്കുമെതിരെ കർശന നിലപാടെടുക്കാൻ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പെൺവാണിഭക്കേ

## 15633 തസ്തികകൾ റിപ്പോർട്ട് ചെയ്തു

കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാർ സർവീസിൽ ഒഴിഞ്ഞു കിടന്നിരുന്ന 15633 തസ്തികകളുടെ വിവരം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തതായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അറിയിച്ചു.

ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു സംഭവം നടക്കുന്നതെന്ന് മന്ത്രിസഭായോഗത്തിനുശേഷം അദ്ദേഹം പത്രലേഖകരോട് പറഞ്ഞു. ഒഴിവുകളുടെ വിവരം ഉടൻ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കളക്ടർമാർക്കും വകുപ്പ് സെക്രട്ടറിമാർക്കും സർക്കാർ നിർദേശം നൽകിയിരുന്നു. അതവർ ഫലപ്രദമായി നടപ്പാക്കുകയും ചെയ്തു. ബാക്കിയുള്ളത് ഉടൻ റിപ്പോർട്ട് ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്.

- ഇൻഫോ പാർക്ക് വിട്ടു കൊടുക്കാതെ സ്മാർട്ട്സിറ്റി പദ്ധതി.
- കാർഷിക കടാശ്വാസത്തിന് നടപടികൾ.
- ആത്മഹത്യ ചെയ്ത കർഷക രുടെ കടങ്ങൾ എഴുതിത്തള്ളി.
- ആദിവാസികളെ കുടിയിറക്കില്ല.
- മത്സ്യത്തൊഴിലാളികൾക്ക് ട്രോളിങ് കാലത്ത് സൗജന്യ റേഷൻ.
- വനംകൊള്ള തടയാൻ ഓർഡിനൻസ്.
- പരമ്പരാഗത വ്യവസായ ങ്ങളെയും പ്ലാന്റേഷൻ മേഖലയെയും പുനരുദ്ധരിക്കും.

സുകളിൽ പ്രതികളെ രക്ഷിക്കാനാണ് യു.ഡി.എഫ്. സർക്കാർ പാടുപെട്ടത്. അത്തരം കേസുകളിൽ പുന:പരിശോധന നടത്തി വേണ്ടിവന്നാൽ തുടർ നടപടികളിലേക്ക് നീങ്ങുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. നിയമ പരമായി അതിനുള്ള നടപടികൾ ആരം ഭിച്ചു. ഐസ്ക്രീം കേസുമായി ബന്ധപ്പെട്ട് മുൻമന്ത്രി കുഞ്ഞാലിക്കുട്ടിയുടെ പ്രതികര ണമറിയാൻ കരിപ്പൂർ വിമാനത്താവളത്തിലെ ത്തിയ മാധ്യമപ്രവർത്തകരെ, വനിതകളെ ഉൾപ്പെടെ, പൊലീസ് തല്ലിച്ചതയ്ക്കുകയു ണ്ടായി. ആ മർദകരെ സംരക്ഷിക്കുന്ന സമീ പനമാണ് മുൻ സർക്കാർ സ്വീകരിച്ചത്. എന്നാൽ മാധ്യമപ്രവർത്തകരെ ആക്രമിച്ച പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി യെടുക്കാൻ എൽ.ഡി.എഫ്. സർക്കാർ നിർദേശം നൽകിയിരിക്കുകയാണ്.

ഒരു സർക്കാർ അധികാരത്തിൽ വന്ന് ഒന്നരമാസത്തിനകം സുപ്രധാനമായ ഒരു നിയമം കൊണ്ടുവരാൻ കഴിയുക അത്ര സാധാരണമല്ല. എന്നാൽ അതിവേഗം തന്നെ അത് യാഥാർഥ്യമായിരിക്കുന്നു. ഉന്നത വിദ്യാ ഭ്യാസ മേഖലയെ വാണിജ്യവത്കരിച്ചു എന്ന താണ് അഞ്ചുവർഷത്തെ യുഡിഎഫ് ഭര ണത്തിൻെറ പ്രധാനപ്പെട്ട നീക്കിബാക്കി. കാർഷികമേഖലയെപ്പോലെ വിദ്യാഭ്യാസ മേ ഖലയെയും ആത്മഹത്യാ കേന്ദ്രമാക്കി മാ റ്റാനാണ് യുഡിഎഫ് ശ്രമിച്ചത്. നൂറുകണ ക്കിന് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ച് കോഴ വാങ്ങിക്കൂട്ടുകയാണവർ ചെയ്തത്. പാവപ്പെട്ട പട്ടികവിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപ ക്ഷങ്ങൾക്കുമെല്ലാം ഭരണഘടനാദത്തമായ സംവരണാനുകൂല്യം പോലും സ്വാശ്രയ സ്ഥാപനത്തിൽ ലഭ്യമല്ലാത്ത സ്ഥിതിയു ണ്ടാക്കി.

ഈ നീറുന്ന പ്രശ്നം പരിഹരിക്കാൻ നിയമം പാസാക്കാൻ കഴിഞ്ഞുവെന്നത് മഹ ത്തായ കാര്യമായി ഈ നാട്ടിലെ ജനങ്ങൾ കണക്കാക്കുമെന്ന് ഉറപ്പാണ്. എന്നാൽ ആ നിയമത്തെ തുരങ്കം വയ്ക്കാൻ വിദ്യാഭ്യാസ കച്ചവട ശക്തികൾക്ക് ഒത്താശചെയ്തു കൊടുക്കുന്ന ദുഷ്ടശക്തികൾ അവരുടെ പ്രവൃത്തി തുടരുന്നു.

വിദ്യാഭ്യാസ കച്ചവടക്കാരുടെ ദല്ലാൾ പ്പണി നിർത്തി, സ്വാശ്രയ വിദ്യാഭ്യാസ രംഗ ത്ത് സാമൂഹികനീതി ഉറപ്പാക്കാൻ പര്യാപ് തമായ നിയമം നടപ്പാക്കാൻ ശ്രമിക്കുകയാണ് സർക്കാർ. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാ നിടയുള്ള എതിർപ്പുകളെ അതിജീവിക്കാൻ സർക്കാരിനോട് സഹകരിക്കുന്ന സമീപനം പ്രതിപക്ഷം സ്വീകരിക്കുമെന്ന് പ്രത്യാശി ക്കുന്നു.

ഐക്യജനാധിപത്യമുന്നണി സർക്കാർ പ്രത്യക്ഷമായും പരോക്ഷമായും നിയമന നിരോധനം ഏർപ്പെടുത്തി തൊഴിൽരഹി തരെ വഞ്ചിക്കുകയായിരുന്നു. പതിനഞ്ച് ലക്ഷം പേർക്ക് തൊഴിൽ വാഗ്ദാനം ചെയ്ത് വഞ്ചന നടത്തുകയായിരുന്നു. സർക്കാർ സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ ഉടനടി നികത്തണമെന്നും ഓരോ സ്ഥാപനത്തിലെ യും ഒഴിവുകൾ രണ്ടാഴ്ചക്കകം റിപ്പോർട്ട് ചെയ്ത് നിയമന നടപടി ത്വരിതപ്പെടുത്ത ണമെന്നും ഈ സർക്കാർ ഉത്തരവ് നൽകി ക്കഴിഞ്ഞു. ഈ മാറ്റത്തെ പ്രതിപക്ഷം കണ്ടി ല്ലെന്നു നടിച്ചാലും ജനങ്ങൾ സഹർഷം സ്വാ ഗതം ചെയ്യുമെന്നുറപ്പാണ്.

സംസ്ഥാനത്തിൻെറ ഭൂമിയും മറ്റ് പ്രകൃതി വിഭവങ്ങളും ചുളുവിലയ്ക്കും വില യില്ലാതെയും അന്യാധീനപ്പെടുത്താനും അതുവഴി സ്വകാര്യമായി കോടിക്കണക്കിന് രൂപ സമ്പാദിക്കാനുമാണ് യുഡിഎഫ് ഭര ണക്കാർ ശ്രമിച്ചത്. സ്മാർട്ട് സിറ്റിയുടെ കാര്യ ത്തിൽ അതിനുള്ള ശ്രമമാണ് നടന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനകര മായ പൊതുമേഖലാസ്ഥാപനമായ ഇൻഫോ പാർക്ക് തീറെഴുതികൊടുക്കാൻ അവർ സ മ്മതിച്ചു. എന്നാൽ ഇൻഫോ പാർക്ക് വിട്ടു കൊടുക്കില്ലെന്നു മാത്രമല്ല, കൂടുതൽ സ്ഥലം അക്വയർ ചെയ്ത് ഈ സ്ഥാപന ത്തെ വിപുലപ്പെടുത്തുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ചു.

# കാർഷിക

നിരാലംബരായ കൃഷിക്കാരുടെ കട ങ്ങൾ എഴുതിത്തള്ളുന്നതുൾപ്പെടെയുള്ള നടപടികൾക്ക് അധികാരമുള്ള കടാ ശ്വാസ കമ്മിഷൻ ഏതാനും ദിവസ ങ്ങൾക്കകം നിലവിൽ വരുമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അറിയിച്ചു.

കടാശ്വാസത്തിന്റെ കാര്യത്തിൽ എൽ.ഡി.എഫ് സർക്കാർ ആദ്യം പറഞ്ഞ വാക്ക് ഇപ്പോൾ മാറ്റുകയാ ണെന്ന് ചില കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണം അവാസ്തവമാണ്.

ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുമെന്നും കടക്കെ ണിയിൽ അകപ്പെട്ട കൃഷിക്കാരെ അതിൽ നിന്നും മോചിപ്പിക്കാൻ കഴി യുന്ന നടപടികളെല്ലാം സ്വീകരിക്കു മെന്നും ഇടതു ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പ് കാലത്ത് വാഗ്ദാനം ചെയ്തിരുന്നു. അധികാരത്തിലെത്തിയ ദിവസം തന്നെ ആ വാഗ്ദാനം പാലി ക്കാൻ നടപടി എടുത്തു. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാൻ ഉത്തരവിട്ടു. തുടർന്ന് ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലും ധനമന്ത്രി അവതരി

സ്മാർട്ട്സിറ്റി പദ്ധതിക്ക് സർക്കാർ എതിരല്ല. പക്ഷേ, അവർക്ക് ഇൻഫോ പാർക്ക് നൽകില്ല. നിർദിഷ്ട പദ്ധതി പ്രദേ ശത്തിന് പുറത്തെ നിർമാണപ്രവർത്തന ങ്ങൾക്ക് അവരുടെ അനുമതി വേണമെന്ന നിബന്ധന അംഗീകരിക്കാനാവില്ലെന്ന് ഞങ്ങൾ വ്യക്തമാക്കി.

സംസ്ഥാന താത്പര്യം മുൻനിർത്തി യുള്ള നിബന്ധനകളാണ് സർക്കാർ മു ന്നോട്ടുവച്ചിട്ടുള്ളത്. ആ അടിസ്ഥാനത്തിൽ ദുബായ് ഇന്റർനെറ്റ് സിറ്റിക്കാരുമായി ചർച്ച ചെയ്യാൻ സന്നദ്ധമാണെന്ന് അവരെ അറി യിച്ചിട്ടുണ്ട്.

ഇടതുപക്ഷം അധികാരത്തിലെത്തി യാൽ ഇവിടേക്ക് നിക്ഷേപം വരില്ല, വ്യവ സായങ്ങൾ വരില്ല എന്നാണ് തെരഞ്ഞെടുപ്പ് കാലത്ത് ആക്ഷേപിക്കപ്പെട്ടത്. അങ്ങനെ ആക്ഷേപിച്ചവർ വലിയ വായ്ത്താരികൾ മു ഴക്കിയെങ്കിലും അഞ്ച്കൊല്ലം കൊണ്ട് നി ക്ഷേപമോ പുതിയ വ്യവസായമോ വന്നില്ലെ ന്ന് പരക്കെ അറിവുള്ളതാണ്. എന്നാൽ ഭാ വി അങ്ങനെയായിരിക്കില്ല. ഇതിനകം തന്നെ നിരവധി സംരംഭകർ വ്യവസായരംഗത്ത്, പ്രത്യേകിച്ച് ഐടി വ്യവസായ രംഗത്ത് മുതൽമുടക്കാനുള്ള സന്നദ്ധതയുമായി

# കടാശ്വാസ കമ്മിഷൻ ഉടൻ



പ്പിച്ച ബജറ്റിലും കാർഷിക കടാശ്വാസത്തിനുള്ള വ്യക്തമായ നിർദേശങ്ങളാണുള്ളത്.

കാർഷിക കടാശ്വാസകമ്മിഷന് 100 കോടി രൂപയും വിലസ്ഥിരത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള കാർഷിക കമ്മിഷന് 56 കോടി രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കടക്കെണിയിൽ നിന്നും കൃഷിക്കാരെ രക്ഷിക്കാൻ വേണ്ട നടപടികൾ കടാശ്വാസകമ്മിഷൻ സമയബന്ധിതമായി കൈക്കൊള്ളും. കടാശ്വാസ കമ്മിഷന് ഏതെങ്കിലും പ്രദേശത്തെയോ വിളയെയോ കാർഷിക ദുരിതബാധിതമായി പ്രഖ്യാപിക്കാൻ അധികാരമുണ്ടാകും. അത്തരം പ്രദേശങ്ങളിൽ അഥവാ വിളകളുടെ കാര്യത്തിൽ കടം എഴുതിത്തള്ളുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യും. അത് സർക്കാർ നേരിട്ട് പൊതുവായ ഉത്തരവിലൂടെ ചെയ്യുന്നതല്ല. കടക്കെണിയിൽ അകപ്പെട്ട കൃഷിക്കാർക്ക് കടാശ്വാസ കമ്മീഷനെ സമീപിക്കാനാവും. കടത്തിന്റെ സ്വഭാവം പരിശോധിച്ചും, കൃഷിനാശമോ നഷ്ടമോ ഉണ്ടായോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തിയും കടമെടുത്ത ആളിന്റെ ധനസ്ഥിതി പരിഗണിച്ചും വിവിധ നടപടികൾ കമ്മിഷൻ കൈക്കൊള്ളും. ഒറ്റത്തവണ തീർപ്പാക്കൽ, പലിശ ഇളവ് ചെയ്യൽ, മുതൽ തിരിച്ചടവിൽ കുറവ് വരുത്തൽ, മൊറട്ടോറിയം പ്രഖ്യാപിക്കൽ, കടം എഴുതിത്തള്ളൽ തുടങ്ങിയ നടപടികളിലൂടെ കൃഷിക്കാരെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ ശ്രമിക്കും. അത് ഓരോ കേസും പരിഗണിച്ചാണ് ചെയ്യുക. അതിന് പുറമെ പലിശ ഇളവ് ചെയ്യൽ, പിഴപ്പലിശ ഒഴിവാക്കൽ, കാർഷിക കടങ്ങളുടെ പലിശ ഗണ്യമായി കുറച്ചു കൊണ്ടുവരൽ എന്നിങ്ങനെയുള്ള നടപടികൾക്കും തുടക്കം കുറിച്ചിരിക്കുകയാണെന്ന് മുഖ്യമന്ത്രി അറിയിച്ചു. ■

എന്നെ സന്ദർശിച്ച് ചർച്ച നടത്തിക്കഴിഞ്ഞു. അഞ്ച് കൊല്ലത്തിനകം രണ്ട് ലക്ഷം പേർക്ക് ഐടി മേഖലയിൽ മാത്രം തൊഴിൽ ലഭ്യമാക്കാൻ പര്യാപ്തമായ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ പ്രാരംഭനടപടി തുടങ്ങിക്കഴിഞ്ഞു.

കൃഷിയെപ്പോലെതന്നെ പരമ്പരാഗത വ്യവസായങ്ങളും സംസ്ഥാനത്തിന്റെ ജീവൽ പ്രധാനമായ പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടുകയും ആ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികളെ പണിയില്ലാതാക്കുകയും പട്ടിണിയിലേക്ക് തള്ളിയിടുകയുമാണ് യുഡിഎഫ് സർക്കാർ ചെയ്തത്.

കാർഷികമേഖലയെപ്പോലെ ആ മേഖലയിലും പ്രതീക്ഷയുടെ വെളിച്ചം തൂകാൻ എൽഡിഎഫ് സർക്കാരിന് ഇതിനകം തന്നെ കഴിഞ്ഞു. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം തുടങ്ങി എല്ലാ പരമ്പരാഗത വ്യവസായങ്ങളെയും പ്ലാന്റേഷൻ മേഖലയെയും പുനരുദ്ധരിക്കാൻ ബജറ്റിൽ വ്യക്തമായ പദ്ധതികളുണ്ട്; അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും.

ട്രോളിങ് കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾ കഴിഞ്ഞ പതിനെട്ട് വർഷമായി ആശ്വാസനടപടികൾക്കായി ആവശ്യപ്പെടുന്നു. ആവശ്യമനുസരിച്ച് നാൽപതിനായിരം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ട്രോളിങ് കാലത്ത് സൗജന്യ റേഷൻ അനുവദിച്ചിരിക്കുകയാണിപ്പോൾ.

സ്വാശ്രയ നിയമത്തിനുപുറമെ ചില ഓർഡിനൻസുകൾ പുതുക്കുകയും ചില ഓർഡിനൻസുകൾ പുതുക്കാതിരിക്കുകയും രണ്ട് പുതിയ ഓർഡിനൻസുകൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. വൻതോതിൽ വനം കൊള്ള നടത്തുന്നതിന് വഴിയൊരുക്കിയ യുഡിഎഫ് സർക്കാരിന്റെ നിലപാട് തിരുത്താൻ പുതിയ ഓർഡിനൻസ് കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

മറ്റ് സമുദായത്തിൽപ്പെട്ടവരെ കല്യാണം കഴിച്ച പട്ടികജാതിയിൽപ്പെട്ട സ്ത്രീയുടെ മക്കൾക്ക് സംവരണാനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുകയായിരുന്നു. നൂറുകണക്കിന് കുട്ടികൾക്ക് അതിനാൽ ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അക്കാര്യത്തിൽ യുഡിഎഫ് സർക്കാർ ഒന്നും ചെയ്തില്ല. എന്നാൽ ആ അന്യായത്തിന് പരിഹാരം കാണാൻ എൽഡിഎഫ് സർക്കാർ ഓർഡിനൻസ് കൊണ്ടുവരുന്നു.

ഇങ്ങനെ എല്ലാ മേഖലയിലും യുഡിഎഫ് കാലത്ത് നിലനിന്ന അന്യായവും നൈരാശ്യവും മന്ദതയും അകറ്റി നവോന്മേഷം പകരാൻ ഏതാനും ആഴ്ചകൾകൊണ്ടുതന്നെ എൽഡിഎഫ് സർക്കാർ നടപടി സ്വീകരിച്ചുകഴിഞ്ഞു. യുഡിഎഫ് ഭരണകാലത്ത് നടന്ന അന്യായങ്ങൾക്കും അഴിമതികൾക്കും എതിരായ അതിശക്തമായ നടപടികൾക്കും തുടക്കമിട്ടുകഴിഞ്ഞു. കേരളത്തിന്റെ നീറുന്ന പ്രശ്നങ്ങളാണ് പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഞാനും എന്റെ പാർട്ടിയും ഇടതുപക്ഷപ്രസ്ഥാനങ്ങളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉയർത്തിക്കൊണ്ടുവന്നതും ഇപ്പോൾ അധികാരം ലഭിച്ച സാഹചര്യത്തിൽ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതും.

എല്ലാവിധത്തിലുള്ള സഹായങ്ങൾ നൽകിയും നിർദേശങ്ങളും വിമർശനങ്ങളും ശ്രദ്ധയിൽകൊണ്ടുവന്നും നാടിന്റെ പുരോഗതിക്ക് വേണ്ടിയുള്ള ശ്രമങ്ങളോട് കക്ഷിഭേദമെന്യെ എല്ലാവരും സഹകരിക്കുമെന്ന് ആശിക്കുന്നു. ■

വി.എസ്. അച്യുതാനന്ദൻ

## കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമം

# കബളിപ്പിക്കലുകളി



സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ 1995-ൽ ആരംഭിച്ചതോടെ വലിയൊരു വിവാദവും തുടങ്ങി. നിയമരംഗത്തും സാമൂഹികരംഗങ്ങളിലാകെയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോളിളക്കം സൃഷ്ടിച്ചു. അടുത്തൊന്നും അത് അടങ്ങുമെന്ന് കരുതാനും വയ്യ. ആഗോളവത്കരണ സാമ്പത്തികനയങ്ങളുടെ ഫലമായി ഉന്നതവിദ്യാഭ്യാസം ഉന്നതമായ ഫീസും സംഭാവനയും കൊടുക്കുന്നവർക്ക് മാത്രം എന്ന മട്ടിലായി. വലിയ എതിർപ്പുകളുണ്ടായെങ്കിലും കേരളത്തിലടക്കം സ്വാശ്രയസ്ഥാപനങ്ങൾ യാഥാർത്ഥ്യമായി.

വാസ്തവത്തിൽ സംഭവിച്ചതെന്താണ്?

രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്ന സമവാക്യം അവതരിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കൽ; ചോദിക്കുന്നവർക്കെല്ലാം സ്വാശ്രയ കോളേജ് തുടങ്ങാൻ എൻ.ഒ.സി. നൽകുകയും വിദ്യാഭ്യാസ കച്ചവടത്തിന് സമ്പൂർണ ലൈസൻസ് നൽകുകയും. അന്ന് കേരളം ഉന്നതവിദ്യാഭ്യാസത്തിന്റെ തലസ്ഥാനമാകാൻ പോകുന്നു, യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നുമടക്കം വിദ്യാർത്ഥികൾ കേരളത്തിലേക്ക് വരാൻ പോകുന്നു എന്നാണ് മുഖ്യമന്ത്രിയായിരുന്ന ആന്റണിയും യു.ഡി.എഫ്. കൺവീനറായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടിയും അവകാശപ്പെട്ടത്. കേരളത്തിന് വിദേശനാണ്യം കൂട്ടുന്ന ഒരുത്പന്നമാണ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസം എന്നായിരുന്നു അവകാശവാദം. എന്നാൽ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന സമവാക്യം പൂർണമായി പരാജയപ്പെട്ടു. പട്ടികജാതി-പട്ടികവർഗ വിഭാഗം ഉൾപ്പെടെ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർക്ക് ഒരുവിധ സംവരണവും ഫീസാനുകൂല്യവും ലഭിക്കാത്ത സാഹചര്യമായിരുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തെ വരേണ്യവത്കരിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്തു. കാർഷിക മേഖലയെപ്പോലെ ഉന്നതവിദ്യാഭ്യാസ രംഗവും നൈരാശ്യത്തിന്റെയും ആത്മഹത്യയുടെയും വേദിയാവുന്ന കാഴ്ചയാണ് മുൻ ഭരണകാലത്ത് നാം കണ്ടത്.

വിദ്യാഭ്യാസ കച്ചവടത്തിനെതിരെയും സാമൂഹിക നീതി നിഷേധത്തിനെതിരെയും സമരം ചെയ്ത വിദ്യാർത്ഥികളെ തെരുവിലിട്ട് തല്ലിച്ചതയ്ക്കുകയാണ് അന്നത്തെ സർക്കാർ ചെയ്തത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൊണ്ടുവന്ന സ്വാശ്രയവിദ്യാഭ്യാസ നിയമത്തെ എതിർക്കുന്നവർ എന്തിന്റെ പേരിലാണ് അതിനെ എതിർക്കുന്നതെന്ന് ഇനിയെങ്കിലും വ്യക്തമാക്കണം. ബിൽ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം അതിനെ പിന്തുണച്ചതാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ന്യൂനപക്ഷ പദവിക്കാര്യത്തിൽ ഇപ്പോൾ എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ച അതേ നിലപാട് തന്നെയാണ് മുമ്പ് യു.ഡി.എഫ് സർക്കാരും സ്വീകരിച്ചതെന്ന് ഉമ്മൻചാണ്ടി തന്നെ കഴിഞ്ഞ ദിവസം വ്യക്തമാക്കുകയുണ്ടായി. അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ലെന്ന്



# ൽ നിന്ന് മോചനം

സാരം. എന്നാൽ അന്ന് ന്യൂനപക്ഷപദവിയെ എതിർത്ത, യു.ഡി.എഫ് സർക്കാരിന്റെ ഭാഗമായിരുന്ന, ഇപ്പോൾ ന്യൂനപക്ഷപദവി വേണമെന്ന് വാദിക്കുന്ന ചിലർ തന്നെ രഹസ്യമായി അതിനെ പിന്താങ്ങുന്നു. ചിലർ പരസ്യമായി ഒരു നിലപാടെടുക്കുകയും പരോക്ഷമായി അതിന് കടകവിരുദ്ധമായ സമീപനം സ്വീകരിക്കുകയും ചെയ്യുന്നു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്ന തത്ത്വം അംഗീകരിക്കാമെന്ന് സമ്മതിച്ചതിനാലാണ് സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. നൽകിയതെന്നും എന്നാൽ അവർ പിന്നീട് കബളിപ്പിക്കുകയായിരുന്നുവെന്നും മുൻ മുഖ്യമന്ത്രി എ.കെ.ആന്റണി പശ്ചാത്താപപ്രകടനം നടത്തുകയുമുണ്ടായി. അന്ന് ആന്റണിയെ കബളിപ്പിച്ച മാനേജ്മെന്റുകൾക്ക് വേണ്ടിയാണ് ഇപ്പോഴും ഉമ്മൻചാണ്ടിയും മറ്റും നിലകൊള്ളുന്നത്. ഇതിനർത്ഥം അന്ന് സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരിനെ കബളിപ്പിക്കുകയായിരുന്നില്ല, ഇരുകൂട്ടരും ചേർന്ന് ജനങ്ങളെ കബളിപ്പിക്കുകയായിരുന്നുവെന്നാണ്.



പുതിയ നിയമത്തിനെതിരായ സ്ഥാപിത താത്പര്യക്കാരുടെ സമരം സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്കെതിരെയും വിദ്യാർത്ഥികൾക്കെതിരെയുമുള്ള കടന്നാക്രമണമാണ്.

പുതിയ നിയമത്തിനെതിരായ സമരത്തിലൂടെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കെതിരെയും വിദ്യാർത്ഥികൾക്കെതിരെയും കടന്നാക്രമണം നടത്തുകയാണ് സ്ഥാപിത താത്പര്യക്കാർ ചെയ്യുന്നത്. മുൻ ഭരണകാലത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സംവരണ തത്ത്വം നിഷ്കർഷിച്ചിരുന്നില്ല. ഉയർന്ന ഫീസ് കൊടുക്കേണ്ടി വന്നു. അതുവഴി സാമൂഹിക നീതി നിഷേധിക്കപ്പെട്ടു.

എന്നാലിപ്പോൾ അംഗീകരിച്ച നിയമം സാമൂഹിക നീതി ഉറപ്പാക്കുന്നു. പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും അർഹമായ സീറ്റ് സംവരണം ചെയ്തു. സംവരണ സീറ്റിൽ പ്രവേശനം ലഭിക്കുന്നവർക്ക് മുഴുവൻ സർക്കാർ കോളേജുകളിലെ ഫീസ് മതിയെന്ന് തീരുമാനിച്ചു.

അതായത് അമ്പത് ശതമാനം സീറ്റിലും സർക്കാർ ഫീസ്. മുൻ ഭരണകാലത്ത് മുഴുവൻ സീറ്റിലും കെ.ടി. തോമസ് കമ്മിറ്റി ശുപാർശ ചെയ്ത ഉയർന്ന ഫീസ് ആണ് ഈടാക്കിയത്. അന്ന് അതിനെതിരെ ചെറുവിരലനക്കാൻ ഇപ്പോൾ എതിർക്കുന്നവർ തയ്യാറായില്ലെന്നത് ആരും മറന്നിട്ടില്ല.

സ്വാശ്രയപ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റിന് പതിനഞ്ച് ശതമാനം പ്രിവിലേജ് സീറ്റ് അനുവദിച്ചതിനെതിരെയാണ് അടുത്തയിടെ ഒരു വിദ്യാർത്ഥി സംഘടന സമരവുമായി രംഗത്ത് വന്നത്. എന്നാൽ മുൻഭരണകാലത്ത് നൂറുശതമാനം സീറ്റും മാനേജ്മെന്റിന്റെ പ്രിവിലേജ് സീറ്റായിരുന്നു എന്ന കാര്യം അവർ സൗകര്യപൂർവം വിസ്മരിക്കുന്നു. ■



തയ്യാറാക്കിയത് **ആർ. വേണുഗോപാൽ**



**കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമം ഉയർത്തിയ എല്ലാ വിമർശനങ്ങൾക്കും വിശദമായ മറുപടി നൽകുകയാണ് വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി. മാനേജ്മെന്റുകൾക്ക് നഷ്ടം സംഭവിക്കാതെ ദരിദ്രർക്കും ഇടത്തരക്കാർക്കും പട്ടികജാതി പട്ടികവർഗ പിന്നോക്കവിഭാഗക്കാർക്കും ശാരീരിക വ്യത്യസ്തതയുള്ളവർക്കും (physically challenged) കലാകായിക പ്രതിഭകൾക്കും രാജ്യത്താദ്യ മായി സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളുടെ കവാടങ്ങൾ തുറന്നിടുകയാണ് ഈ നിയമം.**

# സ്വാശ്രയ രംഗത്തെ സാമൂ

സംസ്ഥാനത്തിന്റെ സുദീർഘമായ വിദ്യാഭ്യാസ പാരമ്പര്യത്തിന്റെ അന്തസ്സ് ഉയർത്തുന്ന നിയമനിർമാണം നടത്തിയിരിക്കുകയാണ് 2006-ലെ സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിലൂടെ ഇടതുമുന്നണി സർക്കാർ. കഴിഞ്ഞ ഭരണകാലത്ത് പണക്കാരുടെ മണിമേടകളിൽ തളച്ചിട്ടിരുന്ന ഉന്നതവിദ്യാഭ്യാസമേഖലയെ ഈ നിയമം ദരിദ്രർക്കും സമൂഹത്തിന്റെ പിൻപുറങ്ങളിൽ തമസ്കരിക്കപ്പെട്ടവർക്കും കൂടി പ്രാപ്യമാക്കിയിരിക്കുകയാണ്. ഭൂരിപക്ഷം സീറ്റുകളിലും സർക്കാർഫീസ് ഏർപ്പെടുത്തുന്നതോടെ രക്ഷാകർത്താക്കൾക്ക് ഓരോ വർഷവും കുറയുന്നത് പതിനായിരക്കണക്കിന് രൂപയുടെ സാമ്പത്തിക ഭാരമാണ്. എം.ബി.ബി.എസ്സിന് ഒരു ലക്ഷം രൂപ, ബി.എസ്.സി. നഴ്സിംഗിന് അമ്പതിനായിരം രൂപ, എഞ്ചിനീയറിംഗിന് അറുപതിനായിരം രൂപ തുടങ്ങിയ തോതിലാണ് സ്വാശ്രയ-സർക്കാർ ഫീസ് നിരക്കുകളിലെ വ്യത്യാസം അനുഭവപ്പെടുക.

ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ ഫീസ് നൽകാനില്ലാതെ, ആഗ്രഹിച്ച ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക്

രണ്ട് തരത്തിൽ താങ്ങും തണലുമാവുകയാണ് പുതിയ സ്വാശ്രയ നിയമം. ഒന്ന്, അവർക്ക് അപ്രാപ്യമായിരുന്ന സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നു. രണ്ട്, ഫീസ് കെട്ടാൻ പണമില്ലാത്തതിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുകയോ പഠനം മതിയാക്കുകയോ ചെയ്യേണ്ടി വരുന്നില്ല. ഇല്ലായ്മകൾ ഉറക്കം കെടുത്താത്ത നല്ല നാളെയുടെ തുടക്കം കുറിക്കുകയാണ് 2006-ലെ സ്വാശ്രയനിയമം.

പല കാര്യങ്ങളിലും വിപ്ലവകരമാണ് സ്വാശ്രയനിയമം. അത് സ്വകാര്യസ്വാശ്രയ കോളേജുകളിൽ രാജ്യത്ത് ആദ്യമായി സംവരണം ഏർപ്പെടുത്തി; ഒപ്പം സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തിക പരാധീനർക്കും. പഠനസഹായം ആവശ്യമുള്ളവർക്കായി ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നിധി ഏർപ്പെടുത്തി. രാജ്യത്താദ്യമായി ന്യൂനപക്ഷാവകാശങ്ങളെ ഭരണഘടനാനുസൃതം സ്പഷ്ടമായി നിർവചിച്ചിരിക്കുന്നു. അത് ഭൂരിപക്ഷം അനുഭവിക്കുന്ന അവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്ക് ഉറപ്പു വരുത്തുന്നു. അതിൽ ഒട്ടും കുറവുമില്ല, കൂടുതലുമില്ല.

**ന്യൂനപക്ഷം**

വിമർശനങ്ങൾ വിചിത്രമായ വഴികളിലൂടെയാണ് കടന്നു വരുന്നത്. ആദ്യം പറഞ്ഞു, ബിൽ ന്യൂനപക്ഷപ്രീണനമാണെന്ന്. ഇപ്പോൾ പറയുന്നു, ന്യൂനപക്ഷവിരുദ്ധമാണെന്ന്. സർക്കാർ പറയുന്നു, ജനങ്ങൾക്ക് വേണ്ടിയുള്ള നിയമമാണെന്ന്.

**തലവരിപ്പണം**

പുതിയ നിയമം തലവരിപ്പണം നിരോധിക്കുന്നതിനു മുൻപ് തലവരിപ്പണം അഥവാ കോഴപ്പണം പിരിക്കുന്നതിനെ ശക്തമായി എതിർത്ത ചില കേന്ദ്രങ്ങൾ തന്നെയാണ് ഇപ്പോൾ അത് പിരിക്കണമെന്ന് മുറവിളി കൂട്ടുന്നത്.

**സാമൂഹിക നീതി**

എൻട്രൻസ് പരിശീലനത്തിന്റെ ബ്രോയിലർ ഫീഡിംഗിലൂടെ കുറെ ധനികർ കുത്തകയാക്കി വച്ചിരുന്ന സ്വാശ്രയ ഉന്നത വിദ്യാഭ്യാസ മേഖലയെ സാധാരണക്കാർക്ക് കൂടി പ്രാപ്യമാക്കിയിരിക്കുന്നു.

**ജനവിധി**

സ്വാശ്രയക്കൊള്ള തടയുമെന്ന തെരഞ്ഞെടുപ്പുവാഗ്ദാനം നടപ്പാക്കുകയാണ് സർക്കാർ. പുതിയ നിയമം മാനേജ്മെന്റുകൾക്ക് എതിരല്ല. സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള ന്യായമായ സാഹചര്യങ്ങൾ നിയമം പരിരക്ഷിക്കുന്നുണ്ട്.

അപ്പോഴും ഉറക്കം കെടുന്ന ഒരു കൂട്ടരെ വിസ്മരിക്കാനാവുകയില്ല-വിദ്യാഭ്യാസ കച്ചവടക്കാരെ. പുതിയ നിയമം വിദ്യാഭ്യാസ കച്ചവടക്കാർക്ക് ക്രമക്കേട് കാട്ടാനുള്ള പഴുതുകൾ അടയ്ക്കുകയാണ്, അവർക്ക് കൂച്ചുവിലങ്ങ് ഇടാൻ ഉദ്ദേശിച്ചുള്ളതാണ്. എതിർപ്പും എതിർ പ്രചാരണവും മാത്രമല്ല, തെറ്റിദ്ധാരണകളും അതുകൊണ്ട് തന്നെ അരങ്ങുകൊഴുപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ ഉയർന്നിട്ടുള്ള വിമർശനങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി എം.എ. ബേബി മറുപടി പറയുകയാണ് ഇവിടെ.

**ന്യൂനപക്ഷേതര പ്രൊഫഷണൽ കോളേജുകളിൽ മാത്രമേ 93-ാം ഭരണഘടനാ ഭേദഗതി സംവരണം നിർദേശിച്ചിട്ടുള്ളൂ. എന്നാൽ കേരളനിയമം ന്യൂനപക്ഷ കോളേജുകളിൽ കൂടെ സംവരണം ഉദ്ദേശിക്കുന്നു. ഇത് ഭരണഘടനാ വിരുദ്ധമല്ലേ?**

പ്രൊഫഷണൽ കോളേജുകളെ മാത്രം ബാധിക്കുന്നതല്ല 93-ാം ഭരണഘടനാ ഭേദഗതി. ന്യൂനപക്ഷ പദവി ഉള്ളവ ഒഴിച്ച് സ്വകാര്യ മേഖലയിലേതടക്കം മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാണത്. പട്ടികജാതി, പട്ടികവർഗങ്ങളിൽപ്പെട്ടവർക്കും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കും അവയിൽ സംവരണം ഉറപ്പുനൽകുന്നതാണ് ഈ ഭരണഘടനാ ഭേദഗതി.



# ഹിക വിപ്ലവം

**പ്രാർത്ഥന**

തലവരിപ്പണം ഇല്ലാത്ത, മെരിറ്റ് സീറ്റിൽ ഉയർന്ന ഫീസ് ഇല്ലാത്ത, പിന്നോക്കക്കാർക്കും ദരിദ്രർക്കും അവശജനവിഭാഗങ്ങൾക്കും ഉന്നതവിദ്യാഭ്യാസം പ്രാപ്യമാക്കിയ, സ്കോളർഷിപ്പിന് പ്രത്യേക നിധി ഏർപ്പെടുത്തിയ, വിദ്യാഭ്യാസ കച്ചവടക്കാരുടെ തന്നിഷ്ടങ്ങൾക്ക് കൂച്ചുവിലങ്ങിട്ട സ്വാശ്രയനിയമം നടപ്പാക്കാതിരിക്കാനല്ല വിശ്വാസികൾ പ്രാർത്ഥിക്കേണ്ടത്, മറിച്ച് നടപ്പായിക്കിട്ടാൻ വിശ്വാസികളും അവിശ്വാസികളും ഒത്തുചേർന്ന് പ്രാർത്ഥിക്കുകയാണ് വേണ്ടത്.

സ്വകാര്യന്യൂനപക്ഷ പ്രൊഫഷണൽ കോളേജുകളിൽ മുഴുവൻ സീറ്റും അതത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യണമെന്ന് സുപ്രീം കോടതി പറയുന്നില്ല. 50 ശതമാനമെങ്കിലും സീറ്റ് സംവരണം ചെയ്യണമെന്നേ നിർദേശിച്ചിട്ടുള്ളൂ. ബാക്കി സീറ്റുകളിൽ മറ്റ് സമുദായക്കാരെ മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കാമെന്നാണ് കോടതി നിർദേശം.

ഇതിന്റെ വെളിച്ചത്തിൽ ന്യൂനപക്ഷേതര വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാവുന്ന സീറ്റുകൾ 50 ശതമാനത്തിൽ താഴെ വരും. അവയിൽ 18 ശതമാനം വരെ സീറ്റുകളിൽ സംവരണ വിഭാഗത്തിൽ നിന്നും മെരിറ്റ് വിഭാഗത്തിൽ നിന്നുമുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് കേരള പ്രൊഫഷണൽ കോളേജ് നിയമം നിർദേശിക്കുന്നു. ഇതുതന്നെ സർക്കാരും മാനേജ്മെന്റും

തമ്മിലുള്ള ഉഭയകക്ഷിധാരണ പ്രകാരമായിരിക്കും. ഇതിൽ ഭരണഘടനാവിരുദ്ധമായി ഒന്നുമില്ല. ന്യൂനപക്ഷസംരക്ഷണം നൽകുന്ന ഭരണഘടനാവ്യവസ്ഥയ്ക്കകത്തു നിന്നുകൊണ്ട് സാമൂഹിക നീതി ഉറപ്പുവരുത്താനാണ് നിയമത്തിൽ ശ്രമിച്ചിരിക്കുന്നത്. വിദ്യാഭ്യാസ കച്ചവടക്കാർക്കല്ലാതെ മറ്റാർക്കും ഇതിൽ എതിർപ്പുണ്ടാകാനിടയില്ല.

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന നിയമം നിർമിക്കുവാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ലെന്നാണ് എഞ്ചിനിയറിങ് കോളേജ് ഉടമസ്ഥസംഘം വാദിക്കുന്നത്. ഇത് ശരിയാണോ?**

വിദ്യാഭ്യാസം ആദ്യം സംസ്ഥാന വിഷയങ്ങളിൽപ്പെട്ടതായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് വരുത്തിയ 42-ാം ഭരണഘടനാഭേദഗതി വിദ്യാഭ്യാസത്തെ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരമുള്ള സംയുക്തപ്പട്ടികയിലാക്കി. ഇപ്പോൾ അതാണ് സ്ഥിതി.

അതനുസരിച്ച് പാർലമെന്റിനും നിയമസഭകൾക്കും വിദ്യാഭ്യാസം സംബന്ധിച്ച് നിയമനിർമാണം നടത്താം. അതിനു ഭരണഘടന തടസ്സമല്ല. ഒരേ വിഷയത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നിയമങ്ങൾ ഉണ്ടെങ്കിൽ, അവയിലെ വ്യവസ്ഥകൾ തമ്മിൽ പൊരുത്തക്കേടുണ്ടെങ്കിൽ, പാർലമെന്റ് പാസാക്കിയ വ്യവസ്ഥയ്ക്കായിരിക്കും നിയമപ്രാബല്യം.

പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച് പാർലമെന്റ് മാത്രമേ നിയമം പാസാക്കാവൂ എന്ന് ഭരണഘടനയോ കോടതികളോ പറയുന്നില്ല. പല സംസ്ഥാനങ്ങളും ഇതിനകം നിയമനിർമാണം നടത്തിയിട്ടുണ്ട് - 2004 ൽ യു.ഡി.എഫ്. സർക്കാർ ചെയ്തതുപോലെ.

കേരള പ്രൊഫഷണൽ കോളേജ് നിയമത്തിലെ വ്യവസ്ഥകൾ പാർലമെന്റ് പാസാക്കിയ നിയമവ്യവസ്ഥകൾക്കൊന്നും എതിരല്ല. അതിനാൽ എഞ്ചിനിയറിങ് കോളേജ് ഉടമസ്ഥ സംഘത്തിന്റെ വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല.

**ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച് സ്വാശ്രയനിയമത്തിലുള്ള നിർവചനം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷൻ നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന വാദം ശരിയാണോ?**

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ദേശീയ കമ്മിഷൻ നിയമം 2004ൽ നിർവചിച്ചിരിക്കുന്നത് ഇങ്ങനെയാണ്: 'ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനം എന്നാൽ ന്യൂനപക്ഷങ്ങളിൽപ്പെട്ട ഒരു വ്യക്തിയോ വ്യക്തികളോ സ്ഥാപിച്ചിട്ടുള്ള (സർവകലാശാല ഒഴികെയുള്ള) കോളേജോ സ്ഥാപനമോ' എന്നാണ്.

കേരള പ്രൊഫഷണൽ കോളേജ് നിയമത്തിൽ ന്യൂനപക്ഷ പ്രൊഫഷണൽ കോളേജ് അഥവാ സ്ഥാപനത്തെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു: ഈ നിയമത്തിൽ നിർദേശിച്ചിട്ടുള്ളതും അതനുസരിച്ച് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളതുമായ, വിവേചനം കാണിക്കാതെ മാനദണ്ഡങ്ങൾ നിറവേറ്റുന്ന, ന്യൂനപക്ഷം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്ന പ്രൊഫഷണൽ കോളേജ് അഥവാ സ്ഥാപനം.

ഭൂരിപക്ഷ സമുദായത്തിലെ പൗരന്മാർക്കുള്ള അവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്കും ഉറപ്പാക്കുന്ന തുല്യതാവകാശമാണ് ന്യൂനപക്ഷാവകാശം എന്ന് സുപ്രീംകോടതിയുടെ ഭരണഘടനാബെഞ്ചുകൾ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ന്യൂനപക്ഷത്തെ കണ്ടെത്തേണ്ടതും അതിനോട് നീതി ചെയ്യേണ്ടതും സംസ്ഥാനാടിസ്ഥാനത്തിലാണെന്നും കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൂരിപക്ഷസമുദായത്തെക്കാൾ അംഗങ്ങൾ കുറവും ജന

## കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമം - 2006

ക്യാപ്പിറ്റേഷൻ ഫീസ് നിരോധനം, പ്രവേശന നിയന്ത്രണം, ചൂഷണ വിമുക്തമായ ഫീസ് നിർണയം, പട്ടികജാതി-വർഗ വിഭാഗങ്ങൾക്കും സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വർഗങ്ങൾക്കും സീറ്റ് അനുവദിക്കൽ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ തുല്യതയ്ക്കും മികവിനുമുള്ള മറ്റ് നടപടികൾ എന്നിവ സംബന്ധിച്ച നിയമം 2006.

### പ്രവേശനരീതി

പ്രവാസി ഭാരതീയർക്ക് അനുവദിച്ചിട്ടുള്ള 15% സീറ്റുകളിലേക്ക് ഒഴികെ മുഴുവൻ സീറ്റുകളിലേക്കും പ്രവേശനം സംസ്ഥാന പ്രവേശനപരീക്ഷാകമ്മീഷണർ നടത്തുന്ന പൊതു പ്രവേശന പരീക്ഷയും തുടർന്ന് കേന്ദ്രീകൃത കൗൺസലിങ്ങും വഴി മാത്രം.

പ്രവേശന നടപടികൾക്ക് മേൽനോട്ടം വഹിക്കാനും മാർഗനിർദേശം നൽകാനും ഹൈക്കോടതി/സുപ്രീംകോടതി റിട്ട. ജഡ്ജി ചെയർപേഴ്സൺ ആയി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി. പ്രവേശന നടപടികൾ നീതിപൂർവവും സുതാര്യവും മെരിറ്റ് അടിസ്ഥാനത്തിലുള്ളതും ചൂഷണമുക്തവുമാണെന്ന് കമ്മിറ്റി ഉറപ്പുവരുത്തും. പ്രവേശന വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ച് മേൽനടപടികൾക്കായി കമ്മിറ്റി സർക്കാരിന് ശുപാർശ ചെയ്യും. 10 ലക്ഷം രൂപ വരെ പിഴ ചുമത്താൻ വ്യവസ്ഥ.

### ക്യാപ്പിറ്റേഷൻ ഫീസ്

പ്രവേശനത്തിനോ തുടർപഠനത്തിനോ ക്യാപ്പിറ്റേഷൻ ഫീസ് പിരിക്കുന്നത് നിരോധിക്കുന്നു.

### ഫീ റെഗുലേറ്ററി കമ്മിറ്റി

ഫീസ് നിർണയത്തിന് ഹൈക്കോടതി/ സുപ്രീംകോടതി റിട്ട. ജഡ്ജി ചെയർപേഴ്സൺ ആയി ഫീ റെഗുലേറ്ററി കമ്മിറ്റി. ഓരോ കോളേജും അവർ ഉദ്ദേശിക്കുന്ന ഫീസ് ഘടന കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടണം. ഫീസ് ഘടനയ്ക്ക് മൂന്നു വർഷത്തെ പ്രാബല്യം. വിദ്യാർത്ഥി ചേരുമ്പോഴുള്ള ഫീസ് ഘടന കോഴ്സ് അവസാനിക്കുന്നതുവരെ.

### സ്കോളർഷിപ്പ് ഫണ്ട്

സാമൂഹികമായും സാമ്പത്തികമായും ദുർബലരായവർക്ക് പ്രവാസി ഭാരതീയരിൽ നിന്നുള്ള മിച്ചഫണ്ട് ഉപയോഗിച്ച് ഹയർ എഡ്യുക്കേഷൻ സ്കോളർഷിപ്പ് ഫണ്ട്.

### ഫ്രീഷിപ്പ്

പ്രവേശനം ലഭിക്കുന്ന മൊത്തം വിദ്യാർത്ഥികളിൽ പകുതിയെങ്കിലും പേർക്ക് ഫ്രീഷിപ്പ് നൽകണം.

### ന്യൂനപക്ഷപദവി

ഒരു സ്ഥാപനത്തിന് ഭാഷാ-മത ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ: (എ) സ്ഥാപനം നടത്തുന്ന

**പകുതി വിദ്യാർത്ഥികൾ സർക്കാർഫീസ് മാത്രം നൽകുന്നതിലൂടെ കുറയുന്ന തുക കൂടി കണക്കാക്കിയാവും മറ്റുള്ളവർ നൽകേണ്ട ഫീസ് നിശ്ചയിക്കുക. അതിനാൽ മാനേജ്മെന്റുകൾക്ക് നഷ്ടം സംഭവിക്കില്ല.**

സംഖ്യാനുപാതികമായി അവർക്കുള്ളതിനെക്കാൾ പ്രൊഫഷണൽ കോളേജുകൾ കുറവും ഭൂരിപക്ഷ സമുദായ പ്രൊഫഷണൽ വിദ്യാർത്ഥികളെക്കാൾ ജനസംഖ്യാനുപാതികമായി വിദ്യാർത്ഥികൾ കുറവും ആകുന്ന ന്യൂനപക്ഷത്തിന്റെ പ്രൊഫഷണൽ കോളേജ് മാത്രമേ ന്യൂനപക്ഷപദവിക്ക് അർഹമായിരിക്കുകയുള്ളൂ.

ഇങ്ങനെയൊരു നിർവചനം ഭരണഘടനയ്ക്ക് എതിരാണ് എന്ന് ന്യൂനപക്ഷത്തിനുവേണ്ടി വാദിക്കുന്ന ബിഷപ്പുമാരും മറ്റും അഭിപ്രായപ്പെടുന്നു. ജനസംഖ്യയിൽ 50 ശതമാനത്തിൽ കുറവായ ഏതു ജനവിഭാഗവും ന്യൂനപക്ഷമാണെന്നും അവരുടെ വിദ്യാലയങ്ങൾക്ക് ന്യൂനപക്ഷ പദവി നിഷേധിക്കാൻ ആർക്കും കഴിയില്ല എന്നും അവർ വാദിക്കുന്നു.

ന്യൂനപക്ഷത്തെ കണക്കാക്കുന്നതും വിലയിരുത്തുന്നതും സംസ്ഥാനാടിസ്ഥാനത്തിലായിരിക്കണമെന്ന് സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചുകൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ന്യൂനപക്ഷാവകാശം ഭൂരിപക്ഷം അനുഭവിക്കുന്ന മൗലികാവകാശങ്ങൾ അതേപോലെ ന്യൂനപക്ഷത്തിനും ഉറപ്പുവരുത്തുന്ന ഒരു തുല്യതാവകാശം മാത്രമാണെന്നും കോടതി പറയുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കേരള പ്രൊഫഷണൽ കോളേജ് നിയമത്തിൽ ന്യൂനപക്ഷത്തെ കുറേക്കൂടി സൂക്ഷ്മമായി വിലയിരുത്താൻ ശ്രമിച്ചിട്ടുള്ളത്. അതിൽ ഭരണഘടനാവിരുദ്ധമായി ഒന്നും തന്നെയില്ല. സംഖ്യാപരമായ പരാധീനതകൾ പരിഹരിക്കുന്നതിന് ന്യൂനപക്ഷ സമുദായങ്ങൾക്ക് അനുകൂല വിവേചനം (Positive discrimination) നൽകാമെന്നും അതാവശ്യമില്ലാത്ത ഘട്ടങ്ങളിൽ നൽകുന്ന പ്രത്യേക പരിഗണന വിപരീത വിവേചനം (Reverse discrimination) ആകുമെന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ പ്രത്യേക പരിഗണന വിപരീത വിവേചനമാകുമോ എന്നതാണ് പ്രധാന ചോദ്യം.

### ന്യൂനപക്ഷപദവിക്ക് സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണമെടുക്കുന്നത് ഭരണഘടനാവിരുദ്ധമല്ലേ?

ജനസംഖ്യയിൽ ന്യൂനപക്ഷമായവരെയാണ് മത-ഭാഷാ ന്യൂനപക്ഷങ്ങളായി ഭരണഘടന കണക്കാക്കുന്നത്. അതിലപ്പുറം ഒരു നിർവചനവും ഭരണഘടന നൽകുന്നില്ല. ന്യൂനപക്ഷത്തെ സംസ്ഥാനാടിസ്ഥാനത്തിലാണ് നിർണയിക്കേണ്ടതെന്ന് ടി.എം.എ. പൈ കേസിൽ സുപ്രീംകോടതിയുടെ 11 അംഗ ഭരണഘടനാബെഞ്ച് വിധിച്ചിട്ടുണ്ട്.

ഭൂരിപക്ഷത്തിലെ പൗരന്മാർക്ക് അനുഭവിക്കാൻ കഴിയുന്ന ഭരണഘടനാദത്തമായ മൗലികാവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്കും തുല്യതയോടെ അനുഭവിക്കാറാക്കുകയാണ് ന്യൂനപക്ഷാവകാശത്തിന്റെ അന്തസ്സത്ത എന്നും അവർ വിശദീകരിച്ചിട്ടുണ്ട്. അതിനാൽ ഭൂരിപക്ഷത്തിനില്ലാത്ത എന്തെങ്കിലും അവകാശം ന്യൂനപക്ഷത്തിന് ഭരണഘടനയിലെ 30 (1) അനുച്ഛേദം വഴി ലഭിക്കുന്നില്ല.

പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന്റെ കാര്യത്തിൽ അത്രയും ലഭിക്കുന്നു എന്നും അതിൽ കൂടുതൽ ലഭിക്കുന്നില്ല എന്നും ഉറപ്പുവരുത്താനാണ് ന്യൂനപക്ഷ സ്ഥാപനങ്ങളുടെയും

മതഭാഷാന്യൂനപക്ഷത്തിന്റെ ജനസംഖ്യ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ പകുതിയിൽ കുറവായിരിക്കണം. (ബി) സ്വാശ്രയ സ്ഥാപനം നടത്തുന്ന ഭാഷാ-മതന്യൂനപക്ഷവിഭാഗത്തിന്റെ ആകെ സ്വാശ്രയസ്ഥാപനങ്ങൾ ന്യൂനപക്ഷേതരർ നടത്തുന്ന സ്വാശ്രയസ്ഥാപനങ്ങളെക്കാൾ ആനുപാതികമായി കുറവായിരിക്കണം. (സി) ഒരു സ്ഥാപനത്തിന് ഭാഷാ-മതന്യൂനപക്ഷപദവി ലഭിക്കാൻ, സംസ്ഥാനത്തെ എല്ലാ സ്വാശ്രയപ്രൊഫഷണൽ കോളേജുകളിലുമായി ആ സമുദായത്തിൽ നിന്ന് പഠിക്കുന്ന കുട്ടികൾ, ന്യൂനപക്ഷേതര വിദ്യാർത്ഥികളെക്കാൾ കുറവായിരിക്കണം.

### സീറ്റ് അലോട്ട്മെന്റ്

പുതിയ നിയമത്തിൽ 15% എൻ.ആർ.ഐ.ക്വാട്ട ഒഴിച്ച് ബാക്കി 85%വും പൊതുപ്രവേശനപരീക്ഷാ റാങ്ക്ലിസ്റ്റിൽ നിന്ന് എടുക്കണം. അതിൽ മാനേജ്മെന്റുകൾക്ക് അവകാശപ്പെട്ട 15% പ്രിവിലേജ് സീറ്റുകൾ ഇന്റർസേ മെരിറ്റിനും (ഒരു കാറ്റഗറിയിലെ മാത്രം മെരിറ്റ്) ബാക്കി 70%ത്തിൽ രണ്ട് ശതമാനം ആർട്സ് ആന്റ് സ്പോർട്സിനും 18% ജനറൽ മെരിറ്റിനും 10% പട്ടികവിഭാഗങ്ങൾക്കും 25% എസ്.ഇ.ബി.സിയ്ക്കും 3% ശാരീരികമായി വ്യത്യസ്തതയുള്ളവർക്കും (physically challenged) 12% മറ്റ് വിഭാഗങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ലാത്തവരിൽ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളവർക്കും ആയി നീക്കിവച്ചിരിക്കുന്നു. പട്ടികജാതി-വർഗവിഭാഗത്തിൽപ്പെട്ട 10% പേരിൽ എസ്.ഇ.ബി.സിയിൽപ്പെട്ട 25% പേരും ഇതിൽ രണ്ടിലും പെടാത്തവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 12% പേരും ശാരീരികമായി വ്യത്യസ്തതയുള്ള (physically challenged) മൂന്ന് ശതമാനം പേരും പ്രവേശിപ്പിക്കപ്പെടണമെന്നാണ് വ്യവസ്ഥ. പട്ടികവിഭാഗത്തിൽപ്പെട്ടവർ മെരിറ്റിൽ പ്രവേശനം നേടിയാൽ അത് സംവരണത്തിന് പുറമെ അവർക്കുകൂടി ഫീസ് സൗജന്യം പൂർണമായി അനുവദിക്കുകയും ചെയ്യും. പ്രവേശനം കിട്ടുന്നവരിൽ 50%ത്തിൽ കുറയാത്തവർക്ക് സർക്കാർഫീസിൽ പഠിക്കാൻ അവസരം ഉണ്ടാക്കും. ഇതിൽ പട്ടികജാതി-വർഗത്തിൽപ്പെട്ടവർ ഒഴികെ ഉള്ളവർക്ക് വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെരിറ്റ്-കം-മീൻസ് ബേസിസിൽ ആയിരിക്കും ഫീസ് സൗജന്യം അനുവദിക്കുക.

### മെരിറ്റ്

ന്യൂനപക്ഷേതര സ്വാശ്രയകോളേജിൽ ആകെയുള്ളതിന്റെ 18% പൊതു മെരിറ്റ് സീറ്റുകളായിരിക്കും. കലാ-കായിക രംഗത്തെ പ്രതിഭകൾക്ക് രണ്ട് ശതമാനം സീറ്റ് മാറ്റിവയ്ക്കും. പട്ടിക-എസ്.ഇ.ബി.സി. വിഭാഗങ്ങളിൽ സീറ്റ് ഒഴിവ് വന്നാൽ മറ്റു വിഭാഗങ്ങളിൽ നിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നൽകാവുന്നതാണ്.

ഓരോ ന്യൂനപക്ഷസ്ഥാപനവും 50 ശതമാനത്തിൽ കുറയാത്ത സീറ്റുകളിൽ അതത് ന്യൂനപക്ഷവിഭാഗത്തിൽ നിന്നുള്ളവരെ പ്രവേശിപ്പിക്കണം. അതിൽ നേർപകുതി ന്യൂനപക്ഷത്തിൽത്തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരിക്കണം.

വ്യവസ്ഥകൾ പാലിക്കാത്ത പ്രവേശന നടപടികൾ അസാധുവായി കണക്കാക്കും.

നിയമലംഘകർക്ക് മൂന്നു വർഷം വരെ തടവും 50 ലക്ഷം രൂപയിൽ കുറയാത്ത പിഴയും ശിക്ഷ ചുമത്താവുന്നതാണ്.

ന്യൂനപക്ഷ വിദ്യാർത്ഥികളുടെയും എണ്ണം എടുക്കുന്നത്.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനപദവിക്ക് കേരളത്തിലെ ഒരു പ്രൊഫഷണൽ സ്ഥാപനത്തിനും അർഹതയില്ല എന്ന സമീപനമാണ് ഒന്നൊഴികെ (കുറ്റിപ്പുറം എഞ്ചിനിയറിങ് കോളേജ്) എല്ലാ അപേക്ഷകളിലും സ്വീകരിച്ചത്. കേരളത്തിലെ പ്രത്യേക സാഹചര്യമാണ് കാരണമായി പറഞ്ഞത്. ഇതിൽ മുഖ്യമുന്നണികൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ല എന്നത് വളരെ പ്രസക്തമാണ്. പുതിയ നിയമത്തിൽ ഇതിന് യുക്തിഭദ്രവും നിയമപരവുമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയാണ് ചെയ്തത്.

**ന്യൂനപക്ഷാവകാശങ്ങളെ ഉന്മൂലനം ചെയ്യുന്ന നിയമം എന്നാണ് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ പ്രസ്താവിക്കുന്നത്. ഇത് എത്രത്തോളം ശരിയാണ്?**

ന്യൂനപക്ഷക്കാരുടെ സംഘടനകൾക്ക് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാത്രമായിരിക്കാം താത്പര്യം. എന്നാൽ,



സർക്കാർ എല്ലാ വിഭാഗക്കാരുടെയും വിദ്യാഭ്യാസം ഉറപ്പാക്കണം. സ്വകാര്യ പ്രൊഫഷണൽ കോളേജുകൾ അധികവും ന്യൂനപക്ഷക്കാരുടേതാണ്. അവയിലെ വിദ്യാർത്ഥി പ്രവേശനം പൂർണമായോ അതിന്റെ ഭൂരിപക്ഷമോ മാനേജ്മെന്റിന്റെ യുക്തംപോലെ ചെയ്യാൻ വിട്ടാൽ അത് ഗുരുതരമായ പ്രത്യാഘാതം ഉളവാക്കും എന്നാണ് അനുഭവം. കച്ചവടതാത്പര്യമാണ് അവർ കാത്തുരക്ഷിക്കുക എന്നാണ് കഴിഞ്ഞ വർഷത്തിൽ കണ്ടത്. കച്ചവടതാത്പര്യത്തെ ന്യൂനപക്ഷാവകാശമായിട്ടാണ് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ കണക്കാക്കുന്നതെങ്കിൽ അതിന്റെ തിരുത്തൽ തന്നെയാണ് നിയമം ഉദ്ദേശിക്കുന്നത്.

**ഭാഷാ-മതന്യൂനപക്ഷങ്ങൾക്ക് മതപരവും ധാർമികവും സാംസ്കാരികവുമായ പ്രത്യേകതകൾ സംരക്ഷിക്കുന്നതിനാണ് ന്യൂനപക്ഷാവകാശങ്ങൾ. അതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തുവാനുള്ള അവകാശമുണ്ട്. മാറിമാറി വരുന്ന സർക്കാരുകൾ ഇതിൽ കൈകടത്തുവാനിടയുള്ളതുകൊണ്ടാണ് ഈ അവകാശത്തിന് ഭരണഘടന പ്രത്യേകം പരിരക്ഷ നൽകുന്നത്. ഈ അവകാശമാണ് നിയമനിർമാണത്തിലൂടെ കവർന്നെടുക്കാൻ ശ്രമിക്കുന്നത്. ഇത് അധാർമികമല്ലേ?**

വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനുള്ള ന്യൂനപക്ഷാവകാശം നിലവാരമില്ലാത്ത സ്ഥാപനങ്ങൾ നടത്താനല്ല, നിലവാരമുള്ളവ നടത്താനാണ്. സാമൂഹികനീതി നിഷേധിക്കാനല്ല, നിഷേധിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താനാണ്; വിദ്യാഭ്യാസക്കച്ചവടം നടത്താനല്ല. സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളുടെയോ സംഘത്തിന്റെയോ സംരംഭത്തിന്റെയോ താത്പര്യം സംരക്ഷിക്കാനുമല്ല ഭരണഘടന ന്യൂനപക്ഷാവകാശം ഉറപ്പുവരുത്തുന്നത്; ന്യൂനപക്ഷ മതവിഭാഗത്തിന്റെ, പ്രത്യേകിച്ച് വിവേചനത്തിന് ഇരയാക്കപ്പെടുന്നവരുടെ അവകാശവും താത്പര്യവും സംരക്ഷിക്കാനാണ്. ഇതിനെ കേരള പ്രൊഫഷണൽ കോളേജ് നിയമം നിഷേധിക്കുകയല്ല, മറിച്ച് സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

**പുതിയ നിയമപ്രകാരം ഒരു സ്ഥാപനത്തിൽ പകുതി വിദ്യാർത്ഥികൾ സർക്കാർ നിരക്കിൽ ഫീസ് നൽകിയാൽ മതി. അത് കോളേജ് നഷ്ടത്തിലാകാൻ ഇടയാക്കും എന്ന വാദം ശരിയാണോ?**

പകുതി വിദ്യാർത്ഥികൾ സർക്കാർഫീസ് മാത്രം നൽകുന്നതിലൂടെ കുറയുന്ന തുക കൂടെ കണക്കാക്കിയാവും ബാക്കിയുള്ള ഫീസ് നിശ്ചയിക്കുക. അതിനാൽ മാനേജ്മെന്റുകൾക്ക് നഷ്ടം സംഭവിക്കില്ല.

**സർക്കാർ കോടതിയിൽ ഹാജരാക്കിയ സത്യവാങ്മൂലത്തിൽ ഒരു വിദ്യാർത്ഥിക്ക് വേണ്ടി നാലു ലക്ഷത്തിലേറെ രൂപ ചെലവാക്കുന്നതായി പറഞ്ഞിട്ടുണ്ട്. ആ സംഖ്യയെങ്കിലും ഫീസായി കിട്ടണമെന്ന് പറയുന്നതിൽ തെറ്റുണ്ടോ?**

സ്വാശ്രയ കോളേജുകൾക്ക് കെ.ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച തോതിലുള്ള ഫീസ് ഈ വർഷവും ലഭിക്കും. അതുകൊണ്ട് സ്ഥാപനച്ചെലവിന് തികയില്ല എന്നാണെങ്കിൽ, ചെലവിന്റെ വിശദാംശങ്ങൾ മാനേജ്മെന്റുകൾ ഫീ റെഗുലേറ്ററി കമ്മിറ്റിയെ ബോധ്യപ്പെടുത്തട്ടെ. അവർ അതിനു പരിഹാരം ഉണ്ടാക്കും.

രണ്ടു വർഷം മുമ്പ്, ഒരു മെഡിക്കൽ വിദ്യാർത്ഥിക്കായി പ്രതിവർഷം 1.76 ലക്ഷം രൂപ ചെലവാക്കുന്നു എന്നായിരുന്നു സർക്കാർ ഹൈക്കോടതിയെ അറിയിച്ചിരുന്നത്. അത് ഇപ്പോൾ നാലു ലക്ഷമായി ഉയർന്നു എന്നാണ് വാദം. വസ്തുതകൾക്ക് നിരക്കാത്തതാണ് ഇത്. സർക്കാർ കോളേജിൽ അത്ര ചെലവുണ്ടോ എന്നതല്ല, സ്വകാര്യ കോളേജിലെ യഥാർത്ഥ ചെലവെത്ര എന്നതാണ് പ്രസക്തമായ ചോദ്യം. അത് വച്ചാണ് ഫീസ് കണക്കാക്കേണ്ടത്.

**ഇക്കൊല്ലത്തെ അഡ്മിഷൻ കഴിഞ്ഞു. അതിനാൽ ഇനി പുനഃപരിശോധന പാടില്ല. പ്രവേശന പരീക്ഷാ കമ്മിഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെയാണ് അഡ്മിഷൻ നടത്തിയിട്ടുള്ളത്. അഡ്മിഷൻ നടത്തുമ്പോൾ നിലവിലുണ്ടായിരുന്ന നിയമത്തെ അനുസരിച്ചിട്ടുണ്ട് എന്ന നിലപാടിനെപ്പറ്റി എന്താണ് പറയാനുള്ളത്?**

ആഗസ്റ്റ് ആദ്യമാണ് മെഡിക്കൽ-എഞ്ചിനിയറിങ് ക്ലാസുകൾ ആരംഭിക്കേണ്ടത്. ജൂലൈ രണ്ടിന് പുതിയ നിയമത്തിന് ഗവർണറുടെ അംഗീകാരം ലഭിച്ചിരുന്നു. അന്നു മുതൽ ആ നിയമപ്രകാരം മാത്രമേ പ്രവേശനം പാടുള്ളൂ. സ്വാശ്രയ മാനേജ്മെന്റുകൾ വാദിക്കുന്നത് ജൂണിൽത്തന്നെ പൊതു പ്രവേശന പരീക്ഷാ കമ്മിഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് പ്രവേശനം പൂർത്തിയാക്കി എന്നാണ്.

ഇനാംദാർ കേസ് വിധിയിൽ സുപ്രീംകോടതി നിർദേശിച്ചത് പൊതു ലിസ്റ്റിൽ നിന്ന് ഒരൊറ്റ കൗൺസലിങ്ങിലൂടെ പ്രവേശനം നടത്താനാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ അങ്ങനെയല്ല പ്രവേശനം നടത്തിയത് എന്നു വ്യക്തമാണ്. സർക്കാർ-എയിഡഡ് കോളേജുകളിലെ പ്രവേശനത്തിന് കാത്തുനിൽക്കാതെ

# സ്വാശ്രയനിയമങ്ങൾ - താരതമ്യം

| വിഷയം | കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജ് ആക്ട് 2004 | കേരള പ്രൊഫഷണൽ കോളേജ് ബിൽ 2006 |
|---|---|---|
| സീറ്റ് വിഭജനം | സർക്കാർ, മാനേജ്മെന്റ് സീറ്റുകൾ 50% വീതം. പ്രവേശനപരീക്ഷയിൽ തോറ്റവർക്ക് പോലും പ്രവേശനം നേടാം. ഫീസ് നിർണയത്തിന് സർക്കാർ നിയന്ത്രണമില്ല - (*ക്വാട്ട സമ്പ്രദായം അനുവദനീയമല്ലെന്ന് ഇനാംദാർ കേസ് വിധി*) | ക്വാട്ട സമ്പ്രദായം ഒഴിവാക്കി. പ്രവേശന പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത കൗൺസലിങ്ങിലൂടെ മാത്രം 85% പ്രവേശനം. ഭരണഘടനാനുസൃതം, പരമോന്നത കോടതി വിധിപ്രകാരം, മുഖ്യ മാനദണ്ഡം മെരിറ്റ് മാത്രം. |
| സംവരണം | മാനേജ്മെന്റ് ക്വാട്ടയിൽ ഇല്ല<br>സർക്കാർ ക്വാട്ട 50%.<br>മെരിറ്റിനും സംവരണത്തിനും കൂടി ഈ സീറ്റുകൾ മാത്രം. ഉയർന്ന ഫീസ് നിരക്ക്. | 85% മെരിറ്റ്സീറ്റുകൾ. 50% സംവരണ സീറ്റുകൾ.<br>സംവരണ ചരിത്രത്തിലാദ്യമായി 12% സീറ്റുകൾ സാമൂഹികവും സാമ്പത്തികവുമായി അവശത അനുഭവിക്കുന്നവർക്ക് നീക്കിവച്ചിരിക്കുന്നു. |
| ക്യാപ്പിറ്റേഷൻ ഫീസ് | ക്യാപ്പിറ്റേഷൻ ഫീസ് പാടില്ലെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും പരാതികൾ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സമിതിക്ക് പരിമിതമായ അധികാരങ്ങൾ മാത്രം. കുറ്റം തെളിയിക്കപ്പെട്ടാൽ അഞ്ചുലക്ഷം രൂപ വരെ പിഴ, സ്ഥാപനത്തിനുള്ള അംഗീകാരം പിൻവലിക്കപ്പെടാം. രക്ഷപ്പെടാൻ പഴുതുകൾ ഏറെ. മാനേജ്മെന്റ് ക്വാട്ടയിലുള്ള പ്രവേശനത്തിന് ഫലപ്രദമായ നിയന്ത്രണമില്ല. | ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയതായി തെളിഞ്ഞാൽ 50 ലക്ഷം രൂപ വരെ പിഴയും മൂന്നു വർഷം വരെ തടവും ഉൾപ്പെടെ കഠിന ശിക്ഷ.<br>പ്രവേശനം പൂർണമായും സൂപ്പർവിഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ. സ്ഥാപനങ്ങളുടെ അഫിലിയേഷനും അംഗീകാരവും പിൻവലിക്കുന്നതുൾപ്പെടെ കമ്മിറ്റിക്ക് വിപുലമായ അധികാരങ്ങൾ.<br>സിവിൽ കോടതിയുടെ അധികാരമുള്ള ജുഡിഷ്യൽ നടപടിക്രമങ്ങൾ പാലിക്കുന്ന ക്വാസി-ജുഡിഷ്യൽ ബോഡിയാണ് ഈ സമിതി. |
| ഫീസ് | 50% സീറ്റിൽ കെ.ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസ്. ശേഷിക്കുന്ന 50% സീറ്റിൽ കെ.ടി. തോമസ് കമ്മിറ്റിക്ക് ഉപരിയായി മാനേജ്മെന്റുകൾ യഥേഷ്ടം ഫീസ് പിരിച്ചതായി പരാതികൾ. സർക്കാരിനോ ഫീസ് നിർണയ സമിതിക്കോ ഇടപെടാൻ അധികാരമില്ല. ലിസ്റ്റിൽ ഏതറ്റത്തുള്ള കുട്ടിക്കും പണത്തിന്റെ പിൻബലത്താൽ പ്രവേശനം നേടാം. ഓരോ കോളേജിലും ഓരോ ഫീസ് സമ്പ്രദായമായിരിക്കും. | വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ കോളേജിലെയും ഫീസ് ജുഡിഷ്യൽ അധികാരമുള്ള ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കും.<br>പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് സംവരണ-മെരിറ്റ് സീറ്റുകളിൽ മുഴുവൻ ഫീസ് സർക്കാർ നല്കും. ഇതുൾപ്പെടെ 50% വരെ സീറ്റുകളിൽ കുട്ടികൾ മെരിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ സർക്കാർ ഫീസ് നൽകിയാൽ മതിയാകും. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിൽ സർക്കാർ ഫീസ് കഴിച്ചുള്ള തുക സ്കോളർഷിപ്പ് ഫണ്ടിൽ നിന്ന് മാനേജ്മെന്റിന് നൽകും. മാനേജ്മെന്റുകൾക്ക് നഷ്ടം വരില്ല. |
| ഫ്രീഷിപ്പും സ്കോളർഷിപ്പും | ഇല്ല. | ഫീസ് ഒടുക്കാൻ നിവൃത്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് ഫ്രീഷിപ്പും സ്കോളർഷിപ്പും. ഫീസ് കെട്ടാനില്ലാതെ വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവരുമെന്ന ഭീതി കൂടാതെ പഠിക്കാം. |
| പ്രവേശന പരീക്ഷ | മാനേജ്മെന്റ് കൺസോർഷ്യം നടത്തുന്ന പരീക്ഷയ്ക്ക് വിശ്വാസ്യതയോ സുതാര്യതയോ ഇല്ല. മെരിറ്റ് അവഗണിച്ചും ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കും. | പ്രവേശന പരീക്ഷാകമ്മിഷണർ നടത്തുന്ന കുറ്റമറ്റ, സുതാര്യമായ, പരാതിക്കിട നൽകാത്ത പരീക്ഷ.<br>ലിസ്റ്റ് മെരിറ്റടിസ്ഥാനത്തിൽ മാത്രം. |

സുപ്രീംകോടതിയും മെഡിക്കൽ കൗൺസിലും നിർദേശിച്ച തീയതികൾക്ക് ഒരു മാസം മുമ്പേ പ്രവേശനം നടത്തി എന്നു പറയുന്നത് പുതിയ നിയമത്തിന്റെ പരിധിയിൽപ്പെടാതെ സീറ്റ് കച്ചവടം നടത്താനാണ്.

**ഫീസ് നിശ്ചയിക്കുന്നതിന് കമ്മിഷനിൽ എന്തൊക്കെ വിവരങ്ങളാണ് കൊടുക്കേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല എന്നു പറയുന്നത് ശരിയാണോ?**

ഫീ നിശ്ചയിക്കുന്ന കമ്മിറ്റിക്ക് അതിനാവശ്യമായ വിവരം കോളേജുകളിൽ നിന്ന് തേടാൻ നിയമം നിർദേശിക്കുന്നു. ഫീസ് വർധിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച് സംഗതമായ വിവരം മാനേജ്മെന്റ്, കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഇതൊക്കെ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ നിയമത്തിലുണ്ട്. സകല വിശദാംശങ്ങളും നിയമത്തിൽ ചേർത്തിട്ടില്ല. അതൊക്കെ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളതാണ് കമ്മിറ്റി എന്നതിനാലാണ് അത്. പൊതു നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ കമ്മിറ്റിക്ക് അധികാരമുണ്ട്.

**അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിനാണ് ശ്രമിക്കുന്നതെന്ന ആരോപണത്തെപ്പറ്റി ...?**

ഇവിടെ പൊലീസും കോടതിയും അവയെ നയിക്കുന്ന നിയമസംവിധാനവും പ്രവർത്തിക്കുന്നത് അന്യസംസ്ഥാനങ്ങളിലെ കള്ളന്മാരെയും കൊള്ളക്കാരെയും മറ്റ് നിയമലംഘകരെയും സഹായിക്കാനാണ് എന്നു പറയുന്നതുപോലെ ബാലിശമാണ് ഈ വാദം.

**യു.ഡി.എഫ് സർക്കാർ 1991-96 ൽ സ്വാശ്രയ കോളേജുകൾ അനുവദിച്ചത് പൊതുമേഖലയിലാണ് എന്നാണ് ഉമ്മൻചാണ്ടി പറയുന്നത്. ഇത് ശരിയാണോ?**

ശരിയാണ്. അന്ന് പൊതുമേഖലയിൽപ്പോലും സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനെ വിദ്യാർത്ഥികളും അധ്യാപകരും ജനങ്ങൾ പൊതുവിലും എതിർത്തിരുന്നു. അതിനാൽ

സ്വകാര്യമേഖലയിൽ സ്വാശ്രയ കോളേജ് അനുവദിക്കാൻ യു.ഡി.എഫ്. ധൈര്യപ്പെട്ടില്ല. 2001 ലാണ് അവർ അതിന് ധൈര്യപ്പെട്ടത്.

**ഉയർന്ന റാങ്കുകാരന് പുതിയ കൗൺസലിങ് അനുസരിച്ച് ഓപ്ഷൻ നൽകുന്നത് എളുപ്പമാണ്. എന്നാൽ താഴ്ന്ന റാങ്കുകാരന് (ഉദാ: എഞ്ചിനിയറിങ്ങിന് 10000 റാങ്ക്) ഓപ്ഷൻ കൊടുക്കുന്നത് ശ്രമകരമാവാനിടയില്ലേ? നൂറുകണക്കിന് ചോയ്സ് കൊടുക്കേണ്ട സ്ഥിതി ഉണ്ടാവില്ലേ? കഴിഞ്ഞ കൊല്ലം ഇതേ റാങ്കുകാരന് കിട്ടിയ ബ്രാഞ്ച് നോക്കി ഓപ്ഷൻ കൊടുക്കാൻ കഴിയുമോ?**

ഇത്തവണ ഓപ്ഷൻ നൽകുമ്പോൾ റാങ്കിനൊപ്പം ഏതെങ്കിലും സംവരണ വിഭാഗത്തിൽപ്പെടുന്നോ എന്നുകൂടി നോക്കേണ്ടിവരും. ഏതായാലും സർക്കാർ-എയ്ഡഡ് കോളേജുകളിലേക്കും സ്വാശ്രയ രംഗത്തെ മികവുറ്റതായി കരുതപ്പെടുന്ന കോളേജുകളിലേക്കും പതിവുപോലെ തള്ളിക്കയറ്റം ഉണ്ടാകും. റാങ്ക് കുറഞ്ഞവർക്ക് അത്തരം സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടാൻ സാധ്യത കുറയും. അത്തരക്കാർ റാങ്കു കൂടിയവർ ശ്രമിക്കുന്ന കോളേജുകളിലേക്ക് ഓപ്ഷൻ നൽകേണ്ടി വരില്ല. ഇക്കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടാകാം. അത് ഒരു തവണ പുതിയ രീതിയിൽ പ്രവേശനം നടക്കുന്നതോടെ മാത്രമേ അവസാനിക്കൂ.

**സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾക്ക് ഈ നിയമം ബാധകമാണോ? ബാധകമാണെങ്കിൽ, ഇതിൽ 82 ശതമാനമായിരുന്ന മെരിറ്റ് സീറ്റുകൾ 33 ശതമാനമാവുമെന്ന് കേൾക്കുന്നു. എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ അത് 18 ശതമാനമാകുമോ? ഇവരെല്ലാം ഉയർന്ന ഫീസ് കൊടുക്കേണ്ടി വരുമോ?**

സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ പ്രിവിലേജ് സീറ്റുകൾ മെരിറ്റ് സീറ്റ് ആയിരിക്കും. അങ്ങനെ അവിടെ സംവരണമില്ലാത്ത മെരിറ്റ് 33 ശതമാനമായിരിക്കും. 12 ശതമാനം സംവരണേതര സീറ്റും ഇക്കൂട്ടത്തിൽപ്പെടുത്തിയാൽ ആകെ 45 ശതമാനം ആകും. അന്ന് എല്ലാവരും ഉയർന്ന ഫീസ് നൽകിയിരുന്നു. ഇന്ന് ഇവരിൽ 50% സർക്കാർ ഫീസ് നൽകിയാൽ മതിയാകും.

എസ്.സി./എസ്.ടി./എസ്.ഇ.ബി.സി, വികലാംഗർ, സ്പോർട്സ്, ആർട്സ് ക്വാട്ട എന്നിവയിലെല്ലാം കൂടി മെരിറ്റ് 85% സീറ്റിലും ഉറപ്പാണ്.

എയ്ഡഡ് മാനേജ്മെന്റ് കോളേജുകളിൽ ഇന്നുള്ള വ്യവസ്ഥകളിൽ മാറ്റം വരില്ല. അവയിൽ എല്ലാ സീറ്റിലും സർക്കാർ നിരക്കിലുള്ള ഫീസാണല്ലോ.

**ന്യൂനപക്ഷപദവി നിർണയിക്കുന്നതിന് ഭരണഘടന നിശ്ചയിക്കുന്ന വ്യവസ്ഥകളുണ്ട്. അതിൽ മായം ചേർക്കാൻ സംസ്ഥാന സർക്കാരിനാവില്ല. അതിനാൽ സർക്കാരിന്റെ നിയമവ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്ന വിമർശനത്തോടുള്ള പ്രതികരണം എന്താണ്?**

ന്യൂനപക്ഷാവകാശത്തെക്കുറിച്ച് മാത്രമേ ഭരണഘടനയിൽ പറയുന്നുള്ളൂ. 50 ശതമാനത്തിൽ കുറഞ്ഞത് ന്യൂനപക്ഷം എന്നു മാത്രമാണ് ഇതിൽ പറയുന്നത്. ഇന്ത്യ ആകെ എടുത്താൽ ഹിന്ദി പോലും ന്യൂനപക്ഷ ഭാഷയായിരിക്കും. മറ്റു ഭാഷക്കാരുടെ കഥ പറയാനുമില്ല. ഹിന്ദി സംസ്ഥാനങ്ങളിൽത്തന്നെ ഹിന്ദി ന്യൂനപക്ഷ ഭാഷ, തമിഴ്നാട്ടിൽ തമിഴ് ന്യൂനപക്ഷഭാഷ എന്നിങ്ങനെ അസംബന്ധമായ സ്ഥിതി ഉണ്ടാകും. അതുകൊണ്ട് സംസ്ഥാനത്തെ അടിസ്ഥാനമാക്കി ന്യൂനപക്ഷത്തെ നിശ്ചയിക്കണമെന്ന് ടി.എം.എ. പൈ കേസിൽ സുപ്രീം കോടതി വിധിച്ചു. ന്യൂനപക്ഷാവകാശം അപരിമിതമല്ല. ഭൂരിപക്ഷത്തോടൊപ്പം ന്യൂനപക്ഷത്തിനും അവകാശം ലഭ്യമാക്കുന്ന തുല്യതാവ്യവസ്ഥയാണത് എന്നും കോടതി വിധിച്ചു. ഈ കോടതി നിർദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കേരള സർക്കാർ പ്രൊഫഷണൽ കോളേജ് ബിൽ തയ്യാറാക്കിയത്. അതിനാൽ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് അതിൽ ഭരണഘടനാ വിരുദ്ധമായി ഒന്നുമില്ല.

**സർക്കാർനിയമം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യവസായവത്കരിക്കുന്നതാണ് എന്ന വാദം ശരിയാണോ?**

സർക്കാർ നിയമമല്ല, സ്വകാര്യ മാനേജ്മെന്റുകളാണ് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വ്യവസായവത്കരിക്കുന്നത്. അതാണ് ജസ്റ്റിസ് കെ.ടി. തോമസും മറ്റും ചൂണ്ടിക്കാണിക്കുന്നത്.



**കർണാടക സർക്കാരും സ്വകാര്യ മെഡിക്കൽ കോളേജുകളും തമ്മിലുള്ള കേസിൽ പരീക്ഷാനടത്തിപ്പിന് സ്വകാര്യ കോളേജുകൾക്കുള്ള അവകാശങ്ങൾ ശരി വച്ചുകൊണ്ട് കഴിഞ്ഞ ഫെബ്രുവരിയിൽ സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ട്. അതുകൊണ്ട് ഈ നിയമം സുപ്രീം കോടതിവിധിക്കെതിരല്ലേ?**

സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബെഞ്ച് 2005-ൽ ഇനാംദാർ കേസിൽ സംസ്ഥാന സർക്കാർ പൊതു പരീക്ഷ നടത്തി ഏകജാലക കൗൺസലിങ് വഴി പ്രവേശനം നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതിനെ ദുർബലപ്പെടുത്തുന്നതല്ല ഫെബ്രുവരിയിലെ വിധി.

**സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കണം എന്നു മാത്രമേ സുപ്രീം കോടതി പറയുന്നുള്ളൂ. ഇവിടെ അത് നിരോധിച്ച് ഗവൺമെന്റ് നേരിട്ട് പരീക്ഷ നടത്തുകയാണ്. ഇത് ശരിയാണോ?**

അങ്ങനെയല്ല. മെരിറ്റ് പാലിക്കാൻ, വിദ്യാഭ്യാസ രംഗത്തെ ചൂഷണം ഇല്ലാതാക്കാൻ, സുതാര്യത ഉറപ്പാക്കാൻ സർക്കാർ

പ്രവേശനപരീക്ഷ നടത്തി പ്രവേശനം നേരിട്ട് നടത്തണമെന്നാണ് സുപ്രീംകോടതിവിധി. അത് ന്യൂനപക്ഷാവകാശത്തെ ഹനിക്കുകയില്ല എന്ന്പറഞ്ഞിട്ടുമുണ്ട്.

**ന്യൂനപക്ഷ-ഭൂരിപക്ഷ വേർതിരിവ് ജനസംഖ്യ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. ന്യൂനപക്ഷത്തിന്റെ സാമ്പത്തിക-വിദ്യാഭ്യാസ യോഗ്യതകളൊന്നും അതിനെ ഭൂരിപക്ഷമാക്കി മാറ്റുന്നില്ല. ഇതാണ് സംവരണ സമ്പ്രദായവും ന്യൂനപക്ഷ പരിരക്ഷയും തമ്മിലുള്ള വ്യത്യാസം. പിന്നോക്ക സമുദായം സാമൂഹികമായും വിദ്യാഭ്യാസപരമായും വളർന്നു കഴിഞ്ഞാൽപ്പിന്നെ അവർക്ക് സംവരണം ആവശ്യമില്ല. ന്യൂനപക്ഷസ്ഥിതി അങ്ങനെ മാറ്റാനാവില്ല എന്ന് മാർ ജോസഫ് പവ്വത്തിൽ പറയുന്നു. ഈ വാദം ശരിയാണോ ?**

ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണ്. അതിലെ പൗരന്മാർ എല്ലാവരും തുല്യരാണ്. എന്നാൽ, മുന്നോക്ക-പിന്നോക്കങ്ങളും ഭൂരിപക്ഷ -ന്യൂനപക്ഷങ്ങളും തമ്മിൽ ചരിത്രപരമായി ഉണ്ടായ അന്തരം മൂലം ഇപ്പോൾ എല്ലാവരും തുല്യരല്ല. പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കം നിൽക്കുന്നവരുടെ ഒപ്പം എത്തിച്ചും ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷത്തോട് തുല്യത നൽകിയും ഇപ്പോൾ നിലനിൽക്കുന്ന അന്തരം എത്രയും വേഗം തരണം ചെയ്യണമെന്നാണ് സുപ്രീംകോടതി, ജൈനമതക്കാർ ന്യൂനപക്ഷാവകാശം തരണമെന്ന് ആവശ്യപ്പെട്ട കേസിലെ വിധിയിൽ നിരീക്ഷിച്ചിട്ടുള്ളത്.

അത് കാണിക്കുന്നത്, ന്യൂനപക്ഷാവകാശത്തെക്കുറിച്ച് മാർ പവ്വത്തിലിന്റെ ധാരണ ജനാധിപത്യപരമോ നൈതികമോ അല്ല എന്നാണ്. പിന്നോക്ക സമുദായങ്ങൾ ജാതിസമ്പ്രദായത്തിന്റെ ഭാഗമായി അവശതകൾ അനുഭവിക്കുന്നതുകൊണ്ടാണ് അവർക്ക് പ്രത്യേക സംരക്ഷണം നൽകണമെന്ന് ഭരണഘടന അനുശാസിക്കുന്നത്. സംഖ്യാപരമായ പിന്നോക്കാവസ്ഥ തുല്യതയ്ക്ക് വിഘ്നമാകാതിരിക്കുന്നതിന് ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണമാവാം. ന്യൂനപക്ഷങ്ങൾക്കായാലും പിന്നോക്കക്കാർക്കായാലും തുല്യത ഉറപ്പായാൽ പിന്നെ പ്രത്യേക സംരക്ഷണത്തിന് പ്രസക്തിയില്ല. ന്യൂനപക്ഷസംരക്ഷണം വിപരീത വിവേചനം ആകരുതെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

**യു.ഡി.എഫ്. കൊണ്ടുവന്ന 50% മെരിറ്റും 50% മാനേജ്മെന്റും എന്ന തത്ത്വം കൂടുതൽ മെച്ചപ്പെട്ടതാണെന്ന അഭിപ്രായമുണ്ടല്ലോ?**

യാഥാർത്ഥ്യം അതല്ല. പ്രവേശനപരീക്ഷയിൽ ഉയർന്ന റാങ്ക് നേടുന്നവർ 99%വും പ്രത്യേക പ്രവേശനപരീക്ഷാപരിശീലന കേന്ദ്രങ്ങളിൽ വൻതുക മുടക്കാൻ കഴിയുന്നവരാണ്. ഇവർ അതിസമ്പന്നരോ ഉയർന്ന ഇടത്തരക്കാരോ ആയിരിക്കും. ഇക്കാര്യം പല സ്വതന്ത്രപഠനങ്ങളിലും വെളിപ്പെട്ടിട്ടുള്ളതാണ്. മാനേജ്മെന്റിന് പൂർണ സ്വാതന്ത്ര്യമുള്ള ബാക്കി 50%ത്തിൽ ആകട്ടെ, ലേലം വിളിച്ച് കോഴ നൽകി പ്രവേശനം നേടുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ താരതമ്യേന ദരിദ്രർക്കും അധഃസ്ഥിതർ എന്നു നിർവചിക്കപ്പെടുന്ന സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസമേഖല ബാലികേറാമലയായിരുന്നു, 50-50 തത്ത്വം നടപ്പിലാക്കിയിരുന്ന കാലത്ത്. ആ സമ്പ്രദായത്തെക്കുറിച്ച് ഗൗരവമായി വിശകലനം ചെയ്യുന്ന ആർക്കും അത് മാതൃകാപരമെന്ന് പറയാൻ കഴിയില്ല.

നേരെമറിച്ച്, പുതിയ നിയമത്തിൽ 15% എൻ.ആർ.ഐ. ക്വാട്ട ഒഴിച്ച് ബാക്കി 85%വും പൊതുപ്രവേശനപരീക്ഷാ റാങ്ക്ലിസ്റ്റിൽ നിന്ന് എടുക്കണമെന്നാണ് വ്യവസ്ഥ. അതിൽ മാനേജ്മെന്റുകൾക്ക് അവകാശപ്പെട്ട 15% പ്രിവിലേജ് സീറ്റുകൾ ഇന്റർസേ മെരിറ്റിനും (ഒരു കാറ്റഗറിയിലെ മാത്രം മെരിറ്റ്) ബാക്കി 70%ത്തിൽ രണ്ട് ശതമാനം ആർട്സ് ആൻഡ് സ്പോർട്സിനും, 18% ജനറൽ മെരിറ്റിനും 10% പട്ടികവിഭാഗങ്ങൾക്കും 25% എസ്.ഇ.ബി.സിയ്ക്കും 3% ശാരീരികമായി വ്യത്യസ്തതയുള്ളവർക്കും (physically challenged) 12% മറ്റ് വിഭാഗങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ലാത്തവരിൽ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ളവർക്കും ആയി നീക്കിവച്ചിരിക്കുന്നു. പട്ടികജാതി-വർഗവിഭാഗത്തിൽപ്പെട്ട 10% പേരും എസ്.ഇ.ബി.സിയിൽപ്പെട്ട 25% പേരും ഇതിൽ രണ്ടിലും പെടാത്തവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 12% പേരും ശാരീരികമായി വ്യത്യസ്തതയുള്ള (physically challenged) മൂന്ന് ശതമാനം പേരും പ്രവേശിപ്പിക്കപ്പെടണമെന്നാണ് വ്യവസ്ഥ. മെരിറ്റിൽ പ്രവേശനം നേടുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവരെ സംവരണ സീറ്റിന് പുറമെ പരിഗണിക്കുന്നതോടൊപ്പം ഫീസ് സൗജന്യം പൂർണമായി അനുവദിക്കുകയും ചെയ്യും. പ്രവേശനം കിട്ടുന്നവരിൽ 50%ത്തിൽ കുറയാത്തവർക്ക് സർക്കാർ ഫീസിൽ പഠിക്കാൻ അവസരം ഉണ്ടാകും. ഇതിൽ പട്ടികജാതി-വർഗത്തിൽപ്പെട്ടവർ ഒഴികെ ഉള്ളവർക്ക് വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെരിറ്റ്-കം-മീൻസ് ബേസിസിൽ ഫീസ് സൗജന്യം അനുവദിക്കും.

കേരളത്തിന്റെ സാമൂഹിക സങ്കീർണതകൾ കണക്കിലെടുത്തുകൊണ്ടുള്ള ശാസ്ത്രീയ ധാരണയുടെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളാണ് നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**എൻ.ആർ.ഐ.ക്ക് അഞ്ചിരട്ടിഫീസ് നൽകണം എന്ന ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനം ഗൾഫിലെ ഇടത്തരം വരുമാനക്കാരായ മലയാളികൾക്ക് വിഷമമുണ്ടാക്കും എന്ന വാദം ശരിയല്ലേ?**

ഇനാംദാർകേസിലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു ക്രമീകരണം ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇത് ഫീ റഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനമാണ്. ഇതുമായി ബന്ധപ്പെടുത്തി വലിയൊരു തെറ്റിദ്ധാരണ പ്രചരിപ്പിക്കപ്പെടുന്നുണ്ട്- വിദേശമലയാളിക്ക് ഈ ഉയർന്ന ഫീസിൽ മാത്രമേ പഠിക്കാൻ കഴിയുകയുള്ളൂ എന്ന്. ഇത് അവാസ്തവമാണ്. ഗൾഫിലുള്ള മലയാളികളുടെ മക്കൾക്ക് മറ്റാരെയും പോലെ 85% സീറ്റിലേക്ക് പ്രവേശനപ്പരീക്ഷയിൽ മത്സരിച്ച് ജയിച്ചാൽ എൻ.ആർ.ഐ. ഫീസിൽ അല്ലാതെയും പഠിക്കാവുന്നതാണ്. ഗൾഫിലോ യൂറോപ്പിലോ അമേരിക്കയിലോ മറ്റു വിദേശരാജ്യങ്ങളിലോ ഉള്ള സമ്പന്നർക്ക് സ്വാശ്രയ സ്ഥാപനങ്ങളെ നിലനിർത്തുന്നതിന് സാമ്പത്തികസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ഉയർന്ന ഫീസിൽ പഠിക്കാനുള്ള പ്രത്യേക ക്രമീകരണമാണ് എൻ.ആർ.ഐ. വ്യവസ്ഥ. ഇത് സ്വാശ്രയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അനിവാര്യമായ അപാകതകളിലൊന്നായാണ് എൽ.ഡി.എഫ്. കണക്കാക്കുന്നത്.

**ഈ നിയമം നടപ്പാക്കിയാൽ കോഴസമ്പ്രദായത്തിന് വിരാമമിടാൻ കഴിയുമെന്ന് എന്താണ് ഉറപ്പ്?**

ഒന്നു മുതൽ മൂന്ന് വർഷം വരെ തടവും 50 ലക്ഷം രൂപയിൽ കുറയാത്ത തുക പിഴയും ഉൾപ്പെടെ, ഈ നിയമം ലംഘിക്കുന്നവർക്കെതിരെ, അതികർശനമായ ശിക്ഷകളാണ് പതിനഞ്ചാം വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇത്ര കർശനമായ ശിക്ഷാവ്യവസ്ഥകൾ സമാനമായ മറ്റൊരു നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടില്ല. ഇത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഈ സർക്കാരിനുണ്ടെന്ന് വ്യക്തമാണ്. ■

**സി. ദിവാകരൻ** *ഭക്ഷ്യ-മൃഗസംരക്ഷണ വകുപ്പുമന്ത്രി*



**ജന്തുക്കളിൽ നിന്ന് പടരുന്ന സാംക്രമികരോഗങ്ങൾ മനുഷ്യകുലത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരസാധ്യതകളിലേക്ക് കണ്ണോടിക്കുന്നു ഈ ലേഖനം.**

# ജന്തുജന്യരോഗങ്ങളിൽ നിന്ന് മോചനം

ലോകത്താദ്യമായി മനുഷ്യനിൽ പേവിഷബാധയ്ക്കെതിരെ ഒരു വാക്സിൻ പരീക്ഷിച്ച് വിജയം കണ്ട സുദിനമാണ് 1886 ജൂലൈ ആറ്. ലൂയി പാസ്ചർ എന്ന മഹാനായ ശാസ്ത്രജ്ഞന്റെ ആ വിജയം ലോകമാകെ ജിജ്ഞാസയോടെയാണ് വീക്ഷിച്ചത്. ജോസഫ് മീസ്റ്റർ എന്ന ചെറുബാലൻ പേ വിഷബാധയിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടപ്പോൾ അത് വൈദ്യശാസ്ത്രചരിത്രത്തിൽ ഒരു വഴിത്തിരിവായി. അതോടെ ജൂലൈ ആറ് ലോകജന്തുജന്യരോഗദിനമായി ഓരോ വർഷവും ആചരിക്കപ്പെടുന്നു.

മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്കും തിരിച്ചും പകരാവുന്ന രോഗങ്ങളെയും പകർച്ചവ്യാധികളെയുമാണ് ജന്തുജന്യരോഗങ്ങളെന്ന് വിവക്ഷിയ്ക്കുന്നത്. മനുഷ്യരിലും മൃഗങ്ങളിലും പൊതുവായി കാണപ്പെടുന്ന പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ജന്തുജന്യരോഗങ്ങളാണ്. പേവിഷബാധ മുതൽ അടുത്തകാലത്ത് ഭീതി പരത്തിയ പക്ഷിപ്പനി വരെയുള്ള ജന്തുജന്യരോഗങ്ങൾ മാനവരാശിക്ക് ഭീഷണിയുയർത്തുമ്പോഴും ഇതിന് പ്രധാന കാരണങ്ങളായ തെരുവുനായ്ക്കളുടെ ശല്യവും മലിനമാംസത്തിന്റെ വില്പനയും നിർബാധം തുടരുകയാണ്. ജന്തുക്കളിൽ നിന്നും മനുഷ്യരിലേയ്ക്കും തിരിച്ചും പകരുന്ന രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തുക എന്ന സന്ദേശമാണ് ലോകജന്തുജന്യരോഗദിനത്തിൽ നാം സ്മരിക്കേണ്ടത്.



പക്ഷികളിലെ വസന്തയും, കന്നുകാലികളിലെ കുളമ്പുദീനവും നായ്ക്കളിലെ പേവിഷബാധയും പ്രധാന ജന്തുജന്യരോഗങ്ങളാണ്. കൊതുകു പരത്തുന്ന ചിക്കൻ ഗുനിയ തമിഴ്നാട്ടിലും മറ്റും ചർച്ചാവിഷയമായിക്കഴിഞ്ഞു.

ജന്തുജന്യരോഗത്തിന്റെ സ്മരണ പുതുക്കുമ്പോൾ ആദ്യം ഓർമയിലെത്തുക പേവിഷബാധ (റാബീസ്) തന്നെയാണ്. ഒരിക്കൽ പേവിഷബാധയുടെ പ്രകടമായ രോഗലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാൽ ഒരു വൈദ്യശാസ്ത്രത്തിനും രോഗിയെ രക്ഷിക്കാനാവില്ല. അന്ത്യം വരെയും രോഗി ബോധവാനായിരിയ്ക്കുമെന്നതാണ് ദുഃഖസത്യം. റാബീസ് ഒരു വൈറസ് രോഗമാണ്. നായ്ക്കടിയിലൂടെയാണ് അധികവും രോഗം പകരുന്നത്. പേവിഷബാധയ്ക്കെതിരെ ഫലപ്രദമായ ഒട്ടേറെ വാക്സിനുകൾ ലഭ്യമാണെങ്കിലും ഇപ്പോഴും ഈ

രോഗം മനുഷ്യമനസ്സുകളിൽ ഭീതിയുണർത്തുന്ന ദുർഭൂതമായി തുടരുന്നു.

തെരുവുനായ്ക്കൾ ഉയർത്തുന്ന ഭീഷണിയാണ് കേരളത്തിൽ പേവിഷനിർമാർജനത്തിന് വിഘാതമായി നിൽക്കുന്നത്. തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുകയും അവയുടെ വംശവർധന തടയുകയും വളർത്തുനായ്ക്കൾക്ക് നിർബന്ധിത പ്രതിരോധ കുത്തിവയ്പ് നൽകുകയും ചെയ്യുന്നതിലൂടെ മാത്രമേ ജനങ്ങളെ രക്ഷിക്കാനാവൂ. എന്നാൽ നായ്ക്കളെ കൊല്ലുന്നതിനുള്ള നിയമ തടസ്സം തെരുവുനായനശീകരണത്തിന് തടസ്സമായി നിൽക്കുന്നു. ബദൽ മാർഗമായി സർക്കാരിന് മുമ്പിലുള്ളത് വംശവർധനവ് തടയാനുള്ള അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമാണ് (എ.ബി.സി. പ്രോഗ്രാം), തെരുവുനായകളെ സൂക്ഷ്മതയോടെ പിടിച്ച് ജനന നിയന്ത്രണ ശസ്ത്രക്രിയയ്ക്കും പ്രതിരോധകുത്തിവയ്പിനും ശേഷം അടയാള ബെൽറ്റുകളിട്ട് പിടിച്ച സ്ഥലത്തു തന്നെ കൊണ്ടുവിടുന്നതാണ് പദ്ധതി. എന്നാൽ ഇതിന് വേണ്ടത്ര പൊതുജനസഹകരണമില്ലാത്തതിനാൽ വിജയം കാണുന്നില്ല. കോപ്പർ ടി പോലുള്ള ഗർഭനിരോധനമാർഗങ്ങളെക്കുറിച്ചും അധികൃതർ ആലോചിച്ചുവരുന്നു.



എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പും ലൈസൻസും ഏർപ്പെടുത്തുക, പേവിഷബാധയ്ക്കെതിരെ മനുഷ്യരിലും മൃഗങ്ങളിലുമുള്ള ചികിത്സയെപ്പറ്റി ബോധവത്കരണം നടത്തുക, ചികിത്സയും മരുന്നും പരമാവധി ലഭ്യമാക്കുക, മതിൽക്കെട്ടോ ചുറ്റുവേലിയോ ഇല്ലാത്തിടത്ത് വീട്ടുവളപ്പിൽ നായ്ക്കളെ കെട്ടിയിട്ടോ കൂട്ടിനുള്ളിലാക്കിയോ വളർത്താൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിഷ്കർഷിക്കുക എന്നിവയാണ് മറ്റു പ്രതിരോധ മാർഗങ്ങൾ.



അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെയും പശുക്കളെയും കർശനമായി നിയന്ത്രിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തേണ്ടതായുണ്ട്.



സംസ്ഥാനത്ത് പേവിഷ പ്രതിരോധത്തിനോ ചികിത്സയ്ക്കോ ഉള്ള വാക്സിൻ ഉത്പാദിപ്പിക്കുന്നില്ല. തിരുവനന്തപുരത്ത് പാലോടുള്ള വെറ്ററിനറി ബയോളജിക്കൽസ് നവീകരിച്ച് സജ്ജീകരിച്ച് വാക്സിൻ നിർമാണം ആരംഭിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്. പേവിഷനിർണയത്തിനുള്ള ആധുനിക സജ്ജീകരണങ്ങൾ പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലാബിലും കൊല്ലത്തെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലുമുണ്ട്. മണ്ണുത്തി വെറ്ററിനറി കോളേജിലും പേവിഷ നിർണയ സൗകര്യമുണ്ട്.

പേവിഷബാധ, എലിപ്പനി തുടങ്ങിയ ജന്തുജന്യരോഗങ്ങൾ തടയാനുള്ള ഫലപ്രദമായ മാർഗം പരിസരശുചീകരണമാണ്. ചപ്പുചവറുകൾ കുന്നു കൂടുന്നിടത്ത് തെരുവുനായകളും എലികളും പെരുച്ചാഴികളുമൊക്കെ എത്തിപ്പെടുന്നത് സ്വാഭാവികം മാത്രം. നഗരങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ എന്നും ഒരു തലവേദനയാണ്. ഇക്കാര്യത്തിൽ അധികൃതർ മാത്രം ശുഷ്കാന്തി കാണിച്ചിട്ട് കാര്യമില്ല. പൊതുജനങ്ങളും സഹകരിക്കണം. പാതയോരങ്ങളിൽ ഭക്ഷണാവശിഷ്ടങ്ങളും ചപ്പുചവറുകളും അലക്ഷ്യമായി വലിച്ചെറിയുന്നത് സ്ഥിരം നഗരക്കാഴ്ചകളാണ്. സ്വന്തക്കാരുടെയും പിഞ്ചോമനകളുടെയും പേവിഷബാധ മൂലമുള്ള മരണമുണ്ടാകുമ്പോൾ മാത്രം പ്രതികരിച്ചിട്ടോ പ്രതിഷേധിച്ചിട്ടോ കാര്യമില്ല. നഗരങ്ങളിലും ഗ്രാമങ്ങളിലും പരിസരശുദ്ധി നിത്യജീവിതത്തിന്റെ ഒരു അജണ്ടയായിരിക്കണം.

സംസ്ഥാനത്ത് മാംസത്തിന്റെ ഉപയോഗം വർധിച്ചു വരുമ്പോഴും മാംസത്തിലൂടെ മനുഷ്യന് പകരാവുന്ന രോഗങ്ങൾ തടയാനുള്ള മാർഗങ്ങൾ ശക്തമല്ല. എന്നാൽ പഴഞ്ചൻ മാംസോത്പാദനരീതിയ്ക്ക് കുറച്ചൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ട്. മൃഗങ്ങളെ ക്രൂരമായി ആട്ടിത്തെളിച്ചുകൊണ്ടുവന്ന് തുറസ്സായ സ്ഥലങ്ങളിൽ വച്ച് കൊന്ന് വില്പന നടത്തുന്ന രീതിക്ക് നിയന്ത്രണങ്ങളുണ്ടെങ്കിലും നിർബാധം തുടരുകയാണ്. അനിയന്ത്രിതമായ ഇറച്ചിവെട്ടും വില്പനയും പൊതുജനാരോഗ്യത്തിനും പരിസ്ഥിതിയ്ക്കും നേരെ ഉയർത്തുന്ന ഭീഷണി അവഗണിക്കാവുന്നതല്ല. മാംസത്തിൽ നിന്നും മനുഷ്യരിലേക്ക് ഇതുമൂലം ജന്തുജന്യരോഗങ്ങൾ പകരുകയാണ്. അറവുശാലകൾ മുതൽ വിപണന ശൃംഖല വരെയുള്ള ശുചിത്വം വെറ്ററിനറി ഡോക്ടർമാർ ഉറപ്പു വരുത്തണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള ആസൂത്രണ പ്രക്രിയയിൽ പേവിഷ നിർമാർജനവും ശാസ്ത്രീയമായ മാംസോത്പാദനവും അത്യധികം പരിഗണന അർഹിക്കുന്നു.

കുരങ്ങുകളിൽ നിന്ന് കൊതുകുകൾ വഴി മനുഷ്യനിൽ പകരുന്ന യെല്ലോ ഫീവറും പന്നികളിൽ നിന്ന് കൊതുകു പരത്തുന്ന ജപ്പാൻജ്വരവും ഇന്ന് ആശങ്കയുണർത്തുന്ന ജന്തുജന്യരോഗങ്ങളാണ്. കാലിക്ഷയം മനുഷ്യന് പകരുന്നത് പാലിലൂടെയാണ്. കന്നുകാലികൾക്കും മനുഷ്യനും ഒരുപോലെ പേടിസ്വപ്നമായ രോഗമാണ് ആന്ത്രാക്സ്. ഇറച്ചിവെട്ടുകാർക്കും മൃഗപരിപാലകർക്കും ബ്രൂസല്ലെ രോഗം ഭീഷണി ഉയർത്തുന്നു. എലിപ്പനി പോലെയുള്ള രോഗങ്ങൾ അടുത്തകാലത്ത് വർധിച്ചുവരികയാണ്. ചുരുക്കത്തിൽ ജന്തുജന്യരോഗങ്ങളുടെ നിർമാർജനം നമ്മെ അടിയന്തരജാഗ്രതയിലേക്ക് നയിക്കുന്നു.

ജന്തുജന്യരോഗങ്ങളിൽ നിന്നുള്ള മോചനമാണ് നമ്മുടെ ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ കൂട്ടായ പങ്കാളിത്തവും ഏകോപിപ്പിച്ചുള്ള പ്രവർത്തനവും ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. സർവോപരി മാധ്യമങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ ഇക്കാര്യങ്ങൾ ജനങ്ങളിലെത്തിക്കാൻ കഴിയൂ എന്നത് അതിപ്രധാനമാണ്. ■



എസ്. രാധാകൃഷ്ണൻ

# മരുഭൂമികൾ വളരുന്നത്...

മരുഭൂമികൾ ഉണ്ടാകുന്നതെങ്ങനെ -ഇത് സാഹിത്യത്തിലെ ചോദ്യമല്ല. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിപത്തിലേയ്ക്ക് വിരൽ ചൂണ്ടുന്ന ചോദ്യമാണ്. പരിസ്ഥിതിയെക്കുറിച്ച് ആശങ്കപ്പെടുന്നവർ മരുഭൂമികൾ വളരുന്നതെങ്ങനെയെന്ന ചോദ്യത്തിന് ഉത്തരം തേടി പരക്കം പായുകയാണ്. ഐക്യരാഷ്ട്ര സഭ ഇത്തവണത്തെ പരിസ്ഥിതി ദിനം ആഘോഷിച്ചതുതന്നെ ഈ ചോദ്യത്തോടെയാണ്. മരുഭൂമികൾ വളരുകയും വ്യാപിക്കുകയും ചെയ്യുന്നത് മനുഷ്യൻ ഉത്കണ്ഠയോടെ വീക്ഷിക്കേണ്ട ആഗോള പ്രതിഭാസമായി മാറുന്നുവെന്നാണ് ഇതിനർഥം. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഉത്തരം തേടി അധികം അലയേണ്ട ആവശ്യമില്ല. മണ്ണു വരളുമ്പോൾ മരുഭൂമികൾ വളരും.

ആഗോളതാപനം കാരണം സമുദ്ര ജലനിരപ്പുയരുകയും താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുകയും ചെയ്യുന്നതിനെക്കുറിച്ച് രാജ്യങ്ങൾ വേവലാതിപ്പെടാൻ തുടങ്ങിയിട്ട് നാളേറെയായി. കാര്യമായ പ്രതിവിധികളൊന്നും കണ്ടെത്തിയിട്ടുമില്ല. ആകെയുള്ള ആശ്വാസം അന്തരീക്ഷത്തിലെ ഓസോൺ പാളി ചുരുങ്ങുന്നതിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നതു മാത്രമാണ്. കടലിലെ താപനം കാരണം ജലനിരപ്പുയരുമ്പോൾ കരയിലെ താപനം മറ്റൊരു ഭീഷണിയാണ് സൃഷ്ടിക്കുന്നത്. നാളോരോന്ന് ചെല്ലുന്തോറും ഉഷ്ണമേഖലാ പ്രദേശങ്ങൾ വ്യാപിക്കുന്നുവെന്നതാണ് ഈ ഭീഷണി. നെതർലാൻഡ്സിലും മറ്റും ചെയ്യുന്നതുപോലെ കടൽത്തീരത്തു മതിൽക്കെട്ടുയർത്തി താഴ്ന്ന നിരപ്പിലുള്ള പ്രദേശങ്ങളിൽ വെള്ളം കയറുന്നതു തടയാം.

കരയിലോ?

ഉത്തരങ്ങൾ വളരെ കുറവാണ്. കൂട്ടായി ചിന്തിക്കേണ്ട സമയമായെന്നർഥം.

കഴിഞ്ഞ ആറു വർഷം കൊണ്ട് നടത്തിയ ഒരു പഠനത്തിലെ കണ്ടെത്തലുകൾ കേട്ടു ഞെട്ടരുത്. കേൾക്കുക:

ജെറ്റ് സ്ട്രീംസ് എന്നത് മധ്യരേഖാ പ്രദേശങ്ങളിലെ അന്തരീക്ഷത്തിൽ വളരെ ഉയരത്തിലുള്ള വാതക പ്രവാഹങ്ങളാണ്. പച്ച മലയാളത്തിൽ പറഞ്ഞാൽ ഉഷ്ണക്കാറ്റ്. ഭൂമിയിൽ ചൂടു വർധിക്കുന്നതനുസരിച്ച് ഈ കാറ്റ് വടക്കോട്ടും തെക്കോട്ടും നീങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഈ നീക്കത്തിന്റെ നിരക്ക് കേട്ടാലും ഞെട്ടും. ആറു വർഷത്തിനിടയിൽ ഉഷ്ണക്കാറ്റ് 113 കിലോമീറ്റർ കൂടി കൈവശപ്പെടുത്തി. വളച്ചുകെട്ടൊന്നുമില്ലാതെ പറഞ്ഞാൽ ഉഷ്ണമേഖലാ പ്രദേശങ്ങൾ വർധിക്കുന്നു.

ചൈനയുടെ ടാരിം നദീതടത്തിലെ 12,000 ചതുരശ്ര കിലോമീറ്റർ ഭൂമിയാണ് 1960 മുതൽ 90 വരെയുള്ള കാലഘട്ടത്തിൽ കൃഷിയോഗ്യമല്ലാതായി മാറിയത്. ഇന്ത്യയിലും പാകിസ്ഥാനിലുമൊക്കെ ഇതു സംഭവിച്ചിട്ടുണ്ടെങ്കിലും കൃത്യമായ കണ




ക്കുകളില്ല. കാരണം നമ്മൾ കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കിയെടുത്തിട്ടുണ്ട്. പക്ഷേ നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഈ പോക്കാണെങ്കിൽ പ്രശ്നം ഗുരുതരമാണ്. ഈ നൂറ്റാണ്ടിൽ മൂന്നോ നാലോ ഡിഗ്രി രേഖാംശം കൂടി ഈ ഉഷ്ണവാതങ്ങൾ പ്രയാണം നടത്തും. പ്രത്യാഘാതം കനത്തതാണ്. ഒരു ഉദ്ദേശ കണക്കു പറയുകയാണെങ്കിൽ സഹാറാ മരുഭൂമി നൂറു കണക്കിനു മൈലുകൾ വടക്കോട്ടും തെക്കോട്ടും നീങ്ങും. സഹാറയുടെ തുടർച്ചയെന്നോണം കിടക്കുന്ന അറേബ്യൻ മരുഭൂമിയും ഇതു തന്നെ ചെയ്യും. ദക്ഷിണാഫ്രിക്കൻ പ്രദേശങ്ങളും പശ്ചിമേഷ്യയുമൊക്കെ വരണ്ടുണങ്ങാൻ അധികകാലം വേണ്ടെന്ന് വിദഗ്ധ വാക്യം.

ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗത്തിന്റെ (യു.എൻ.ഇ.പി.) കണക്കനുസരിച്ച് ഏറ്റവുമധികം ഭീഷണിയുള്ള രാജ്യങ്ങൾ ചാഡ്, ഇറാക്ക്, നൈജർ, സിറിയ തുടങ്ങിയവയാണ്. 2050 ആകുമ്പോഴേയ്ക്കും ഈ രാജ്യങ്ങളിൽ കടുത്ത ജലദൗർലഭ്യമനുഭവപ്പെട്ടുതുടങ്ങും. 1965നു ശേഷം മാലി, ബുർക്കിനഫാസോ എന്നീ രാജ്യങ്ങളിലെ മൊത്തം ജനസംഖ്യയുടെ ആറിലൊന്നിന് ഉപജീവനമാർഗം നശിച്ച് നഗരങ്ങളിലേയ്ക്ക് ചേക്കേറേണ്ടിവന്നു. ജലവിഭവ സ്രോതസുകളെയാണ് മരുഭൂമിവത്കരണം ആദ്യം ആക്രമിക്കുക. ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റമായിരിക്കും ഇതിൽ പ്രധാനം.

ഇന്ത്യയുടെ താർ താരതമ്യേന ചെറിയ മരുഭൂമിയാണ്. ഇതു തെക്കോട്ടും വടക്കോട്ടുമൊക്കെ നീങ്ങിയാൽ ഫലഭൂയിഷ്ഠമായ പഞ്ചാബും വ്യവസായപ്രധാനമായ ഗുജറാത്തുമൊക്കെ ആപത്തിൽപെടാൻ അധികം വേണ്ടിവരില്ല. രാജ്യത്തെ മൊത്തത്തിൽ ഇതു ബാധിക്കുമെന്നുറപ്പാണ്.



**ചൈനയിലെ വളരുന്ന തക്ലിമാകൻ മരുഭൂമി**

## ഒഴുക്കനുസരിച്ച് നീങ്ങാം

മരുഭൂമിവ്യാപനത്തിനു തടയിടുന്നത് പ്രയാസമായതുകൊണ്ട് മരുഭൂമികളെ ഉപയോഗിക്കാൻ പഠിക്കണമെന്നാണ് യു.എൻ. ഇ.പി. പറയുന്നത്. ശുദ്ധമായ ഊർജം, നവീനമായ ഔഷധങ്ങൾ, പുതിയ വിളകൾ എന്നിവയുടെ ഉറവിടമായി മരുഭൂമികളെ മാറ്റാമത്രെ. അതിനു പല മാർഗങ്ങളും അവർ നിർദേശിക്കുന്നു. വരൾച്ചയെയും ഉപ്പുവെള്ളത്തെയും അതിജീവിക്കുന്ന വിളകൾക്ക് മരുഭൂമികളിൽ സാധ്യതകളേറെയാണ്. വെള്ളം വളരെ കുറച്ചുമാത്രം ആവശ്യമുള്ള സസ്യജാലങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ ഇപ്പോൾ ലോകമെങ്ങും നടക്കുന്നുണ്ട്. ഇവ ഏറെ പ്രയോജനപ്പെടുന്നത് മരുഭൂമികൾക്കായിരിക്കും.

പുതിയ സസ്യങ്ങൾ അങ്ങനെ ഉണ്ടായിവരട്ടെ. ഇപ്പോൾ മരുഭൂമികളിൽ വളരുന്ന പല സസ്യങ്ങളും ഏറെ ഔഷധപ്രധാനമാണെന്നാണ് പുതിയ കണ്ടെത്തലുകൾ. ഇന്ത്യയിൽ തമിഴ്നാട്ടിലും ആന്ധ്രയിലുമൊക്കെ വരണ്ട പ്രദേശങ്ങളിൽ കണ്ടുവരുന്ന ജെട്രോഫ എന്ന സസ്യത്തെ ബയോഡീസൽ ഉണ്ടാക്കാൻ വിനിയോഗിക്കുന്നുണ്ട്. ജെട്രോഫയുടെ കൃഷി വ്യാപകമാക്കാനാണ് അധികൃതരുടെ തീരുമാനം.

ജെട്രോഫയിൽനിന്ന് ബയോ ഡീസൽ ഉത്പാദിപ്പിച്ച് ഊർജസാധ്യതകൾ വർധിപ്പിക്കാൻ കഴിയുമെങ്കിൽ മരുഭൂമികളിൽ നിന്ന് വൻതോതിൽ സൗരോർജം ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് പുതിയ കണ്ടെത്തലുകൾ. സൗരോർജം പോലെ സംശുദ്ധമായ മറ്റൊരു ഊർജമില്ലെന്നാണ് നിർണയിക്കപ്പെട്ടിരിക്കുന്നത്.

## വികസ്വര ലോകത്തിന്റെ പ്രശ്നം

മരുഭൂമിവത്കരണത്തെ ലോകത്തിലെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമായി ഐക്യരാഷ്ട്ര സഭ വിശേഷിപ്പിച്ചിട്ടും വികസിത രാഷ്ട്രങ്ങൾ മൗനം പാലിക്കുന്നതിന് കാരണമുണ്ട്. മിക്ക മരുഭൂമികളും മൂന്നാം ലോക രാജ്യങ്ങളിലാണെന്നതും മരുഭൂമികൾ വളർന്നാലും കോട്ടമുണ്ടാകുന്നത് അത്തരം രാജ്യങ്ങൾക്കാണെന്നതും ഈ നിഷ്ക്രിയത്വത്തിനു കാരണമാണ്. പക്ഷേ ലോകത്തിന്റെ നാലിലൊന്നു പ്രദേശങ്ങൾ ഈ ഭീഷണിയുടെ പരിധിയിൽ പെടുന്നുവെന്നതും നൂറുകോടി ജനങ്ങളെങ്കിലും ഇതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളാൽ ദുരിതത്തിലാകുമെന്നതും മാനവരാശിക്ക് അവഗണിക്കാനാവില്ല. ഐക്യരാഷ്ട്രസഭ 12 വർഷം മുമ്പ് മരുഭൂമിവത്കരണത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചതാണ്. മിക്ക രാഷ്ട്രങ്ങളിലെയും ഭരണകർത്താക്കൾക്ക് ഇതിനെക്കുറിച്ച് അറിയുകയും ചെയ്യാം. പക്ഷേ ബോധവത്കരണം വേണ്ടത്രയെന്നല്ല, തീരെയുണ്ടായിട്ടില്ല. ഇതു മനസിലാക്കിയിട്ടാകണം യു.എൻ. 2006-നെ മരുഭൂമികൾക്കും മരുഭൂമിവത്കരണത്തിനും എതിരായ വർഷമായി പ്രഖ്യാപിച്ചത്.

ഭൂമി വരളുമ്പോൾ മനുഷ്യന്റെ ജീവിതം ദുസ്സഹമാകുമെന്ന് ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. മനുഷ്യനും മൃഗങ്ങളും ജീവൻ നിലനിർത്താൻവേണ്ടി പലായനം ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടങ്ങൾ നിരവധിയാണ്. സാമ്പത്തികമായും സാമൂഹികമായും ഇതു സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ കനത്തതാണെന്ന് ഇതിനകം ലോകം മനസിലാക്കിയതാണ്. മരുഭൂമിവത്കരണം സാവധാനത്തിലുള്ള പ്രക്രിയ ആയതുകൊണ്ടുമാത്രമാണ് പലപ്പോഴും ഇതു ശ്രദ്ധിക്കപ്പെടാതെ പോകുന്നത്. പക്ഷേ കുറച്ചു കാലം കൊണ്ട് ഇതു സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കടുത്തതാണ്.

ഈ ദുരവസ്ഥയ്ക്കു വികസിത രാഷ്ട്രങ്ങളെ മാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ലെന്ന വാദത്തിനും കുറെയൊക്കെ ന്യായമുണ്ട്. കാരണം മരുപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മിക്ക മൂന്നാംലോക രാജ്യങ്ങളും തങ്ങൾ നേരിടുന്ന ഭീഷണി കണ്ടില്ലെന്നു നടിക്കുന്നു. ഗ്രാമവികസനത്തിന് അല്ലെങ്കിൽ പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിന് ഈ രാജ്യങ്ങൾ വളരെ കുറച്ചുമാത്രം തുകയാണു വിനിയോഗിക്കുന്നത്. തങ്ങളുടെ ഇത്തരം പ്രശ്നങ്ങൾ ലോകവേദികൾ അവതരിപ്പിക്കുന്നതിൽപോലും ഈ രാഷ്ട്രങ്ങൾ പരാജയപ്പെടുന്നു. ഇതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇവയ്ക്ക് ഇല്ലെന്നതാണ് പ്രധാന കാരണം. ആഫ്രിക്ക തന്നെ ഉദാഹരണം. മരുഭൂമിവത്കരണത്തിന് ഏറ്റവും പെട്ടെന്ന് ഇരയാകുന്നത് ആഫ്രിക്കൻ ജനതയാണ്. ലോകത്തിലെ വലിയ രണ്ടു മരുഭൂമികളായ സഹാറയും കലഹാരിയും ഈ ഭൂഖണ്ഡത്തിലാണ്. ഏകദേശം 35 കോടി ജനങ്ങളാണ് അവിടെ മരുപ്രദേശങ്ങളിൽ ജീവിക്കുന്നത്. പക്ഷേ ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഈ പ്രശ്നത്തിന്റെ രൂക്ഷത ഇതുവരെ ബോധ്യമായിട്ടില്ല.

വികസ്വര രാഷ്ട്രങ്ങളെ കുറ്റം പറയുന്നവർ വിശാലവും സമ്പന്നവുമായ ആസ്ട്രേലിയയുടെ കാര്യം പലപ്പോഴും മറക്കുന്നു. ലോകത്തിൽ ജനസാന്ദ്രത ഏറ്റവും കുറഞ്ഞ രാഷ്ട്രങ്ങളിലൊന്നാണ് ആസ്ട്രേലിയ എന്നിട്ടും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും ആസ്ട്രേലിയയുടെ പല ഭാഗങ്ങളെയും മരുപ്രദേശങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

## ചൈനയുടെ വഴി

ഏഷ്യയിൽ ഏറ്റവുമധികം മരുപ്രദേശമുള്ള രാജ്യം ചൈനയാണ്. ചൈനയുടെ മൊത്തം വിസ്തീർണത്തിന്റെ അഞ്ചിലൊന്ന് മരുഭൂമികളാണ്. മരുഭൂമികൾ വളരുകയാണെങ്കിൽ തങ്ങളുടെ നിലനിൽപ്പു തന്നെ അപകടപ്പെടുമെന്ന് ഈ രാജ്യം മനസിലാക്കിക്കഴിഞ്ഞു. മരുഭൂമികളുടെ വ്യാപനത്തിലൂടെ തങ്ങൾക്കു നഷ്ടപ്പെട്ട ഒരു ദശലക്ഷം ചതുരശ്രയടി ഭൂമി തിരിച്ചെടുക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഈ രാജ്യം. 2020 ആകുമ്പോൾ അഞ്ചു ലക്ഷം ചതുരശ്ര കിലോമീറ്റർ വീണ്ടെടുക്കാൻ കഴിയുമെന്നാണ് ചൈനക്കാരുടെ പ്രതീക്ഷ.

വരൾച്ചയുടെ ഭീഷണിയിൽ നിൽക്കുന്ന പ്രദേശങ്ങളിൽ കൃഷിഭൂമിയുടെ ചൂഷണം അവസാനിപ്പിച്ച്, മരങ്ങളും പുല്ലും നട്ടുവളർത്തി മുന്നോട്ടുപോകാനാണ് ചൈന തീരുമാനിച്ചിരിക്കുന്നത്.

വിറകിനും മറ്റുമായി മരങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കി ഇത്തരം പ്രദേശങ്ങളിൽ സൗരോർജവും കാറ്റിൽനിന്നുള്ള വൈദ്യുതിയും ഉപയോഗിക്കാനാണു തീരുമാനം.

സ്വകാര്യമേഖലയുടെ സഹായവും ഇക്കാര്യത്തിൽ ചൈന തേടിയിട്ടുണ്ടെന്നതാണ് പ്രത്യേകത. സ്വകാര്യസ്ഥാപനങ്ങൾ മരുഭൂമിവത്കരണത്തിനെതിരെ നടത്തുന്ന പ്രവർത്തനങ്ങൾക്കായി വായ്പയെടുക്കുകയാണെങ്കിൽ അതിന്റെ പലിശ സർക്കാർ ഒഴിവാക്കിക്കൊടുക്കും. മാത്രമല്ല ഇത്തരം നിക്ഷേപങ്ങൾക്കു നികുതി ഈടാക്കുകയുമില്ല.

ചൈനയിൽ 1990 വരെയുള്ള കാലത്ത് മരുഭൂമികൾ വളരുന്നതിനെതിരെ കാര്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നില്ല. 94 മുതൽ 99 വരെയുള്ള വർഷങ്ങളിൽ മരുഭൂമിവത്കരണം ആണ്ടിൽ 3500 ചതുരശ്ര കിലോമീറ്റർ എന്ന കണക്കിലായിരുന്നു. എന്നാൽ 2000 മുതൽ 2004 വരെയുള്ള കണക്കെടുക്കുമ്പോൾ ഇത് 1283 ചതുരശ്ര കിലോമീറ്ററാണ്.

ചൈന മാത്രമല്ല മനസുവച്ച് പ്രവർത്തിച്ച മറ്റു രാജ്യങ്ങളും മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യമായ കെനിയയിലെ വരണ്ട ഒരു ജില്ലയിൽ ജനസംഖ്യ അഞ്ചു മടങ്ങു വർധിച്ചിട്ടും ജല, മണ്ണു സംരക്ഷണപ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിനാശം ഒഴിവാക്കാൻ കഴിഞ്ഞു. കുന്നിൻ ചരിവുകളിൽ കുളങ്ങൾ കുഴിച്ചും മറ്റുമാണ് ഇതു സാധിച്ചെടുത്തത്. മെച്ചപ്പെട്ട കൃഷിരീതികളിലൂടെ നൈജീരിയയുടെ



വടക്കൻ അർധ മരുപ്രദേശങ്ങളിൽ വരൾച്ച തടയാൻ അവിടത്തെ ഭരണസംവിധാനത്തിനു സാധിച്ചിട്ടുണ്ട്.

## ഇന്ത്യയിൽ

ചൈനയിൽ മരുപ്രദേശങ്ങൾ കൂടുതലായതിനനുസരിച്ച് മരുഭൂമിവത്കരണത്തിന്റെ ഭീഷണിയും കൂടുതലാണ്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളാണ് അധികൃതരിൽ ആശങ്ക വർധിപ്പിക്കുന്നത്. രാജസ്ഥാനിലെ പല പ്രദേശങ്ങളും മരുഭൂമിവത്കരണത്തിന്റെ പിടിയിലാണ്. ഇതിനു പുറമെയാണ് മരുഭൂമിയിൽനിന്നു വീശുന്ന ഉഷ്ണക്കാറ്റ് സമീപപ്രദേശങ്ങളിൽ സൃഷ്ടിക്കുന്ന വായുമലിനീകരണം. കാലം ചെല്ലുന്തോറും ഈ കാറ്റ് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കടന്നുചെല്ലുന്നുണ്ട്.

മരുഭൂമികളുള്ള ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ചൈനയുടെയും ഇന്ത്യയുടെയും സ്ഥിതി ഭേദമാണെന്നാണ് ഐക്യരാഷ്ട്രസഭയുടെ വിലയിരുത്തൽ. പക്ഷേ അതുകൊണ്ട് പ്രശ്നം തീരുന്നില്ല. ഇന്ത്യയുടെ മൊത്തം ഭൂഭാഗത്തിന്റെ പത്തു ശതമാനത്തിലേറെ മരുഭൂമിവത്കരണത്തിന്റെ ഭീഷണിയിലാണെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ. വരൾച്ചയോ ക്ഷാമമോ ഉണ്ടാകുമ്പോഴോ അല്ലെങ്കിൽ കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോഴോ ആയിരിക്കും ജനങ്ങൾ മരുഭൂമിവത്കരണത്തിന്റെ ആഴം മനസിലാക്കുക. അല്ലെങ്കിൽ ചൂടും കാറ്റുമൊക്കെ ജീവിതചര്യയുടെ ഭാഗമായി നിലനിൽക്കും. ഈ വിഷയത്തിന്റെ ദീർഘകാലസ്ഥിതിയും മറ്റു പ്രശ്നങ്ങളുമായുള്ള ബന്ധവും മരുഭൂമിവത്കരണത്തെ വേർതിരിച്ചു കാണുന്നതിൽനിന്ന് ജനങ്ങളെ അകറ്റിനിർത്തുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് രാജസ്ഥാന്റെ 20 ശതമാനം ഭൂമി മാത്രമേ കൃഷിയോഗ്യമായി ഉണ്ടായിരുന്നുള്ളു. എഴുപതുകളിൽ ഇത് 60 ശതമാനമായി ഉയർന്നു. അമിതമായ ചൂഷണം നിമിത്തം ഇന്ന് മൊത്തത്തിൽ ജലത്തിന്റെ ഉത്പാദനക്ഷമതയും മണ്ണിന്റെ ഫലഭൂയിഷ്ഠതയും കുറഞ്ഞുവെന്നാണ് കണക്കാക്കപ്പെടുന്നത്. ജനസംഖ്യാവർധനയുടെ ആഘാതം മരുഭൂമിവത്കരണത്തെ കുറച്ചൊന്നുമല്ല പെരുക്കിയിട്ടുള്ളത്. കന്നുകാലികളുടെ വർധന പുൽമേടുകളുടെ നാശത്തിനു കാരണമായിട്ടുണ്ട്. കാലിക്കൂട്ടങ്ങളുടെ വലിപ്പം വൻതോതിൽ വർധിച്ചിട്ടുണ്ട്. ഇതുകാരണം ദീർഘകാലാടിസ്ഥാനത്തിൽ വളരുന്ന സസ്യങ്ങളുടെ എണ്ണം കുറഞ്ഞു. കാര്യക്ഷമമോ ആസൂത്രിതമോ അല്ലാത്ത കൃഷിരീതികൾ കാരണം ലവണജലം ഉപരിതലത്തിലെത്തുന്നുവെന്നുമാത്രമല്ല അവ ഒഴുകിപ്പോകാതെ കെട്ടിനിൽക്കുകയും ചെയ്യുന്നു. കിണറുകൾ വേണ്ടതിലധികം കുഴിച്ചതുകാരണം ശുദ്ധജലനിരപ്പു താഴുകയും അവയിൽ ഓരുവെള്ളം കയറുകയും ചെയ്തു. ശുദ്ധജലനിരപ്പു താഴ്ന്നത് നദീമുഖങ്ങളിലേയ്ക്ക് ഓരുവെള്ളം കയറാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്.



## കേരളം എവിടെ?

കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമെല്ലാം മരുഭൂമിവത്കരണത്തിന്റെ മറ്റൊരു മുഖമാണു കാണിച്ചുതരുന്നത്. വനനാശം കാരണം പശ്ചിമഘട്ടത്തിൽ പലയിടത്തും മൊട്ടക്കുന്നുകളാണുള്ളത്. മേൽമണ്ണ് ഒലിച്ചുപോകുന്നത് ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്.

ഇന്ന് അനുഭവപ്പെടുന്ന അത്യുഷ്ണവും ജലക്ഷാമവുമൊക്കെ മരുഭൂമിവത്കരണത്തിലേയ്ക്ക് പോകുന്നതിന്റെ സൂചനകളാണെന്ന് ശാസ്ത്രജ്ഞരും പരിസ്ഥിതിപ്രവർത്തകരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു തടയാനുള്ള ശ്രമം പക്ഷേ കുറവാണെന്നു മാത്രം.

കേരളത്തിന്റെ പ്രത്യേകതയായ ഉൾനാടൻ ജലാശയങ്ങളുടെ വിസ്തീർണത്തിൽ നല്ല പങ്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. കായലുകൾ കയ്യേറി നിർമാണപ്രവർത്തനങ്ങൾ നടത്തിയും മറ്റും മരുഭൂമിവത്കരണത്തിനു നാം തുടക്കമിട്ടുകഴിഞ്ഞു. രാജസ്ഥാനിലെപ്പോലെ ഇവ മണൽക്കാടുകളായി മാറുന്നില്ലെന്നു മാത്രം. പക്ഷേ അതിനുവേണ്ടി വളരെയൊന്നും കാത്തിരിക്കേണ്ടി വരില്ല. ഓരുവെള്ളം ഇപ്പോൾത്തന്നെ നദികളിലേയ്ക്കു കയറാൻ തുടങ്ങിയിട്ടുണ്ട്. അത് നമ്മുടെ കുളങ്ങളിലും കിണറുകളിലും എത്തുന്നു. തീരപ്രദേശങ്ങളിൽ കുടിവെള്ളത്തിന് മറ്റു മാർഗങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്.

രാജസ്ഥാൻ കഴിഞ്ഞാൽ നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട് മരുഭൂമിവത്കരണത്തിന്റെ പാതയിലാണെന്നാണ് പഠനങ്ങൾ കണ്ടെത്തിയിട്ടുള്ളത്. തമിഴ്നാട്പരിസ്ഥിതി വകുപ്പിന്റെ കണക്കിൽത്തന്നെ 37 ലക്ഷം ഹെക്ടർ ഭൂമി ഈ വിഭാഗത്തിലുണ്ട്. രാമനാഥപുരം, ഈറോഡ്, തേനി, ശിവഗംഗ, നാഗപട്ടണം എന്നീ ജില്ലകളിലാണിത്.

## ദാരിദ്ര്യത്തിലെത്തുമ്പോൾ

മണ്ണു സംരക്ഷിക്കാൻ നാം കൂടുതലൊന്നും ചെയ്യേണ്ടതില്ല. മണ്ണിനെ സംരക്ഷിക്കാൻ പഴമക്കാർ ചെയ്ത കാര്യങ്ങൾ അല്പം ശാസ്ത്രീയമായി മുന്നോട്ടുകൊണ്ടുപോയാൽ മതി. ബുർക്കിന ഫാസോ എന്ന രാജ്യത്ത് മരുഭൂമി മണ്ണിലേയ്ക്കു തള്ളിക്കയറാൻ തുടങ്ങിയപ്പോൾ നാട്ടുകാർ ചെറിയ കരിങ്കൽ മതിലുകൾ കെട്ടി മണ്ണും വെള്ളവും സംരക്ഷിച്ചുനിർത്തി. ആഫ്രിക്കയിൽ പല പ്രദേശങ്ങളിലും ഇപ്പോൾ നാടൻ സാങ്കേതികവിദ്യയാണ് മണ്ണുസംരക്ഷണത്തിന് അവലംബിക്കുന്നത്.

മണ്ണും വെള്ളവും ഒലിച്ചുപോകുമ്പോൾ നഷ്ടപ്പെടുന്നത് ജനങ്ങളുടെ സമ്പത്താണ്. ജീവസന്ധാരണത്തിനുള്ള മാർഗങ്ങൾ മാത്രമല്ല ഇല്ലാതാകുന്നത്. അവിടെ ദുരിതങ്ങൾ സമ്മാനിക്കപ്പെടുക കൂടി ചെയ്യുന്നു. സാമ്പത്തിക സമ്മർദങ്ങൾക്കു വഴങ്ങി ഭൂമിയെ ചൂഷണം ചെയ്യുമ്പോൾ ഏറ്റവുമധികം ദ്രോഹിക്കപ്പെടുന്നത് സമൂഹത്തിലെ അധ:സ്ഥിതരാണ്. മണ്ണിനെ ആശ്രയിച്ചു കഴിയുന്ന അവർ ജീവിക്കാൻവേണ്ടി മണ്ണിനെ കൂടുതൽ ചൂഷണം ചെയ്യുന്നു. മരുഭൂമിവത്കരണത്തിന്റെ കാരണവും അതിന്റെ ഇരകളും അവരായി വന്നുഭവിക്കുന്നു. മരുഭൂമിവത്കരണം കാരണം ദാരിദ്ര്യമുണ്ടാകാം. അതുപോലെതന്നെ ദാരിദ്ര്യം കാരണം മരുഭൂമികളുമുണ്ടാകാം. അതൊരു ദൂഷിതവലയമാണ്. ■

മനോജ് കുമാർ പഴശ്ശി



മലബാർ കലാപത്തെ മാപ്പിള ലഹളയെന്ന് ചുരുക്കി വിളിക്കുന്നത് ചരിത്രത്തോട് കാട്ടുന്ന അനീതിയാണ്. മലബാർ കലാപത്തെപ്പറ്റിയുള്ള പഠനങ്ങളുടെ പശ്ചാത്തലത്തിൽ സമകാലിക സമൂഹത്തിന്റെ പുഴുക്കുത്തായി മാറിയ ഹിന്ദു – മുസ്ലിം വൈരത്തിന്റെ അടിവേര് ചികയുകയാണ് ലേഖകൻ.

# മലബാർ കലാപത്തിന്റെ പശ്ചാത്തലം

## വ്യാഖ്യാന വഴക്കങ്ങൾ

മലബാർ കലാപത്തിന്റെ എൺപത്തിയഞ്ചാം വാർഷികമാണിത്. 1921 ആഗസ്റ്റ് മാസം ഏറനാട് വള്ളുവനാട് താലൂക്കിനെ വിറപ്പിച്ച മലബാർ കലാപം കേരള ചരിത്രത്തിലെ വലിയ വാദ പ്രതിവാദങ്ങൾക്ക് ഇടം നൽകിയ സംഭവമായിരുന്നു. കലാപത്തെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ എന്നും അഭിപ്രായവ്യത്യാസങ്ങൾ നിലനിന്നിരുന്നു. അത് കേവലം മതലഹളയായിരുന്നെന്നും കാർഷിക കലാപമായിരുന്നെന്നും സ്വാതന്ത്ര്യസമരത്തിന്റെ വഴിപിഴച്ച ഒരു അനുഭവമായിരുന്നെന്നും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. കലാപകാരികൾ മുസ്ലിങ്ങൾ ആയിരുന്നതിനാൽ മാപ്പിള ലഹളയായി വിലയിരുത്താനുള്ള ശ്രമം ഇന്നും പ്രബലമാണ്. എന്നാൽ ഏറനാട്ടിലെ മാപ്പിളമാർ കലാപത്തിനൊരുങ്ങിയതിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ പശ്ചാത്തലം കൂടി വിശകലനം ചെയ്തുകൊണ്ട് പ്രൊഫ. കെ.എൻ. പണിക്കരും ഇ.എം.എസുമാണ് കലാപകാരണം ശരിയായി അന്വേഷിച്ചത്.

### പശ്ചാത്തലം

പ്രാചീനകാലം മുതൽക്കുതന്നെ കേരളത്തിൽ കച്ചവടാവശ്യത്തിനെത്തിച്ചേർന്ന അറബികളിൽ നിന്നാണ് കേരള മാപ്പിളമാർ രൂപപ്പെടുന്നത്. അറബികളുടെ സഹായത്താൽ ലഭിച്ച കച്ചവടാധിപത്യവും നാവിക പാരമ്പര്യവും ഉപയോഗപ്പെടുത്തി അവർ പ്രബലസമുദായമായി മാറി. സാമൂതിരിയുടെ സേനാനായകനായി കുഞ്ഞാലിമരയ്ക്കാരും കച്ചവടപ്രമുഖനായി ഷാബന്തർകോയയും ഉയർന്നു വന്നത് മുസ്ലിം പ്രാമാണ്യത്തിന്റെ തെളിവുകളാണ്. എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പോർട്ടുഗീസുകാരുടെ ആക്രമണമാണ് മുസ്ലിങ്ങൾക്ക് വിനയായിത്തീർന്നത്. തീരദേശത്ത് രക്ഷയില്ലാതായപ്പോൾ അവർ ഉൾനാടുകളിലേക്ക് പിന്മാറി. പതിനെട്ടാം നൂറ്റാണ്ടിൽ ഹൈദരലിയും ടിപ്പുസുൽത്താനും മലബാറിനെ കീഴടക്കിയപ്പോൾ മുസ്ലിം സമുദായത്തിനും ചില അധികാരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മലബാർ ബ്രിട്ടീഷ് ആധിപത്യത്തിലേക്ക് നീങ്ങിയപ്പോൾ കടുത്ത അവഗണനയും അവഹേളനവുമാണ് അവർക്ക് നേരിടേണ്ടിവന്നത്.

മലബാറിലെ അതൃപ്തരായ മുസ്ലിങ്ങൾ 1921ന് മുമ്പുതന്നെ മുപ്പതോളം ചെറു കലാപങ്ങൾ നടത്തിയിരുന്നു. ഇത് അന്വേഷിക്കാൻ നിയമിതനായ സ്ട്രെയിംജ് കമ്മിഷൻ മതവൈരം മാത്രമാണ് കലാപകാരണം എന്നാണ് കണ്ടെത്തിയത്. കലാപങ്ങളെ അടിച്ചമർത്താൻ മർദനമുറകൾ അഴിച്ചുവിട്ടെങ്കിലും സമാധാനം കൈവന്നില്ല. തുടർന്ന് നിയമിതനായ വില്യം ലോഗൻ കമ്മിഷൻ മറ്റുചില കാരണങ്ങൾ കൂടെ കണ്ടെത്തി. ജന്മിമാരായ ഹിന്ദുക്കൾ കുടിയാന്മാരായ മുസ്ലിങ്ങൾക്ക് നേരെ നടത്തുന്ന അതിക്രമങ്ങൾക്കെതിരെ ഒരു കുടിയാൻ നിയമം പാസാക്കി. എന്നിട്ടും കലാപങ്ങൾ അവസാനിച്ചില്ല. കലാപം അടിച്ചമർത്താൻ രൂപീകരിച്ച എം.എസ്.പിയുടെ ശ്രമങ്ങളും പരാജയപ്പെടുകയായിരുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തോടെ



ഇന്ത്യൻ നാഷണൽ കോൺഗ്രസും ഖിലാഫത്ത് പ്രസ്ഥാനവും മലബാറിൽ ശക്തമായി. ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുകയായിരുന്നു കോൺഗ്രസ് ലക്ഷ്യം. മുസ്ലിം ആത്മീയ തലസ്ഥാനമായ തുർക്കിയെ ബ്രിട്ടീഷുകാർ കീഴടക്കിയതിലെ പ്രതിഷേധമായിരുന്നു ഖിലാഫത്ത്. പൊതുവിൽ രണ്ട് പ്രസ്ഥാനങ്ങളും ബ്രിട്ടനെതിരായിരുന്നു. 1921-ലെ 'ഒറ്റപ്പാലം കോൺഗ്രസ് സമ്മേളന'ത്തിൽ ഖിലാഫത്ത് പ്രവർത്തകർ പങ്കെടുത്തിരുന്നു. കോൺഗ്രസ്-ഖിലാഫത്ത് ഐക്യനിര മലബാറിൽ തങ്ങൾക്കെതിരാകും എന്ന് ഭയന്ന ബ്രിട്ടീഷ് ഭരണാധികാരികൾ നടത്തിയ ഗൂഢാലോചനകളാണ് 1921നെ രക്തരൂഷിതമാക്കിയത്.

## കലാപത്തിന്റെ നാളുകൾ

ആഗസ്റ്റ് 20ന് നടന്ന പൂക്കോട്ടൂർ കലാപത്തോടെയാണ് ലഹള തുടങ്ങുന്നത്. നിലമ്പൂർ കോവിലകത്തെ കാര്യസ്ഥനായിരുന്ന വടക്കേവീട്ടിൽ മുഹമ്മദ് ആയിരുന്നു പൂക്കോട്ടൂർ ഖിലാഫത്ത് സെക്രട്ടറി. ഒരു തോക്കുകളവു കേസിൽപ്പെടുത്തി അറസ്റ്റ് ചെയ്യാനുള്ള ശ്രമത്തെ മുഹമ്മദും അനുയായികളും ചെറുത്തു. ആഗസ്റ്റ് 19 അർദ്ധരാത്രി പൊലീസും പട്ടാളവും ചേർന്ന് തിരൂരങ്ങാടി പ്പള്ളി വളഞ്ഞ് ഖിലാഫത്ത് നേതാവായ ആലി മുസലിയാരെയും മറ്റും അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു. പൊലീസ് പള്ളി ആക്രമിച്ചു എന്ന വാർത്ത പരക്കുകയും മാപ്പിളമാർ കയ്യിൽ കിട്ടിയ ആയുധങ്ങളുമായി തിരൂരങ്ങാടിയിൽ എത്തുകയും ചെയ്തു. തുടർന്നുണ്ടായ വെടിവയ്പിൽ നിരവധി പേർ മരിച്ചു. ഇതേ തുടർന്ന് കലാപം ഏറനാട്, വള്ളുവനാട് താലൂക്കിലാകെ വ്യാപിച്ചു. സർക്കാർ ഓഫീസുകളും പൊലീസ് സ്റ്റേഷനുകളും ട്രഷറികളും കോടതികളും പിടിച്ചെടുത്തുകൊണ്ട് മഞ്ചേരി, തിരൂരങ്ങാടി, മലപ്പുറം, പെരിന്തൽമണ്ണ പ്രദേശങ്ങളിൽ വിപ്ലവഭരണം പ്രഖ്യാപിച്ചു. ആലിമുസലിയാർ, വാരിയംകുന്നത്ത് കുഞ്ഞമ്മദ് ഹാജി, കുമരംപുത്തൂർ സീതിക്കോയ തങ്ങൾ എന്നിവർ സ്വയം ഭരണാധികാരികളായി പ്രഖ്യാപിച്ചു.

ബ്രിട്ടീഷ് ഭരണാധികാരികൾ കലാപപ്രദേശങ്ങളിൽ പട്ടാളനിയമം നടപ്പിലാക്കിക്കൊണ്ടാണ് കലാപത്തെ അടിച്ചമർത്തിയത്. ആഗസ്റ്റ് 26ന് നടന്ന പൂക്കോട്ടൂർ ഏറ്റുമുട്ടലിൽ നാനൂറോളം കലാപകാരികൾ കൊല്ലപ്പെട്ടു. ആലിമുസലിയാരെ പിടികൂടുകയും തൂക്കിക്കൊല്ലുകയും ചെയ്തു. ചില സ്ഥലങ്ങളിൽ ഹിന്ദുക്കൾ പൊലീസിനെ സഹായിച്ചപ്പോൾ കലാപത്തിന് വർഗീയനിറം കൈവന്നു. കൊള്ളയും കൊള്ളിവയ്പും വ്യാപകമായപ്പോൾ വമ്പിച്ച സ്വത്തുനാശവും ജീവഹാനിയുമുണ്ടായി. ആയിരക്കണക്കിനാളുകളെ അന്തമാൻ നിക്കോബാർ ദ്വീപുകളിലേക്ക് നാടുകടത്തി. ശിക്ഷിക്കപ്പെട്ട കുറ്റവാളികളെ ഒരു ചരക്ക് വണ്ടിയിൽ കയറ്റി കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി. പോത്തന്നൂരിൽ വച്ച് വാഗൺ തുറന്ന് നോക്കിയപ്പോൾ 64 പേർ മരിച്ചു കഴിഞ്ഞിരുന്നു. നവംബർ 10ന് നടന്ന ഈ ദാരുണ ദുരന്തം 'വാഗൺ ട്രാജഡി' എന്ന പേരിൽ അറിയപ്പെടുന്നു.

മലബാർ കലാപത്തെത്തുടർന്ന് നാലഞ്ചുവർഷം മലബാറിലെ ദേശീയപ്രസ്ഥാനം നിർജീവമായിരുന്നു. തങ്ങളെ പട്ടാളത്തിന് മുന്നിൽ എറിഞ്ഞുകൊടുത്തുവെന്ന് മുസ്ലിങ്ങളും മുസ്ലിങ്ങളെ കലാപത്തിന് പ്രേരിപ്പിച്ചെന്ന് ഹിന്ദുക്കളും കോൺഗ്രസിനെതിരെ ആരോപണം ഉന്നയിച്ചു. ഈ ശത്രുത അവസാനിപ്പിക്കാൻ കെ.പി. കേശവമേനോന്റെ നേതൃത്വത്തിൽ പണം പിരിച്ച് 1923-ൽ 'മാതൃഭൂമി'യും മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ 'അൽ അമീൻ പത്ര'വും ആരംഭിച്ചു. കലാപം താത്കാലിക തിരിച്ചടിയായിരുന്നെങ്കിലും പിന്നീട് കോഴിക്കോട് ദേശീയപ്രസ്ഥാനത്തിന്റെ പ്രധാനകേന്ദ്രമായിത്തീർന്നു.

## വ്യത്യസ്തമായ കാഴ്ചപ്പാടുകൾ

അഹിംസ പ്രചരിപ്പിക്കാൻ അനുവാദം നിഷേധിച്ചതാണ് കലാപം രൂക്ഷമാകാൻ കാരണമെന്നാണ് 1921ലെ അഹമ്മദാബാദ് കോൺഗ്രസ് സമ്മേളനം വിലയിരുത്തിയത്. ഖിലാഫത്തിനെതിരായ അടിച്ചമർത്തലാണ് കെ.പി. കേശവമേനോൻ കലാപകാരണമായി കണ്ടെത്തിയത്. വ്യക്തമായ മാർഗനിർദേശങ്ങൾ ലഭിച്ചിരുന്നെങ്കിൽ വൻദേശീയ മുന്നേറ്റത്തിന് വഴിയൊരുങ്ങുമായിരുന്നെന്ന് പി.കെ.കെ. മേനോൻ അഭിപ്രായപ്പെട്ടു.

പ്രൊഫ. കെ.എൻ. പണിക്കരാണ് 'പ്രഭുത്വത്തിനും ഭരണകൂടത്തിനുമെതിരെ' എന്ന പുസ്തകത്തിലൂടെ മലബാർ കലാപത്തെ സമഗ്രമായി അപഗ്രഥിച്ചത്. അദ്ദേഹം കലാപത്തിന്റെ ഭൗതിക സാഹചര്യങ്ങളെയും ആശയസംഹിതയെയും വിശകലനം ചെയ്യുന്നുണ്ട്. ബ്രിട്ടീഷ് മലബാറിലെ ഉത്പാദക ബന്ധങ്ങളാണ് കലാപത്തിന്റെ ഉറവിടമെങ്കിലും കലാപകാരികളുടെ മതപരമായ കാഴ്ചപ്പാടുകൾക്ക് പ്രാധാന്യമുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് രൂപം കൊണ്ട കാർഷികവ്യവസ്ഥയും ജന്മി-കുടിയാൻ ബന്ധവുമാണ് കലാപത്തിലേക്ക് നയിച്ച ഭൗതികപശ്ചാത്തലം. കലാപകാരികളുടെ ലക്ഷ്യം ബ്രിട്ടീഷ് ഭരണവും ജന്മിമാരുമായിരുന്നു. അതേസമയം മുസ്ലിം സമുദായത്തിലെ ബുദ്ധിജീവികൾ മുസ്ലിങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെ ഇസ്ലാമിക കാഴ്ചപ്പാടുകളിലൂടെ വിലയിരുത്താനാണ് ശ്രമിച്ചത്. അവർ സാമ്രാജ്യത്വഭരണകൂടത്തിന്റെ മർദനമുറകളെയും മതപരമായ ബ്രിട്ടീഷ് ആധിപത്യത്തെയും ഒരുപോലെ ചെറുത്തു. അതിനായി കോൺഗ്രസ്സിനോടൊപ്പം സമരരംഗത്തിറങ്ങുകയും ചെയ്തു. എന്നാൽ ഖിലാഫത്ത് കോൺഗ്രസിന്റെ സത്യാഗ്രഹസമരമാർഗം സ്വീകരിക്കാതെ കലാപത്തിന്റെയും ഏറ്റുമുട്ടലുകളുടെയും വഴിയിലേക്ക് നീങ്ങുകയായിരുന്നു. ബ്രിട്ടീഷ്-ജന്മിവിരുദ്ധസമരത്തിൽ മാപ്പിള കർഷകർ സംഘടിച്ചതിൽ മതപരമായ ചിഹ്നങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ കലാപത്തിന്റെ ഒരു ഘട്ടത്തിൽ ദിശാബോധമുള്ള നേതൃത്വം വധിക്കപ്പെടുകയോ അറസ്റ്റിലാവുകയോ ചെയ്തപ്പോൾ അത് ഹിന്ദു മുസ്ലിം കലാപമായി മാറുകയും ചെയ്തു. ആശയരംഗത്തെ വ്യതിയാനങ്ങൾ ഭൗതികസന്ദർഭങ്ങളിൽ ഉണ്ടാക്കുന്ന ചലനങ്ങളെയാണ് കെ.എം.പണിക്കർ വിലയിരുത്തുന്നത്.

'കേരളം-മലയാളികളുടെ മാതൃഭൂമി' എന്ന പുസ്തകത്തിൽ ഇ.എം.എസ്. മലബാർ കലാപത്തെ വിശകലനം ചെയ്യുന്നുണ്ട്. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ പ്രധാനശത്രുക്കൾ മുസ്ലിങ്ങളായിരുന്നു. ഇന്ത്യയുടെ ഇതരഭാഗങ്ങളിലും ബ്രിട്ടീഷുകാർക്കെതിരായി ആദ്യം രംഗത്ത് വന്നത് മുസ്ലിം ഉലമാക്കളായിരുന്നു. തെക്കേ ഇന്ത്യയിൽ ബ്രിട്ടീ



ഷുകാരുടെ പ്രധാനശത്രു മൈസൂർ സുൽത്താന്മാരായിരുന്നു. അതുകൊണ്ട് ജനങ്ങളിൽ മുസ്ലിം വിരുദ്ധമനോഭാവം വളർത്താൻ അവർ ശ്രമിച്ചിരുന്നു. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെയും ഭരണരീതിയുടെയും ഫലമായി ഉയർന്നുവന്ന നവീനസംസ്കാരത്തിൽ നിന്ന് ഇസ്ലാമിനെ രക്ഷിക്കാനും മുസ്ലിം പ്രമാണിമാരും മതപുരോഹിതന്മാരും നടത്തിയ ശ്രമങ്ങളും അവരെ തികച്ചും അമർത്തി സ്വന്തം അധികാരം ഉറപ്പിക്കാൻ ബ്രിട്ടീഷുകാരെടുത്ത നടപടികളുമാണ് മലബാറിലെ മാപ്പിളപ്രശ്നത്തിന്റെ കാതൽ എന്നദ്ദേഹം വിലയിരുത്തുന്നു.

മലബാർ കലാപത്തെ മൂന്നു ഘട്ടങ്ങളായി വിഭജിച്ചുകൊണ്ട് വിലയിരുത്താനാണ് അദ്ദേഹം ശ്രമിച്ചത്. 1921 ഏപ്രിൽ മാസത്തിൽ നടന്ന ഒറ്റപ്പാലം കോൺഗ്രസ് സമ്മേളനം മുതൽ ആഗസ്റ്റ് 20 വരെയുള്ള കാലമാണ് ഒന്നാം ഘട്ടം. ഈ കാലത്ത് കോൺഗ്രസ്സും ഖിലാഫത്തും തമ്മിൽ പുറമേയ്ക്ക് ഉരുക്കുപോലെ ഉറച്ചതെന്ന് തോന്നിക്കുന്ന ഐക്യമുണ്ടായിരുന്നു. ആ സമയത്ത് ഗവൺമെന്റ് മതവികാരം ഇളക്കിവിട്ട് അക്രമത്തിന് പ്രേരിപ്പിക്കുകയായിരുന്നു. ലഹളയുടെ രണ്ടാംഘട്ടത്തിൽ കോൺഗ്രസ്-ഖിലാഫത്ത് നേതാക്കന്മാരും മാപ്പിളമാരും തമ്മിൽ അഭിപ്രായവ്യത്യാസമാരംഭിച്ചു. മുസ്ലിങ്ങൾ ആയുധമെടുത്ത് ബ്രിട്ടീഷ് പൊലീസിനോട് ഏറ്റുമുട്ടിയപ്പോൾ കോൺഗ്രസ് നേതാക്കൾ ഇടപെട്ടിരുന്നു. ആഗസ്റ്റ് 20ന് തിരൂരങ്ങാടിപ്പള്ളിയിലെത്തിയ കോൺഗ്രസ് നേതാവ് മാധവൻനായർ 'അക്രമത്തിനായി നിങ്ങൾ ഒരുക്കമെങ്കിൽ നിങ്ങളോടുകൂടി ഞാനില്ല' എന്നു പറഞ്ഞുകൊണ്ടാണ് മടങ്ങിയത്.

ആഗസ്റ്റ് 28ന് നടന്ന പൂക്കോട്ടൂർ യുദ്ധത്തോടുകൂടിയാണ് ലഹളയുടെ മൂന്നാംഘട്ടം ആരംഭിച്ചത്. പരിശീലനം ലഭിച്ചിട്ടില്ലാത്ത മാപ്പിള്ളമാരും പരിഷ്കൃത ആയുധങ്ങളുമായി ബ്രിട്ടീഷ് പട്ടാളവും പരസ്യ യുദ്ധത്തിലേർപ്പെട്ടു. ഈ ഘട്ടത്തിലാണ് ഹിന്ദുക്കൾ ലഹളയുടെ ഭാഗമായിത്തീർന്നത്. മാപ്പിളമാരെ കണ്ടെത്താൻ ഹിന്ദുക്കളുടെ സഹായം തേടിയ ബ്രിട്ടീഷുകാർ ഹിന്ദു-മുസ്ലിം അനൈക്യം വളർത്തുകയായിരുന്നു. ഈ ഘട്ടത്തിലാണ് നിർബന്ധിത മതം മാറ്റം, ഹിന്ദുക്ഷേത്രങ്ങൾ നശിപ്പിക്കുക തുടങ്ങിയ സംഭവങ്ങൾ പലയിടത്തും നടന്നത്. എന്നാൽ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന രാജ്യതന്ത്രമനുസരിച്ച് പ്രവർത്തിച്ച ബ്രിട്ടീഷ് ഭരണത്തെ പൊളിക്കാനുള്ള മറുതന്ത്രം പ്രയോഗിക്കാൻ കോൺഗ്രസിന് കഴിഞ്ഞില്ല. അക്രമരഹിതമായ നിസ്സഹകരണമാണ് സമരത്തിന്റെ അങ്ങേയറ്റത്തെ രൂപമെന്ന് കരുതിയ, നായർ സമുദായത്തിൽ ജനിച്ച, കോൺഗ്രസ് നേതാക്കൾക്ക് നൂറ്റാണ്ടുകളോളം ലഹളയുടെ പാരമ്പര്യമുള്ളതും നവീന വിദ്യാഭ്യാസം ലഭിക്കാത്തവരുമായ മാപ്പിളകൃഷിക്കാരുടെ നേതാക്കന്മാരാകാൻ കഴിഞ്ഞില്ല. ഇതാണ് 1921ലെ മാപ്പിളലഹളയുടെ കാതൽ എന്നദ്ദേഹം വിലയിരുത്തുന്നു.

ഹിന്ദുജന്മിമാരും മാപ്പിളകുടിയാന്മാരും തമ്മിലുള്ള സംഘർഷത്തിലാരംഭിച്ച്, ദേശീയ പ്രസ്ഥാനത്തിന്റെ തണലിൽ വളർന്ന് ശരിയായ ദിശാബോധമില്ലാതെ വർഗീയലഹളയായിത്തീരുകയായിരുന്നു 1921ലെ മലബാർ കലാപം. മതപരമായ ശത്രുതയുടെ ഭൂമികയായി കുറേക്കാലത്തേക്കെങ്കിലും മലബാർ മാറി. എന്നാൽ മാപ്പിളലഹളയായി മാത്രം കലാപത്തെ വിലയിരുത്തുന്നത് ശരിയല്ല. അത്തരം വീക്ഷണങ്ങളെ നിരാകരിച്ചുകൊണ്ട് നൂറ്റാണ്ടുകൾ നാം അനുഭവിക്കേണ്ടിവന്ന ജന്മിത്തവ്യവസ്ഥയുടെയും സാമ്രാജ്യത്വ മർദനത്തിന്റെയും വേരുകൾ അന്വേഷിച്ച് ചെല്ലുന്ന കെ.എൻ. പണിക്കരുടെയും ഇ.എം.എസിന്റെയും നിലപാടുകൾ പഠനവിധേയമാക്കേണ്ടതുണ്ട്. വർത്തമാനകാലക്കെടുതികളെ നേരിടാനുള്ള കരുത്തുറ്റ ഇന്ധനം നമ്മുടെ ചരിത്രം തന്നെയാണ് എന്ന് അത്തരം പഠനങ്ങൾ വെളിപ്പെടുത്തും. ■

**സ്ത്രീകളുടെ ഉണർവിലൂടെ സമൂഹത്തിൽ നടക്കുന്ന നിശ്ശബ്ദവിപ്ലവത്തെക്കുറിച്ചുള്ള വിലയിരുത്തൽ. കണക്കുകളല്ല, സമൂഹവും കാലവും തെളിവ്.**

അധികാരവികേന്ദ്രീകരണത്തിന്റെ തലത്തിൽ ഏറ്റവും വിജയം കണ്ട കുടുംബശ്രീമിഷൻ ഭാരതത്തിന് തന്നെ മുതൽക്കൂട്ടായിരിക്കുന്നു. ആറുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ 32 ശതമാനം ദരിദ്രകുടുംബങ്ങൾക്ക് ഭാവി ജീവിതത്തിൽ സുരക്ഷയും പ്രതീക്ഷയും പ്രദാനം ചെയ്യാൻ സ്വാശ്രയസംഘം പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

32 ലക്ഷം കുടുംബങ്ങൾ 1,58,306 അയൽക്കൂട്ടങ്ങളിലായി 537 കോടി രൂപയുടെ ലഘുസമ്പാദ്യമുണ്ടാക്കി. ഇതിൽ നിന്ന് 1190 കോടി രൂപ വായ്പ നൽകി വികസനോന്മുഖ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി. അടുക്കളയിൽ ഒതുങ്ങിജീവിച്ച വനിതാസമൂഹത്തിന്റെ ശാക്തീകരണം സാമൂഹിക പുരോഗതിയ്ക്കും കുടുംബസുസ്ഥിരതയ്ക്കും പ്രയോജനപ്പെട്ടു. കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ മുന്നിട്ടിറങ്ങിയപ്പോൾ പതിനായിരക്കണക്കിന് കുടുംബങ്ങളാണ് സ്വയംപര്യാപ്തമായിക്കൊണ്ടിരിക്കുന്നത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നിയമസഭയിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്കെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടില്ലെങ്കിലും ഉറച്ച സംഘടനാ സ്വാധീനമുള്ള അയൽക്കൂട്ടങ്ങൾ ഇത് പ്രായോഗികമാക്കിയിരിക്കുന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 2850 കുടുംബശ്രീ അംഗങ്ങൾ മത്സരരംഗത്തെത്തിയതിൽ 1408 പേർ വിജയം കണ്ടു. കേരളത്തിലെ 1212 ഗ്രാമപഞ്ചായത്ത് മെമ്പർമാരും 92 മുനിസിപ്പൽ കൗൺസിലർമാരും ഏഴ് ജില്ലാ പഞ്ചായത്തംഗങ്ങളും 14 കോർപ്പറേഷൻ കൗൺസിലർമാരും 83 ബ്ലോക്ക് മെമ്പർമാരും കുടുംബശ്രീ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തകരാണിന്ന്. കേരളത്തിൽ ഇന്ന് 42 ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും നാല് ബ്ലോക്കു



ഷുകാരുടെ പ്രധാനശത്രു മൈസൂർ സുൽത്താന്മാരായിരുന്നു. അതുകൊണ്ട് ജനങ്ങളിൽ മുസ്ലിം വിരുദ്ധമനോഭാവം വളർത്താൻ അവർ ശ്രമിച്ചിരുന്നു. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെയും ഭരണരീതിയുടെയും ഫലമായി ഉയർന്നുവന്ന നവീനസംസ്കാരത്തിൽ നിന്ന് ഇസ്ലാമിനെ രക്ഷിക്കാനും മുസ്ലിം പ്രമാണിമാരും മതപുരോഹിതന്മാരും നടത്തിയ ശ്രമങ്ങളും അവരെ തികച്ചും അമർത്തി സ്വന്തം അധികാരം ഉറപ്പിക്കാൻ ബ്രിട്ടീഷുകാരെടുത്ത നടപടികളുമാണ് മലബാറിലെ മാപ്പിളപ്രശ്നത്തിന്റെ കാതൽ എന്നദ്ദേഹം വിലയിരുത്തുന്നു.

മലബാർ കലാപത്തെ മൂന്നു ഘട്ടങ്ങളായി വിഭജിച്ചുകൊണ്ട് വിലയിരുത്താനാണ് അദ്ദേഹം ശ്രമിച്ചത്. 1921 ഏപ്രിൽ മാസത്തിൽ നടന്ന ഒറ്റപ്പാലം കോൺഗ്രസ് സമ്മേളനം മുതൽ ആഗസ്റ്റ് 20 വരെയുള്ള കാലമാണ് ഒന്നാം ഘട്ടം. ഈ കാലത്ത് കോൺഗ്രസ്സും ഖിലാഫത്തും തമ്മിൽ പുറമേയ്ക്ക് ഉരുക്കുപോലെ ഉറച്ചതെന്ന് തോന്നിക്കുന്ന ഐക്യമുണ്ടായിരുന്നു. ആ സമയത്ത് ഗവൺമെന്റ് മതവികാരം ഇളക്കിവിട്ട് അക്രമത്തിന് പ്രേരിപ്പിക്കുകയായിരുന്നു. ലഹളയുടെ രണ്ടാംഘട്ടത്തിൽ കോൺഗ്രസ്-ഖിലാഫത്ത് നേതാക്കന്മാരും മാപ്പിളമാരും തമ്മിൽ അഭിപ്രായവ്യത്യാസമാരംഭിച്ചു. മുസ്ലിങ്ങൾ ആയുധമെടുത്ത് ബ്രിട്ടീഷ് പൊലീസിനോട് ഏറ്റുമുട്ടിയപ്പോൾ കോൺഗ്രസ് നേതാക്കൾ ഇടപെട്ടിരുന്നു. ആഗസ്റ്റ് 20ന് തിരൂരങ്ങാടിപ്പള്ളിയിലെത്തിയ കോൺഗ്രസ് നേതാവ് മാധവൻനായർ 'അക്രമത്തിനായി നിങ്ങൾ ഒരുക്കമെങ്കിൽ നിങ്ങളോടുകൂടി ഞാനില്ല' എന്നു പറഞ്ഞുകൊണ്ടാണ് മടങ്ങിയത്.

ആഗസ്റ്റ് 28ന് നടന്ന പൂക്കോട്ടൂർ യുദ്ധത്തോടുകൂടിയാണ് ലഹളയുടെ മൂന്നാംഘട്ടം ആരംഭിച്ചത്. പരിശീലനം ലഭിച്ചിട്ടില്ലാത്ത മാപ്പിള്ളമാരും പരിഷ്കൃത ആയുധങ്ങളുമായി ബ്രിട്ടീഷ് പട്ടാളവും പരസ്യ യുദ്ധത്തിലേർപ്പെട്ടു. ഈ ഘട്ടത്തിലാണ് ഹിന്ദുക്കൾ ലഹളയുടെ ഭാഗമായിത്തീർന്നത്. മാപ്പിളമാരെ കണ്ടെത്താൻ ഹിന്ദുക്കളുടെ സഹായം തേടിയ ബ്രിട്ടീഷുകാർ ഹിന്ദു-മുസ്ലിം അനൈക്യം വളർത്തുകയായിരുന്നു. ഈ ഘട്ടത്തിലാണ് നിർബന്ധിത മതം മാറ്റം, ഹിന്ദുക്ഷേത്രങ്ങൾ നശിപ്പിക്കുക തുടങ്ങിയ സംഭവങ്ങൾ പലയിടത്തും നടന്നത്. എന്നാൽ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന രാജ്യതന്ത്രമനുസരിച്ച് പ്രവർത്തിച്ച ബ്രിട്ടീഷ് ഭരണത്തെ പൊളിക്കാനുള്ള മറുതന്ത്രം പ്രയോഗിക്കാൻ കോൺഗ്രസിന് കഴിഞ്ഞില്ല. അക്രമരഹിതമായ നിസ്സഹകരണമാണ് സമരത്തിന്റെ അങ്ങേയറ്റത്തെ രൂപമെന്ന് കരുതിയ, നായർ സമുദായത്തിൽ ജനിച്ച, കോൺഗ്രസ് നേതാക്കൾക്ക് നൂറ്റാണ്ടുകളോളം ലഹളയുടെ പാരമ്പര്യമുള്ളതും നവീന വിദ്യാഭ്യാസം ലഭിക്കാത്തവരുമായ മാപ്പിളകൃഷിക്കാരുടെ നേതാക്കന്മാരാകാൻ കഴിഞ്ഞില്ല. ഇതാണ് 1921ലെ മാപ്പിളലഹളയുടെ കാതൽ എന്നദ്ദേഹം വിലയിരുത്തുന്നു.

ഹിന്ദുജന്മിമാരും മാപ്പിളകുടിയാന്മാരും തമ്മിലുള്ള സംഘർഷത്തിലാരംഭിച്ച്, ദേശീയ പ്രസ്ഥാനത്തിന്റെ തണലിൽ വളർന്ന് ശരിയായ ദിശാബോധമില്ലാതെ വർഗീയലഹളയായിത്തീരുകയായിരുന്നു 1921ലെ മലബാർ കലാപം. മതപരമായ ശത്രുതയുടെ ഭൂമികയായി കുറേക്കാലത്തേക്കെങ്കിലും മലബാർ മാറി. എന്നാൽ മാപ്പിള ലഹളയായി മാത്രം കലാപത്തെ വിലയിരുത്തുന്നത് ശരിയല്ല. അത്തരം വീക്ഷണങ്ങളെ നിരാകരിച്ചുകൊണ്ട് നൂറ്റാണ്ടുകൾ നാം അനുഭവിക്കേണ്ടിവന്ന ജന്മിത്തവ്യവസ്ഥയുടെയും സാമ്രാജ്യത്വ മർദനത്തിന്റെയും വേരുകൾ അന്വേഷിച്ച് ചെല്ലുന്ന കെ.എൻ. പണിക്കരുടെയും ഇ.എം.എസിന്റെയും നിലപാടുകൾ പഠനവിധേയമാക്കേണ്ടതുണ്ട്. വർത്തമാനകാലക്കെടുതികളെ നേരിടാനുള്ള കരുത്തുറ്റ ഇന്ധനം നമ്മുടെ ചരിത്രം തന്നെയാണ് എന്ന് അത്തരം പഠനങ്ങൾ വെളിപ്പെടുത്തും. ■

**സ്ത്രീകളുടെ ഉണർവിലൂടെ സമൂഹത്തിൽ നടക്കുന്ന നിശ്ശബ്ദവിപ്ലവത്തെക്കുറിച്ചുള്ള വിലയിരുത്തൽ. കണക്കുകളല്ല, സമൂഹവും കാലവും തെളിവ്.**

അധികാരവികേന്ദ്രീകരണത്തിന്റെ തലത്തിൽ ഏറ്റവും വിജയം കണ്ട കുടുംബശ്രീമിഷൻ ഭാരതത്തിന് തന്നെ മുതൽക്കൂട്ടായിരിക്കുന്നു. ആറുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ 32 ശതമാനം ദരിദ്രകുടുംബങ്ങൾക്ക് ഭാവി ജീവിതത്തിൽ സുരക്ഷയും പ്രതീക്ഷയും പ്രദാനം ചെയ്യാൻ സ്വാശ്രയസംഘം പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

32 ലക്ഷം കുടുംബങ്ങൾ 1,58,306 അയൽക്കൂട്ടങ്ങളിലായി 537 കോടി രൂപയുടെ ലഘുസമ്പാദ്യമുണ്ടാക്കി. ഇതിൽ നിന്ന് 1190 കോടി രൂപ വായ്പ നൽകി വികസനോന്മുഖ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി. അടുക്കളയിൽ ഒതുങ്ങിജീവിച്ച വനിതാസമൂഹത്തിന്റെ ശാക്തീകരണം സാമൂഹിക പുരോഗതിയ്ക്കും കുടുംബസുസ്ഥിരതയ്ക്കും പ്രയോജനപ്പെട്ടു. കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ മുന്നിട്ടിറങ്ങിയപ്പോൾ പതിനായിരക്കണക്കിന് കുടുംബങ്ങളാണ് സ്വയംപര്യാപ്തമായിക്കൊണ്ടിരിക്കുന്നത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നിയമസഭയിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്കെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടില്ലെങ്കിലും ഉറച്ച സംഘടനാ സ്വാധീനമുള്ള അയൽക്കൂട്ടങ്ങൾ ഇത് പ്രായോഗികമാക്കിയിരിക്കുന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 2850 കുടുംബശ്രീ അംഗങ്ങൾ മത്സരരംഗത്തെത്തിയതിൽ 1408 പേർ വിജയം കണ്ടു. കേരളത്തിലെ 1212 ഗ്രാമപഞ്ചായത്ത് മെമ്പർമാരും 92 മുനിസിപ്പൽ കൗൺസിലർമാരും ഏഴ് ജില്ലാ പഞ്ചായത്തംഗങ്ങളും 14 കോർപ്പറേഷൻ കൗൺസിലർമാരും 83 ബ്ലോക്ക് മെംബർമാരും കുടുംബശ്രീ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തകരാണിന്ന്. കേരളത്തിൽ ഇന്ന് 42 ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും നാല് ബ്ലോക്കു

ആഷ്‌ലി ജോസ്





# സ്ത്രീശാക്തീകരണം കുടുംബശ്രീയിലൂടെ

കളിലും അധ്യക്ഷപദവി വഹിക്കുന്നവർ കുടുംബശ്രീയിൽ മുമ്പ് സാരഥ്യം വഹിച്ച വരാണ്. ചെറ്റക്കുടിലിൽ നിന്ന് വനിതാ സ്ഥാനാർത്ഥികളെത്തേടി നെട്ടോട്ടമോടുന്ന പശ്ചാത്തലം ഇനി വേണ്ടി വരില്ല. കക്ഷി രാഷ്ട്രീയ മുന്നണി ബന്ധമില്ലാതെ സ്വത ന്ത്രകളായി മത്സരിച്ച് വിജയിക്കുകയും പഞ്ചായത്ത്പ്രസിഡന്റ് പദം അലങ്കരിക്കു കയും ചെയ്യുന്ന വനിതകൾ പലരാണ്.

അധികാരവികേന്ദ്രീകരണം, ഗ്രാമവിക സനം എന്നിവയുടെ അർത്ഥവും സാധ്യ തയും വീഴ്ചയും അനുഭവിച്ചറിഞ്ഞവരെന്ന നിലയിൽ ക്രിയാത്മകസാധ്യതകൾക്ക് വഴി തുറന്നു നൽകാൻ ഇവർക്കാകുന്നുണ്ട്.

രാഷ്ട്രീയത്തെയും ഭരണവ്യവസ്ഥിതി യെയും അഴിമതിയും കെടുകാര്യസ്ഥതയും കാർന്നുതിന്നുകൊണ്ടിരിക്കെ, സാമൂഹികനീ തിയിലധിഷ്ഠിതമായ അധികാരവികേന്ദ്രീക രണം കേരളത്തിൽ അനുഭവവേദ്യമായിരി ക്കുന്നു. ഗ്രാമസഭകളും കുടുംബകൂട്ടായ്മ കളും ശക്തമായപ്പോൾ അഴിമതിക്കെതിരെ സ്ത്രീശക്തി രംഗത്ത് വന്നു.

കേരളത്തിൽ മാരാരിക്കുളം കേന്ദ്രമാക്കി 60000 വനിതകൾ വികസനവിപ്ലവം നടത്തു ന്നുണ്ട്. കേരളത്തിലെ പ്രഥമ വികസന മോഡലുകളിലൊന്നാണിത്. മാരി ബ്രാൻഡിൽ 35 ഇനം ഉത്പന്നങ്ങൾ 6000 കുടുംബകൂട്ടായ്മകൾ കേന്ദ്രീകരിച്ച് നിർമി ക്കുന്നു. കൃഷി, മീൻവളർത്തൽ, ജൈവവള നിർമാണം, നെയ്ത്ത്, തുന്നൽ, സംസ്കര ണം, സാക്ഷരത തുടങ്ങി വ്യത്യസ്ത തല ങ്ങളിലാണ് ഇവിടെ പ്രവർത്തനം. ഏറെ വൈകാതെ ഓരോ കുടുംബത്തിനും 1500 രൂപ പ്രതിമാസ വരുമാനം എന്ന ലക്ഷ്യത്തി ലേയ്ക്കാണ് മുന്നേറ്റം. ആറു വർഷം മുമ്പ് 59 ശതമാനം ജനങ്ങൾ മാരാരിക്കുളത്ത് ദാരി ദ്ര്യരേഖയ്ക്കു താഴെയായിരുന്നെങ്കിൽ ഇന്നത് 48 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ സ്ത്രീസമൂഹത്തിന്റെ അഞ്ചിലൊന്ന് ഇന്ന് കുടുംബശ്രീ സംരംഭ ങ്ങളുടെ ഗുണഭോക്താക്കളാണ്. ദാരിദ്ര്യവും അവഗണനയും ദുരിതങ്ങളുമായി കഴിഞ്ഞ വർ വരെ അയൽക്കൂട്ടങ്ങളിലൂടെ ജനമധ്യ ത്തിലേക്കിറങ്ങി. പശു-ആട് വളർത്തൽ, ചെറുകിട വ്യവസായം, ഭക്ഷണനിർമാണം എന്നിങ്ങനെ വൈവിധ്യമാർന്ന തൊഴിൽ സംരംഭങ്ങൾക്ക് ത്രിതല പഞ്ചായത്തുകളും ബാങ്കുകളും സഹായം നൽകുന്നു. നാളയെ ക്കരുതി സുരക്ഷിതജീവിതം കരുപ്പിടിപ്പി ക്കാൻ ലഘുനിക്ഷേപം എന്ന ആശയം കുട്ടി കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ വയിൽ പ്രയോജനപ്പെടുത്തുന്നു.

കേരളത്തിലെ സ്ത്രീസമൂഹത്തിന് ഏതെങ്കിലും ജോലി ചെയ്യുന്നതിന് വില ക്കുണ്ടോ? ഒന്നുമില്ലെന്ന് സമൂഹവും കാലവും തെളിയിച്ചിരിക്കുന്നു. നഗരങ്ങ ളിലെ മാലിന്യനിർമാർജനം, തെങ്ങുകയറ്റം, ജൈവവളനിർമാണം, നെൽക്കൃഷി, കുളങ്ങ ളിൽ മീൻ വളർത്തൽ, കമ്പ്യൂട്ടർ സാക്ഷരത തുടങ്ങി കഴിഞ്ഞ നൂറ്റാണ്ടിന് ചിന്തിക്കാനാ വാത്ത വികസനവും മാറ്റവും ഇവിടെ സംഭ വിച്ചിരിക്കുന്നു. ഓട്ടോറിക്ഷ മുതൽ ബസ് വരെ വാങ്ങി ഡ്രൈവറും കണ്ടക്ടറുമായി ജോലി നോക്കുന്ന സ്ത്രീകൾ ഗ്രാമങ്ങളിൽ വരെ സാധാരണം.

'അമ്മയുടെ ജീവിതം മക്കളുടെ നന്മയ്ക്ക്' എന്ന ആശയം കേരളത്തിന്റെ ഭാവിനന്മയ്ക്ക് പ്രയോജനപ്പെടുംവിധം ബാല സഭാ പ്രവർത്തനങ്ങൾ സജീവമായി. കേര ളത്തിലുടനീളം 24388 ബാലസഭകളിലായി 4,34,686 കുട്ടികൾ വിവിധ ബാലസഭകളി ലൂടെ അറിവും പക്വതയും നേടുന്നു. കൂടാതെ കുടുംബശ്രീകളുടെ നേതൃത്വത്തിൽ അങ്കണവാടികളും വനിതാസമാജങ്ങളും മാതൃകാപ്രവർത്തനം നടത്തിവരുന്നു.

തരിശായി കിടന്ന 45,000 ഏക്കർ പാട ശേഖരങ്ങളിൽ ഇന്ന് അയൽക്കൂട്ടങ്ങൾ കൃഷി നടത്തുന്നു. ഭവനശ്രീ, മൈക്രോ ഹൗസിങ് പദ്ധതിയിലൂടെ ആയിരക്കണക്കിന് വീടുകൾ നിർമിച്ചിരിക്കുന്നു. പശുത്തൊഴുത്തും ചെറു വ്യവസായശാലകളുമടക്കം മറ്റ് നിർമാണ ങ്ങൾ വേറെ. കേരളത്തിലെ 32 ലക്ഷം വരുന്ന ദരിദ്രകുടുംബങ്ങളുടെ അഭിലാ ഷങ്ങളും പ്രതീക്ഷകളും പൂവണിയുമ്പോൾ സാമൂഹികജീവിതം കൂടുതൽ പരിണാമങ്ങ ളിലേക്ക് കടക്കുകയാണ്.

സ്ത്രീസാക്ഷരത, കമ്പ്യൂട്ടർ സാക്ഷരത, ചികിത്സ, ആരോഗ്യസംരക്ഷണം തുടങ്ങിയ തലങ്ങളിൽവരെ അവിശ്വസനീയ വളർച്ച ചുരുങ്ങിയ കാലത്തിലുണ്ടായിരിക്കുന്നു. ■

ഡോ. മിനി എബ്രഹാം, ഡോ. സി.റ്റി. എബ്രഹാം

# നെൽക്കൃഷിയിൽ ശാസ്ത്രീയ കളനാശിനി പ്രയോഗം

നെൽക്കൃഷിയിൽ കള നിയന്ത്രണമാണ് ഏറ്റവും ചെലവു കൂടിയ കൃഷിമുറ. ഉത്പാദന ച്ചെലവിന്റെ വലിയൊരംശം കളനിയന്ത്രണത്തിന് ഉപയോഗിക്കേണ്ടി വരുന്നു. കൃഷിമുറകൾ കുറച്ചൊക്കെ ശ്രദ്ധിച്ച് ചെയ്താൽ കളകൾ അനിയന്ത്രിതമായി വളരുന്നത് ഒരു പരിധിവരെ തടയാം. അശാസ്ത്രീയമായ നിലമൊരുക്കൽ, ജലപരിപാലനം, വളപ്രയോഗം എന്നിവ കളകൾ നിയന്ത്രണമില്ലാതെ വളരുവാൻ ഇടയാക്കും. ശാസ്ത്രീയമായ ജലപരിപാലനം വഴി കളകളുടെ വളർച്ചയെ ഒരു പരിധി വരെ നിയന്ത്രിക്കാം.

നെല്ല് നട്ട് 40–45 ദിവസം വരെയുള്ള കളശല്യമാണ് ഉത്പാദനത്തെ സാരമായി ബാധിക്കുന്നത്. കളനിയന്ത്രണത്തിന് പല മാർഗങ്ങൾ ഉണ്ടെങ്കിലും കൈകൊണ്ട് പറിച്ചു നീക്കുന്ന രീതിയാണ് സാധാരണ പതിവ്. പക്ഷേ



**നെൽക്കൃഷി നേരിടുന്ന പ്രധാന പ്രശ്നമാണ് കളകൾ. അതുകൊണ്ട് തന്നെ കളനാശിനികൾ കാർഷിക രംഗത്ത് അനിവാര്യതയാവുന്നു...**

നിശ്ചിത സമയപരിധിക്കുള്ളിൽ കളകളെ പറിച്ചുമാറ്റാൻ പലപ്പോഴും സാധിക്കാറില്ല. മാത്രമല്ല, വർധിച്ചു വരുന്ന കൂലിയും കർഷകരെ ബുദ്ധിമുട്ടിക്കുന്നു. ഈ സാഹചര്യത്തിൽ കളനാശിനി പ്രയോഗം തന്നെ ശരണം.

കളനാശിനികൾ ഉപയോഗിക്കുമ്പോൾ കളകളുടെ സ്വഭാവം, നെല്ലിന്റെ വളർച്ച, കൃഷിരീതി ഇവയ്ക്കനുസരിച്ച് അവയുടെ തരത്തിലും അളവിലും വ്യത്യാസം വരുത്തേണ്ടതാണ്.

നെൽക്കൃഷിയിൽ കണ്ടുവരുന്ന കളകളെ വളർച്ചാരീതിയും സ്വഭാവവും അനുസരിച്ച് മൂന്നായി തരം തിരിക്കാം. പുല്ലുവർഗത്തിൽപ്പെട്ടവ, മുത്തങ്ങാവർഗത്തിൽപ്പെട്ടവ, വിശാല പത്രവർഗത്തിൽപ്പെട്ടവ എന്നിങ്ങനെ. പുല്ലുവർഗത്തിൽപ്പെട്ട കളകളിൽ നിന്നാണ് നെല്ലിന് കടുത്ത മത്സരം നേരിടേണ്ടി വരുന്നത്. ഓരോ ഇനത്തിൽപ്പെട്ട കളകളെ നിയന്ത്രിക്കുന്നതിനും പ്രത്യേക കളനാശിനികൾ വേണം.

---

പഫ്സും പിസ്തയും നൂഡിൽസും സ്വപ്നം കാണുന്ന പുതു തലമുറയ്ക്ക് നമ്മുടെ വീട്ടുമുറ്റത്ത് നിന്നൊരു പുതു രുചിയറിവ് ചൂടോടെ പകരുകയും ആയിരുന്നു ഈ പരിപാടിയിലൂടെ ചെയ്തത്.

ചക്കവിഭവങ്ങളുടെ രുചിസമൃദ്ധിക്ക് മുന്നിൽ പ്രായഭേദമില്ലാതെ ആളുകൾ കൈനീട്ടിയത് സംഘാടകർക്ക് ആവേശമായി. ഉറവിന്റെ സംഘാടകരും ഉത്പാദക സംഘങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളും ചക്ക മഹോത്സവത്തിന് വേണ്ടി ഒരാഴ്ചത്തെ അണിയറ പ്രവർത്തനം നടത്തി. ഓരോ വിഭവവും പാചകം ചെയ്യാനുള്ള ചുമതല വ്യത്യസ്ത ഗ്രൂപ്പുകൾക്കായിരുന്നു. ഇരുപതോളം ചക്കവിഭവങ്ങൾ മേളയിൽ ഉണ്ടാക്കി. ചക്കപ്പുഴുക്ക്, ചക്കയപ്പം, ചക്കയട, ചക്കവരട്ടി, ചക്ക ജ്യൂസ്, ചക്ക ബജി, ചക്കക്കുരു അവലോസ് പൊടി, ചക്ക പപ്പടം, ചക്കപ്പായസം, ചക്ക വറുത്തത്, ചക്കക്കുരു അട, ഉപ്പേരി, കുരു ചുട്ടത്, ചക്ക പഫ്സ്, ചക്ക അച്ചാർ, അവിയൽ, ജാം, ഇടിച്ചക്കത്തോരൻ, ചുള ബോണ്ട എന്നിങ്ങനെയുള്ള വിഭവങ്ങളാണ് പ്രദർശനത്തിലുണ്ടായിരുന്നത്. എല്ലാ വിഭവങ്ങളുടെയും പാചകവിധി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരുന്നു.

> “ചക്കയെന്ന് ചൊല്ലല്ലേ നീ
> ചക്കമേലാക്കെ വെക്കല്ലേ നീ”

ഇലവാട്ടി മുറിക്കേണ്ട വരിക്കച്ചക്ക എന്ന പഴയ ചക്ക മാഹാത്മ്യം പുതു തലമുറയ്ക്ക് പകരുന്ന മേളയായിരുന്നു ‘ഉറവ്’ ഒരുക്കിയത്. നാടൻ ഭക്ഷ്യവിഭവങ്ങൾക്കായി ഒരു ഭക്ഷ്യ സംസ്കരണ കേന്ദ്രം ആരംഭിക്കാൻ ഉറവ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി നാടൻ ഭക്ഷ്യ പാനീയ വിഭവങ്ങളെ നമ്മുടെ തീൻമേശയിലെത്തിക്കാൻ കഴിയുമെന്ന് ആശിക്കാം. ഒപ്പം ആഗോള കമ്പനി ഉത്പന്നങ്ങളുടെ കടന്നുകയറ്റത്തെ ഒരു പരിധി വരെ ചെറുക്കാനും കഴിയില്ലേ? മുള കൊണ്ടുള്ള കരകൗശല ഉത്പന്നങ്ങൾ നിർമിച്ച് വിപണനം നടത്തുന്ന ഉറവിന്റെ ആസ്ഥാനം തൃക്കൈപ്പറ്റയാണ്. കൂടാതെ കൊച്ചിയിലും തേക്കടിയിലും കൽപ്പറ്റയിലും വില്പനകേന്ദ്രങ്ങളുണ്ട്. ആദിവാസികളെയും ഗ്രാമീണ ജനവിഭാഗങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഉറവ് ആഗോളവത്കരണത്തിന്റെ കടന്നുകയറ്റത്തിനെതിരെ കേരളത്തനിമയിലൂന്നിയ പ്രതിരോധങ്ങൾ ആരായുകയാണ്. ■

*(കല്പറ്റ ഗവ.കോളേജ് ലക്ചററാണ് ലേഖകൻ)*

കേരളത്തിലെ നെൽപ്പാടങ്ങളിൽ അനുവർത്തിച്ചു വരുന്ന കൃഷിസമ്പ്രദായങ്ങൾ പല തരത്തിലാണ്. കരക്കൃഷി, പൊടിവിത, ചേറ്റുവിത, നടീൽ എന്നീ നാലു രീതികളിലാണ് കൃഷിയിറക്കുന്നത്. ഓരോ കൃഷി രീതിയിലും കളനാശിനി പ്രയോഗം വ്യത്യാസപ്പെട്ടിരിക്കും.

പൊടിവിതയിൽ വിത്തിട്ട ഉടനെ തന്നെയോ 5–6 ദിവസത്തിനുള്ളിലോ കളനാശിനി പ്രയോഗിക്കാവുന്നതാണ്. ബ്യൂട്ടാക്ലോർ (ഹെക്ടറിന് 1.25 കി.ഗ്രാം), പെൻഡിമെതാലിൻ (ഹെക്ടറിന് 1.5 കി.ഗ്രാം), ഓക്സി ഫ്ളൂർഫെൻ (ഹെക്ടറിന് 0.10 കി.ഗ്രാം), പ്രെട്ടിലാക്ലോർ (ഹെക്ടറിന് 0.75 കി.ഗ്രാം) എന്നീ കളനാശിനികളിലേതെങ്കിലും ഈ സമയത്ത് തളിച്ചു കൊടുക്കാവുന്നതാണ്.

ചേറ്റുവിതയിൽ, നെൽവിത്തുകൾ പാടത്തിന്റെ ഉപരിതലത്തിൽ നിന്നും മുളച്ചുവരുന്നതിനാൽ, വിതച്ച ഉടനെ തന്നെ കളനാശിനി തളിച്ചാൽ നെല്ലിന് കേടുവരും. ഇവിടെ നെല്ല് മുളച്ച ശേഷം (വിതച്ച് 6–8 ദിവസം ആകുമ്പോൾ) മാത്രമേ കളനാശിനി തളിക്കാവൂ. കളനാശിനി തളിക്കുന്നതിന് മുമ്പ് പാടത്തെ വെള്ളം തീർത്തും വാർത്തുകളയുകയും വേണം. ബ്യൂട്ടാക്ലോർ, പ്രെട്ടിലാക്ലോർ തുടങ്ങിയ കളനാശിനികൾ ചേറ്റുവിതയ്ക്ക് യോജിച്ചതാണ്. പാടത്തെ വെള്ളം തീർത്തും വാർത്തുകളയാൻ സാധിച്ചില്ലെങ്കിലോ പാടം ശരിക്കും നിരപ്പല്ലെങ്കിൽ താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കെട്ടിനിന്നാലോ നെല്ലിന് കളനാശിനിമൂലം കേടുവരാനിടയുണ്ട്. ഈ കാരണത്താൽ ചേറ്റുവിതയിൽ കളനാശിനി പ്രയോഗിക്കാൻ കർഷകർക്ക് പൊതുവെ വിമുഖതയുണ്ട്. എന്നാൽ അടുത്ത കാലത്ത് ലഭ്യമായ സോഫിറ്റ് (Sofit) എന്ന കളനാശിനിയിൽ നെല്ലിന് കേടുവരാതെ സംരക്ഷിക്കാനുള്ള മറുമരുന്ന് (Safener) കൂടെയുള്ളതിനാൽ ധൈര്യമായി ഉപയോഗിക്കാവുന്നതാണ്. സോഫിറ്റ് ഒരു ഹെക്ടറിന് 1.5 ലിറ്റർ വേണ്ടിവരും.

പറിച്ചുനട്ട നെല്ലിലെ കളനിയന്ത്രണത്തിന് ബ്യൂട്ടാക്ലോർ (ഹെക്ടറിന് 1.25 കി.ഗ്രാം), അനിലോഫോസ് (ഹെക്ടറിന് 0.6 കി.ഗ്രാം) എന്നീ കളനാശിനികളിലേതെങ്കിലും പറിച്ചുനട്ട് 5–6 ദിവസത്തിനുള്ളിൽ തളിച്ചു കൊടുക്കാവുന്നതാണ്.

കളകൾ മുളച്ച് നാലഞ്ച് ഇല വന്ന ശേഷമാണ് (നെല്ലിന് ഏതാണ്ട് രണ്ടാഴ്ച പ്രായമാകുമ്പോൾ) കളനിയന്ത്രണത്തെക്കുറിച്ച് ചിന്തിക്കുന്നതെങ്കിൽ കളകളുടെ ഇനം നോക്കിയാണ് കളനാശിനി തെരഞ്ഞെടുക്കേണ്ടത്. പുല്ലുവർഗവിളകളെ (പ്രത്യേകിച്ച് കവട ഇനത്തിൽപ്പെട്ടവയെ) നശിപ്പിക്കുന്നതിനായി സൈഹലോഹോപ്പ് ബൂട്ടൈൽ (ക്ലിഞ്ചർ) 800 മി.ലി. നെല്ലിന് 15–18 ദിവസം ആകുമ്പോൾ തളിച്ചു കൊടുക്കാവുന്നതാണ്. വിശാലപത്ര കളകളെ നിയന്ത്രിക്കുന്നതിന് 2,4–ഡി (ഫെർനോക്സോൺ) ഹെക്ടറിന് 1.6 കി.ഗ്രാം എന്ന തോതിലോ 20–25 ദിവസത്തിനുള്ളിൽ തളിച്ചു കൊടുക്കാവുന്നതാണ്.

കളനാശിനി തളിക്കുമ്പോൾ എത്രവെള്ളം ചേർക്കണം എന്നത് പല കർഷകർക്കും സംശയമാണ്. വാസ്തവത്തിൽ ഒരു പാടത്തേക്ക് ആവശ്യമുള്ള കളനാശിനി എല്ലായിടത്തും ഒരേപോലെ എത്തിക്കാനുള്ള മാർഗമായാണ് വെള്ളത്തെ ഉപയോഗിക്കുന്നത്. കളനാശിനി തളിക്കുന്നതിന് മുമ്പു തന്നെ ഒരു പാടത്തേക്ക് എത്ര വെള്ളം വേണ്ടി വരുമെന്ന് കണക്കാക്കണം. ഇതിന് ഒരു ലിറ്റർ വെള്ളം (ഒരു കപ്പ്) സ്പ്രേയറിലെടുത്ത് ഒരു സാമ്പിൾ സ്പ്രേ നടത്തണം. ഇത്രയും വെള്ളം കൊണ്ട് എത്ര സ്ഥലം തളിക്കുവാൻ സാധിക്കുമെന്ന് മനസ്സിലാക്കിയാൽ മൊത്തം പാടത്തേക്ക് എത്ര വെള്ളം വേണ്ടി വരുമെന്ന് ഏതാണ്ട് കൃത്യമായിത്തന്നെ കണക്കാക്കാം. സാധാരണയായി ഒരു ഹെക്ടറിന് (നെൽക്കൃഷിയുടെ ആദ്യദശയിൽ) 300–350 ലിറ്റർ വെള്ളം ആവശ്യമാണ്.

തരിരൂപത്തിലുള്ള കളനാശിനികൾ ഉപയോഗിച്ചാൽ തളിക്കുന്നതിനുള്ള ചെലവും ബുദ്ധിമുട്ടും ഒഴിവാക്കാം. ഇത്തരത്തിലുള്ള കളനാശിനി നമുക്കു തന്നെ വീടുകളിൽ ഉണ്ടാക്കാം. ലായനി രൂപത്തിലുള്ള കളനാശിനി ഹെക്ടറൊന്നിന് 20–25 കിലോഗ്രാം തരി മണലുമായി കൂട്ടിക്കലർത്തി വിതറുന്നത് തളിക്കുന്നതിന് തുല്യമായ കാര്യക്ഷമത നൽകും.

കളനാശിനി തളിക്കുമ്പോൾ മണ്ണിൽ ആവശ്യത്തിന് ഈർപ്പം ഉണ്ടായിരിക്കണം. ഈർപ്പമില്ലാത്ത മണ്ണിൽ കളനാശിനി തളിക്കുന്നതും തളിച്ചയുടൻ മണ്ണിലെ ഈർപ്പം ഇല്ലാതാക്കുന്നതും തളിച്ച് ഒന്ന് രണ്ട് ദിവസത്തിനുള്ളിൽ കനത്ത മഴ പെയ്യുന്നതും കളനാശിനി പ്രയോഗത്തിന്റെ കാര്യക്ഷമതയെ കുറയ്ക്കും. അതിനാൽ വെള്ളത്തിന്റെ നിയന്ത്രണത്തിന് ഏറെ പ്രാധാന്യമുണ്ട്.

ചേറ്റുവിതയിൽ കളനാശിനി പ്രയോഗിക്കുമ്പോൾ പാടങ്ങളിൽ നേരിയ കനത്തിൽ മാത്രമേ വെള്ളം പാടുള്ളൂ. വീണ്ടും വെള്ളം കയറ്റുന്നത് കളനാശിനി തളിച്ച് 48 മണിക്കൂറെങ്കിലും കഴിഞ്ഞതിന് ശേഷമായിരിക്കണം.

യൂറിയ ലായനിയുമായി ചേർത്ത് തളിച്ചുകൊടുക്കുന്നത് കളനാശിനിയുടെ കാര്യക്ഷമത കൂട്ടും. നെല്ലിന്റെ വളർച്ചയ്ക്കും ഫലപ്രദം. ഗ്ലൈഫോസ്ഫേറ്റ്, 2,4–ഡി എന്നീ കളനാശിനികളുമായി യൂറിയ ചേർത്ത് അടിക്കാവുന്നതാണ്. ഒരു ലിറ്റർ കളനാശിനി കൂട്ടിയതിലേക്ക് 10 ഗ്രാം യൂറിയ എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. (10 ലിറ്റർ അളവ് കുറ്റിക്ക് 100 ഗ്രാം യൂറിയ). നല്ല തെളിഞ്ഞ കാലാവസ്ഥയിൽ രാവിലെ അല്ലെങ്കിൽ ഉച്ചയ്ക്ക് ശേഷം തളിച്ചു കൊടുക്കുന്നതാണ് ഫലപ്രദം. ഇപ്രകാരം ശ്രദ്ധയോടും കരുതലോടും കൂടി കളനാശിനി ഉപയോഗിക്കുകയാണെങ്കിൽ ഉത്പാദനച്ചെലവ് ഒരു പരിധി വരെ കുറയ്ക്കാം. ■



മുതുകുളം ഗംഗാധരൻപിള്ള

# കൃഷ്ണഗീതങ്ങൾ

**സുഗതകുമാരിയുടെ കവിതകളിലെ രാധാംശത്തിലൂടെ കവയിത്രിയുടെ മനസ്സിലേക്ക് സഞ്ചരിക്കുകയാണ് ലേഖകൻ. ഒരിടത്തും നിലയുറപ്പിക്കാത്ത കാറ്റായി, നമ്മുടെ കാലത്തിലൂടെ അലയുന്ന നിത്യവിരഹിണിയായി, 90ലെ പെൺകുഞ്ഞായി, പലപല ഭാവങ്ങളിൽ രാധ കടന്നു വരുന്നു.**

രാധാകൃഷ്ണപ്രണയമാണ് സുഗതകുമാരിയുടെ പല കവിതകളുടെയും അന്തർധാരയായി വർത്തിക്കുന്നത്. പൂർണതതേടുന്ന മനുഷ്യജീവിതത്തിന്റെ മുഖമാണ് സുഗതകുമാരി തന്റെ കൃഷ്ണഗീതങ്ങളിലൂടെ അനാവരണം ചെയ്യുന്നത്. രാധയുടെ അന്വേഷണം ജീവാത്മാവിന്റെ അന്വേഷണം തന്നെയാണ്. സ്ത്രീഹൃദയത്തിന്റേതുമാത്രമായി അത് ചിത്രീകരിക്കേണ്ടതില്ല. ഓരോ കവിതയും അനശ്വരതയിലേക്കുള്ള ഒരു കൈനീട്ടലാകുന്നു എന്ന് 'ഇരുൾച്ചിറകുകളു'ടെ ആമുഖത്തിൽ കവയിത്രി സമ്മതിക്കുന്നുണ്ട്. ഗജേന്ദ്രമോക്ഷം എന്ന കവിതയിലൂടെ ഈശ്വരമഹിമയെ പ്രകീർത്തിക്കുന്ന കവയിത്രിയെ നാം കണ്ടിട്ടുള്ളതാണ്. വിദ്യാപതി, ജയദേവൻ, മീര എന്നിവരുടെ ഗീതങ്ങളിലൂടെ ഒഴുകിവന്ന സ്വരസുധയും മറ്റൊന്നുമായിരുന്നില്ല. മലയാളത്തിൽ ചങ്ങമ്പുഴയുടെ അപൂർണമായിപ്പോയ 'വസന്തോത്സവം', രാധാമാധവപ്രണയത്തിന്റെ ഹൃദയഹാരിയായ ചിത്രം വരച്ചു കാണിച്ചിട്ടുണ്ട്. അത് പൂർണമാക്കാൻ മഹാകവിക്ക് സാധിച്ചിട്ടില്ല. രാധ, തോഴിയോടു പറയുന്നു:

മിഥ്യകളാണോർക്കിൽ സർവയാഥാർത്ഥ്യവും  
സ്വപ്നങ്ങൾ മാത്രമേ സത്യമുള്ളു  
മൽസുഖസ്വപ്നങ്ങളുള്ളിടത്തോളമൊ-  
രുത്സവം മറ്റെനിക്കെന്തുവേണം?  
വഞ്ചിതയാകില്ലൊരിക്കലും രാധ,യ-  
ച്ചഞ്ചലഭൗതികഭോഗങ്ങളാൽ  
കാളിന്ദീതീരത്തിൽ, കാർമുകിൽവർണന്റെ  
കാലടിപ്പാടുകൾച്ചൂടിച്ചൂടി  
നിസ്തൂലനിർവൃതിനേടുവാൻ സാധിച്ച  
നിസ്സാരമാമോരോമൺതരിയും  
എന്തു സായൂജ്യമിയന്നതാണോർക്കിൽപ്പി-  
ന്നെൻ തോഴിയെൻ കഥയെന്തു  
ചൊല്ലാൻ?

*(വസന്തോത്സവം)*

രാധയുടെ ഈ അഭിപ്രായത്തിൽ അവളുടെ ജീവിതാഭിവീക്ഷണം അടങ്ങിയിരിക്കുന്നു. യൗവനത്തിന്റെ ലഹരിയിൽ കെട്ടടങ്ങി വാർദ്ധക്യത്തിലെത്തിയ രാധയുടെ തേങ്ങലുകൾ ഉയരുന്നത് കേൾക്കുക.

കാമാർച്ചനയും വസന്തോത്സവ  
ങ്ങളു-  
മോമൽത്തരുണിമാർക്കുള്ളതല്ലേ?  
വൃദ്ധയല്ലല്ലിഞാൻ, തോഴി,യെനി  
ക്കിനി  
പുഷ്പോത്സവാദിയിലെന്തു  
കാര്യം?

*(വസന്തോത്സവം)*



തികച്ചും പക്വതയാർന്ന ഒരു സ്ത്രീഹൃദയത്തിന്റെ വിലയിരുത്തലുകളാണല്ലോ നാമിവിടെ കേട്ടത്! ശ്രീകൃഷ്ണപാദസ്പർശമേറ്റ മണൽത്തരികൾ പോലും നിർവൃതികൊള്ളുകയും സായൂജ്യമടയുകയും ചെയ്തിരിക്കണമെന്ന് വിശ്വസിക്കുന്നവളാണ് രാധ! കൃഷ്ണന് ഒരിക്കലും രാധയുടെ സാന്നിദ്ധ്യം വിസ്മരിക്കുവാനാവില്ലെന്ന് അവൾക്കുറപ്പുണ്ട്. നോക്കുക:

ആനന്ദ, നന്ദനനാകാ മറക്കുവാ
നാനന്ദ സാന്ദ്രമെൻ സാഹചര്യം
കാളിന്ദീതീരത്തിലാമരച്ചോട്ടിലാ
നീലശിലാതലമന്നുനിത്യം
ആരചിച്ചാരചിച്ചാദേവനർപ്പിച്ചോ-
രാരാഗദീപ്തമാം സ്വപ്നരംഗം
നിർണയ,മേകുവാനാവുകില്ലിന്നത്തെ
സ്വർണസിംഹാസനത്തിന്നു പോലും

*(വസന്തോത്സവം)*

കൃഷ്ണന്റെ സാന്നിദ്ധ്യത്താൽ കൃതാർത്ഥയായ രാധയിൽ നിന്ന് അല്പമെങ്കിലും വ്യത്യസ്തയായ ഒരുവളെയാണ് സുഗതകുമാരി അവതരിപ്പിക്കുന്നത്. അതെ, അവിരാമമായ അന്വേഷണത്തിലേർപ്പെട്ടിരിക്കുന്ന രാധ. അത് മനുഷ്യാത്മാവ് തന്നെയെന്നുള്ളത് ഇരിക്കട്ടെ.

നൃത്തവിലോലിതലീലയിതുടനെ
നില്ക്കായ്‌വാൻകൊതിയേറുകയാൽ
മർദ്ദനമേറ്റുവലഞ്ഞൊരെൻദൃഢ-
മസ്തകമിപ്പൊഴുമുയരുന്നു,
രക്തകണങ്ങൾ തെറിക്കുന്നു, മിഴി
കത്തുന്നു, കരൾപൊട്ടുന്നു...

*(കാളിയമർദ്ദനം)*

എന്ന ആദ്യകാലരചനയിലെ വരികളിൽ ലൈംഗികത ആരോപിക്കാം. അതൃപ്തമായ കാമന അവിടെ തലയുയർത്തുന്നു. കാളിയനും നാഗിനിക്കും കാമവുമായുള്ള മനശ്ശാസ്ത്രപരമായ ബന്ധം നിഷേധിക്കാനാവില്ല. ഭൗമലോകത്തിൽ സാക്ഷാത്കരിക്കാൻ കഴിയാത്ത ഭാവങ്ങളുടെ, മോഹങ്ങളുടെ, സ്വപ്നങ്ങളുടെ കാവ്യപരമായ സാഫല്യങ്ങളായിരുന്നല്ലോ എല്ലാ നല്ല രചനകളും. സുഗതകുമാരിയും തനിക്ക് അപ്രാപ്യമായ ഏതോ ലോകത്തിലേക്ക് സ്വപ്നത്തിന്റെ യാനപാത്രങ്ങൾ തുഴഞ്ഞുപോകുകയാണ് ഈ കവിതകളിലൂടെ എന്ന് കൃഷ്ണഗീതങ്ങളെപ്പറ്റി ശ്രീ പി. ഉദയഭാനു വിലയിരുത്തിയിട്ടുണ്ട്. (മാതൃഭൂമി വാരിക 1982 ജൂൺ 6–12)

പ്രകൃതി പ്രതിഭാസങ്ങളിൽ പോലും രാധയുടെ ആത്മാവിനെ കണ്ടെത്താനുള്ള യത്നം ആരംഭിക്കുന്നു. വൈശാഖയാമിനിയെ, ശ്യാമരാധയായി കവയിത്രി കല്പിക്കുന്നത് അതു കൊണ്ടാണ്. രാത്രിമഴയിലുള്ള ശ്യാമരാധ എന്ന കവിതയിലൂടെ ഇങ്ങനെ പാടുന്നു.

ശ്യാമരാധയായ് വന്നൊരെൻ വൈശാഖ
യാമിനി, നിന്നെ നോക്കി നില്ക്കുന്നു ഞാൻ.

യശോദയും രാധയും ഗോപനാരിയും, മീരയുമൊക്കെയായി കൃഷ്ണനെ തേടിയ സ്ത്രീത്വത്തെയാണ് കവയിത്രി കാട്ടിത്തരുന്നത്.

നാഥ,യുഗയുഗാന്തങ്ങളായ് നിൻ പ്രേമ-
ചാതകിയായ്, നിൻകഴലിണയൊന്നുതാൻ
തേടി നടന്നേൻ, യശോദയായ്, രാധയായ്
കാതരയാം ഗോപനാരിയായ്, മീരയായ്.

*(എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും)*

ഒരു താരാട്ടിന്റെ ഓർമയിൽ
ആഴിപോലാമെന്നഴലിൻ
പാഴ്മനസ്സിൻ നാമ്പിലയിൽ
ആലോലം നീയാടി വാഴ്‌വൂ
ആലിലക്കൃഷ്ണാ

*(രാത്രിമഴ)*

എന്ന് കവയിത്രി ആശ്വസിക്കുന്നു. 'മറ്റൊരു രാധിക' എന്ന കവിതയിൽ, ഇരുട്ടിൽ വിദൂരതയിൽ നിന്നെത്തുന്ന മുരളീഗാനം തേടിപ്പോകുന്ന രാധികയെ അവതരിപ്പിച്ചിരിക്കുന്നത് എത്ര ഹൃദ്യമായിരിക്കുന്നു എന്നു കാണുക.

ആരു പറഞ്ഞൂ നിന്നോടിന്നും?
ഞാനാം തരളിത, രാധ,യിരുട്ടിൻ
നേരിയ മൂടുപടത്താലെന്നുടൽ
മൂടി, മണിച്ചിരി പെയ്തിടുമെന്റെ
ചിലങ്കകളൂരിയെറിഞ്ഞും, വളകൾ
മുറുക്കിയനങ്ങാതാക്കിയുമേതോ
രാവിലതീവ വിദൂരം മുരളീ
രവം തേടിയലഞ്ഞിടുമെന്നായ്?

*(രാത്രിമഴ)*

ആ രാധയുള്ളിൽ പ്രതിഷ്ഠിതയാകയാൽ തീരാത്ത തേടലാകുന്നു ജന്മം (കാടാണ്) എന്ന് നേരത്തെ സുഗതകുമാരി പറഞ്ഞു വച്ചിട്ടുള്ളതും ഇവിടെ ഓർമിക്കാവുന്നതാണ്. ജീവാത്മാവിന്റെ അവിരാമമായ അന്വേഷണത്തെ ഇതിൽ കൂടുതൽ എങ്ങനെ ധ്വനിപ്പിയ്ക്കാനാണ്? ഞാനാം രാധ എന്ന് പല കവിതകളിലും കവയിത്രി പ്രയോഗിച്ചിരിക്കുന്നതും കാണാം. 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിതയിൽ കവയിത്രി തന്നെ രാധയായി മാറുന്നു.

അങ്ങു കണ്ണനായ്, കാല്ക്കലിരുന്നൂ തണ്ണീർകുടം
മണ്ണിലായ് ചരിഞ്ഞതും മറന്നൂ ഞാനാം രാധ
പണ്ടത്തെയോടക്കുഴൽ പാടുകയായീ വീണ്ടും
എന്റെ കാൽച്ചിലങ്കകളിളകീ മദോന്മത്തം

തന്റെ മൺകുടിൽ തഴുതിട്ടിരുന്നു കൃഷ്ണനെ ധ്യാനിക്കുന്ന ഗോപികയുടെ നിസ്സഹായത മുഴുവൻ നിറഞ്ഞു നില്ക്കുന്ന 'കൃഷ്ണ നീയെന്നെയറിയില്ല'



എന്ന കവിത വളരെ പ്രസിദ്ധമാണല്ലോ

ഞാനെന്റെ പാഴ്ക്കുടിലടച്ചുതഴുതിട്ടിരു-
ന്നാനന്ദബാഷ്പം പൊഴിച്ചു
ആരോരുമറിയാതെ നിന്നെയെന്നുള്ളിൽവ
ച്ചാത്മാവുകൂടിയർപ്പിച്ചു
കൃഷ്ണാ നീയെന്നെയറിയില്ല

*(അമ്പലമണി)*

എന്നിങ്ങനെ തന്റെ നിശ്ശബ്ദപ്രേമത്തെ ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്നു. ഇങ്ങനെയുള്ള പല കവിതകളുടെയും അനുബന്ധമായി ആവിർഭവിച്ച കാവ്യമാണ് 'രാധയെവിടെ?' മേലുദ്ധരിച്ച കവിതകളിൽ പ്രത്യക്ഷപ്പെട്ട രാധയെ മനസ്സിലാക്കുന്നവർക്ക് ഈ കാവ്യം സുഗതകുമാരി എഴുതാതിരുന്നാലേ അത്ഭുതപ്പെടേണ്ടതുള്ളൂ. ജന്മനാ തനിക്ക് വിധിച്ച ധർമകർമങ്ങൾ നിഷ്കന്മഷഭക്തിയോടെ നിർവഹിച്ച് അസുലഭവിജയം നേടിയ കവയിത്രിയാണ് സുഗതകുമാരി എന്ന് എൻ.കൃഷ്ണപിള്ള രാത്രിമഴയുടെ അവതാരികയിൽ സൂചിപ്പിച്ചിരിക്കുന്നു.

കൃഷ്ണ നീയെന്നെയറിയില്ല, കാളിയമർദ്ദനം, ഒരു താരാട്ടിന്റെ ഓർമ, എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും, യമുനാതീരേ, അത്രമേൽ സ്നേഹിക്കയാൽ, വിശ്വവേദിയിൽ, ഒരു നിമിഷം, മറ്റൊരു രാധിക തുടങ്ങിയ എത്രയോ കവിതകളിലൂടെ പാടിത്തിമിർത്തിട്ടും സാഫല്യമടയാത്ത ഒരു മോഹത്തിന് നാവു കൊടുത്തിരിക്കയാണിവിടെ. ഈ കാവ്യത്തിൽ ശ്രീകൃഷ്ണനെ തേടുന്ന രാധ, മനുഷ്യാത്മാവിന്റെ പ്രതിരൂപമായി മാറുന്ന കാഴ്ച ചേതോഹരമായിരിക്കുന്നു.

ആവർത്തനത്താൽ വിരസമാവാത്തതായ്
പ്രേമമൊന്നല്ലാതെയെന്തുപാരിൽ?

*(രാധയെവിടെ)*

എന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമ യാമത്തിലും കവയിത്രിക്ക് ചോദിക്കാൻ തോന്നുന്നു! ശ്രീകൃഷ്ണൻ പോയ ശേഷം എവിടെവച്ചെങ്കിലും രാധ അദ്ദേഹത്തെ കണ്ടു മുട്ടിയോ എന്ന ചോദ്യം പ്രസക്തമാണ്. ശ്രീകൃഷ്ണൻ വളരെക്കാലം കഴിഞ്ഞ്, സമന്തകപഞ്ചകത്തിൽ വച്ച് രാധയെക്കണ്ട്, അവളെ വീതഖേദയാക്കിയെന്ന് മേല്പത്തൂർ സമാധാനിക്കുന്നുണ്ടെങ്കിലും ആ രംഗം തനിക്ക് സമാധാനം നൽകുന്നില്ലെന്ന് സുഗതകുമാരി പറയുന്നു. അവതാരികയിൽ ഡോ. എം. ലീലാവതി എഴുതുന്നു: "രാധ, കൃഷ്ണനിൽ ലയിച്ചു. അവളുടെ അല്ലലെല്ലാമൊടുങ്ങി എന്നതൊരു സ്വപ്നമാണ്. എന്നാൽ, നമ്മൾ ദുഃസ്വപ്നങ്ങൾ കാണാൻ വിധിക്കപ്പെട്ടവർ കൂടിയാണല്ലോ. ഒടുങ്ങാത്ത അന്വേഷണത്തിലേർപ്പെട്ട, ഒരിക്കലും എവിടെയും നില്പുറയ്ക്കാത്ത ഒരു കാറ്റായി രാധയെ സുഗതകുമാരി കണ്ടെത്തുന്നു. അവൾ നമ്മുടെ കാലത്തിലൂടെ സ്ഥലത്തിലൂടെ അനന്തമായി അലയുന്ന നിത്യവിരഹിണിയാണ്. ഓരോ യുഗത്തിലും ഓരോ രൂപത്തിൽ മുന്നിലെത്തുന്നു. കണ്ണുള്ളവർ മാത്രം തിരിച്ചറിയുന്നു". സത്യാന്വേഷിയും നിത്യാന്വേഷിയുമായ രാധയുടെ ചേതസ്സ് സുഗതകുമാരിയായി നമ്മുടെ മുന്നിൽ നില്ക്കുകയാണ്. തിരിച്ചറിയുന്നവരിൽ ചിലർ ചോദിക്കാം. കൃഷ്ണൻ അന്ന് സായൂജ്യം നൽകിയിട്ടും ഇതോ സ്ഥിതി എന്ന്. ചിന്താവിഷ്ടയായ സീത, ചിത്തവൃത്തി നിരോധം അഭ്യസിച്ചും കൊണ്ട് ഏറെക്കൊല്ലം കഴിച്ചു കൂട്ടിയിട്ടും ഒടുവിൽ വികാരവിചാരവിക്ഷുബ്ധതയ്ക്കടിപ്പെട്ടത് നന്നായോ എന്ന് ചോദിച്ചവരുണ്ട്. അവരുടെ വിഭാഗം ഈ രാധയോടും ചോദിക്കാവുന്ന ചോദ്യമാണിത്. ഇതിന്റെ ഉത്തരം നമ്മുടെ അന്തരാത്മാവിൽ വർത്തിക്കുന്ന രാധയുടെ രൂപഭാവങ്ങൾക്കൊത്തിരിക്കും. അപ്പോൾ വീതഖേദയായി എന്ന് വിശ്വസിക്കാൻ കഴിയുന്നവർ മേല്പത്തൂരിനെപ്പോലെ സുഖസ്വപ്നം കാണുന്നവരായിരിക്കും. ഞാൻ നിസ്സംശയം സുഗതകുമാരിയോടൊപ്പമാണ്.

**ഒടുങ്ങാത്ത അന്വേഷണത്തിലേർപ്പെട്ട, ഒരിക്കലും എവിടെയും നില്പുറയ്ക്കാത്ത ഒരു കാറ്റായി രാധയെ സുഗതകുമാരി കണ്ടെത്തുന്നു. അവൾ നമ്മുടെ കാലത്തിലൂടെ സ്ഥലത്തിലൂടെ അനന്തമായി അലയുന്ന നിത്യവിരഹിണിയാണ്. ഓരോ യുഗത്തിലും ഓരോ രൂപത്തിൽ മുന്നിലെത്തുന്നു. കണ്ണുള്ളവർ മാത്രം തിരിച്ചറിയുന്നു.**

'രാധയെവിടെ?' എന്ന കാവ്യം സ്ത്രീയുടെ അടിമത്തം അംഗീകരിക്കലല്ല. പാദപ്രതിഷ്ഠ, പെൺകുഞ്ഞ്-90 തുടങ്ങി പല കവിതകളിലൂടെയും കവയിത്രി സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടിത്തന്നെയാണ് വാദിച്ചിട്ടുള്ളത്. പെൺകുഞ്ഞ്-90-ൽ പാടുന്നതിങ്ങനെയാണ്.

ഇരുട്ടിൻ തിരുമുറ്റത്തു
കൊണ്ടു വയ്ക്കുകയാണുഞാൻ
പിഴച്ചുപെറ്റൊരിക്കൊച്ചു
പൈതലേ, ക്കാത്തുകൊള്ളുക
പെണ്ണാണു, കൊന്നൊഴിച്ചീടാൻ
കഴിഞ്ഞീല, പൊറുക്കുക
നിന്മടിത്തട്ടിൽ ജീവിക്കാൻ
ഇവൾക്കുമിടമേകുക

*(തുലാവർഷപ്പച്ച)*

ഇങ്ങനെ എഴുതിയ കവയിത്രിക്ക് രാധയുടെ അന്വേഷണം അടിമത്തമായി കാണാനാവില്ലല്ലോ.

കൃഷ്ണനില്ലാത്ത രാധയ്ക്ക് എന്ത് പറ്റി എന്ന അന്വേഷണമാണ് 'രാധയെവിടെ?' എന്ന കാവ്യത്തെ ചടുലവും തീക്ഷ്ണവുമാക്കുന്നത്. അവൾ ഹിമാലയത്തിലെ ശിവഭൂമിയിലെത്തിയിട്ടുണ്ടാവുമെന്ന് ഊഹിക്കുന്നു. ശാന്തമായൊഴുകുന്ന ഒരു നദി ഉഗ്രയാകുന്നത് പോലെ ഇവിടെ ശൈലിക്ക് മാറ്റം വരുന്നു.

അവിടമെല്ലാം കാലകാലന്റെ ഭൂമി, സം
ഭൃത,മട്ടഹാസങ്ങൾ, ഇടിമുഴക്കം, മഞ്ഞു
ചിതറും കൊടുങ്കാറ്റിരമ്പങ്ങൾ, കാൽച്ചവി
ട്ടടിയേറ്റു, മുടിയിടിഞ്ഞുടയവെ, ഹിമപാളി
യിളകി,ക്കരിമ്പാറപുഴകിത്തകർത്തുരു
ണ്ടലറി വരുമുഗ്രപാഷാണവർഷം

എന്ന രുദ്രന്റെ താണ്ഡവ വർണന ആരെയും ആകർഷിക്കാതിരിക്കില്ല. സുഗതകുമാരിയുടെ കവിത സ്വകീയപാരമ്പര്യത്തിന്റെ ഉൺമ കണ്ടെത്തുന്നു. ജാഗ്രത്തായ തന്റെ പ്രതിഭയുടെ പുതിയ പുതിയ സാക്ഷാത്കാരങ്ങളിലൂടെ സമ്പന്നമാക്കുന്നു. ഒപ്പം, മലയാളകവിതയുടെ വികാസപഥങ്ങളിൽ കാലാതിവർത്തിയാം വണ്ണം തന്റെ പാദമുദ്രകൾ ചാർത്തുകയും ചെയ്യുന്നു എന്ന കെ. രാമചന്ദ്രൻ നായരുടെ അഭിപ്രായം അന്വർത്ഥമായിത്തീരുന്നു. (അവതാരിക തുലാവർഷപ്പച്ച).

മീര, ചൈതന്യൻ, ആണ്ടാൾ, കുറൂരമ്മ തുടങ്ങിയവരുടെ ജീവിതവും രാധയുടെ അന്വേഷണത്തിന്റെ തുടർച്ചയായി ഈ കാവ്യത്തിൽ ദർശിക്കുന്നു. രാധയുടെ മുഖം തന്നെ ജീവിതത്തിന്റെ നാനാതുറകളിലും വീണ്ടും വീണ്ടും കാണുന്നു. ഓരോ നാരിയിലുമല്ല, ഓരോ വ്യക്തിയിലും രാധയുടെ അംശമുണ്ട്.

തീരെ, ദരിദ്രമെൻനാട്ടിലെയേതൊരു
നാരിയും രാധികയല്ലിയുള്ളിൽ

*(കാടാണ്)*

എന്നേ കവയിത്രി പറയുന്നുള്ളൂ. കൃഷ്ണഗീതങ്ങളിൽ തുളുമ്പിനിൽക്കുന്ന ഭക്തി ജീവാത്മാവിന് പരമാത്മാവിനോടുള്ള ബന്ധത്തെത്തന്നെയാണ് ധ്വനിപ്പിക്കുന്നതെന്ന് തോന്നുന്നു. ഓട്ടൂരും പി. കുഞ്ഞിരാമൻനായരും മറ്റനേകം കവികളും ശ്രീകൃഷ്ണസ്തവങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ, ഒരു സ്ത്രീഹൃദയത്തിന്റെ തേങ്ങലുകളും രോദനങ്ങളും മറ്റെങ്ങുനിന്നും കേൾക്കാത്തമട്ടിൽ സുഗതകുമാരിയുടെ രാധയിൽ നിന്ന് നാം കേൾക്കുന്നു. ■

ഡോ. സരസ്വതി അന്തർജനം പി.എൻ.



# കൈവരിയുടെ തെക്കേയറ്റത്ത് ഒരാൾ

**ഒരു പാലത്തിന്റെയും അതിന്റെ കൈവരിയുടെ തെക്കേയറ്റത്ത് ഇരിപ്പുറപ്പിച്ച പാപ്പച്ചിയുടെയും കഥയിലൂടെ ഒരു ഗ്രാമത്തിന്റെയും ഒരുപിടി പൊള്ളത്തരങ്ങളുടെയും കഥ പറയുകയാണ് പത്മരാജനെന്ന് ലേഖിക സമർത്ഥിക്കുന്നു. കണ്ടറിവിനെക്കാൾ, വെറും കേട്ടുകേൾവിയിലൂടെ ഊതിപ്പെരുക്കിയ നമ്മുടെ വ്യക്തി പൂജാ മനോഭാവത്തോടുള്ള ശക്തമായ ആക്ഷേപഹാസ്യം കൂടിയാണത്രെ ഈ കഥ.**

പ്രസ്വമായ ജീവിതകാലത്തിനുള്ളിൽ ചെറുകഥ, നോവൽ, സിനിമാ സംവിധാനം തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനായ പദ്മരാജന്റെ ശ്രദ്ധേയമായ ഒരു ചെറുകഥയാണ് 'കൈവരിയുടെ തെക്കേയറ്റം'. മരണത്തോടെ പലരും മഹാന്മാരായി മാറാറുണ്ട്. അജ്ഞതയും, നിഗൂഢതയും തങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തതിനെ പൂജിക്കാനുള്ള പ്രവണതയുമൊക്കെ ഇതിന് കാരണമാവാമെന്ന് ഈ കഥ വ്യക്തമാക്കുന്നു. ഈ വസ്തുത വെളിപ്പെടുത്താൻ കഥാകൃത്ത് തെരഞ്ഞെടുക്കുന്ന ഉപാധിയാകട്ടെ ശക്തമായ ആക്ഷേപഹാസ്യവും.

സ്കൂൾ വിദ്യാഭ്യാസകാലത്ത് കഥാകാരന്റെ അനുഭവസീമയിലുള്ള മഹാനായ പാപ്പച്ചിയാണ് കഥാനായകൻ. രാഷ്ട്രപിതാവിന്റെ അഹിംസാ സിദ്ധാന്തവും ഭൂതദയയും ഇതര ഗുണവിശേഷങ്ങളും സ്വജീവിതത്തിൽ പകർത്തി വിജയം വരിച്ച മറ്റൊരു മഹാൻ ആര് എന്ന രാഘവൻനായർ സാറിന്റെ ചോദ്യത്തിന് കുട്ടികളെല്ലാവരും നല്കിയ മറുപടി പാപ്പച്ചിയെന്നായിരുന്നു. ക്ലാസിലെ മുപ്പത്തിരണ്ട് പേരും ഒരേ ഉത്തരം പറഞ്ഞുകഴിഞ്ഞപ്പോൾ രാഘവൻ നായർ സാർ അക്ഷമനായി പൊട്ടിത്തെറിച്ചു: 'മണ്ടമാക്രികളെ! പണ്ഡിറ്റ് നെഹ്റു, നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി'. ശരിയുത്തരം നൂറുതവണ ഇമ്പോസിഷനെഴുതാൻ വിധിയ്ക്കപ്പെട്ട കുട്ടികൾ വീട്ടിലേക്ക് മടങ്ങുമ്പോൾ പാലത്തിലിരിക്കുന്ന പാപ്പച്ചിയെ കണ്ടു. പാപ്പച്ചിയെക്കാൾ പാവത്താനായി ഒരുത്തനുണ്ട് എന്ന് കുട്ടികൾ പറഞ്ഞപ്പോൾ സൗമ്യനായി പാപ്പച്ചി ആര് എന്ന് അന്വേഷിച്ചു. നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു! എന്ന ഉത്തരം കേട്ടപ്പോൾ താഴെയൊഴുകുന്ന നീർച്ചാലിലേക്ക് ഒരു തരി തുപ്പൽ തെറിപ്പിച്ച്, പാലത്തിന്റെ കൈവരിയിലേക്ക് ഒന്നുകൂടി അമർന്നിരുന്നു. മഴക്കാലത്ത് ചീർക്കുകയും വേനൽക്കാലത്ത് ഉണങ്ങുകയും ചെയ്യുന്ന ഈ ആറാണ് ഗ്രാമത്തെ തെക്കേ കര എന്നും വടക്കേ കര എന്നും വിഭജിച്ചിരുന്നത്. ആറിന് കുറുകെ കോൺക്രീറ്റ് പാലം വന്നു കഴിഞ്ഞിട്ടും കരകൾ കരകളായിത്തന്നെ നിലനിൽക്കുന്നു.


പാലം വരുന്നതിന് മുമ്പ് ആറ്റിൽ ഒരു സർക്കാർ വള്ളവും രണ്ട് സ്വകാര്യവള്ളങ്ങളും കടത്തായി ഉണ്ടായിരുന്നു. സർക്കാർ കടത്തുവള്ളത്തിലെ ഊന്നുകാരനായിരുന്ന പാപ്പച്ചിക്ക് പാലം വന്നതോടെ തൊഴിൽ നഷ്ടപ്പെടുകയും പാലം ഉദ്ഘാടനം ചെയ്ത അന്നു വൈകുന്നേരം അയാൾ ആളൊഴിഞ്ഞ പാലത്തിന്റെ തെക്കേയറ്റത്തുവന്ന് കൈവരിയിൽ മൂടുറപ്പിയ്ക്കുകയും ചെയ്തു. നിലാവുദിച്ചിട്ടും അയാൾ അതേ ഇരിപ്പ് തുടർന്നു. ചന്തി കഴച്ചപ്പോൾ കൈവരിയിൽ നിന്നിറങ്ങി, ചാരി നിന്നു. നിലാവ് അസ്തമിക്കാറായപ്പോൾ പരിഭ്രാന്തരായ പെമ്പിളയും മോളും കൂടെ വന്ന് അയാളെ അവിടെ നിന്ന് പിടിച്ചിറക്കിക്കൊണ്ടുപോവുകയായിരുന്നു. പക്ഷേ, പിറ്റേന്നു നേരം വെളുത്തപ്പോൾ വീണ്ടും പാപ്പച്ചി അവിടെ എത്തി. ഉപദേശങ്ങൾക്കോ കളിയാക്കലുകൾക്കോ യാതൊരു ഫലവുമുണ്ടായില്ല. പാലത്തിലെ ഇരിപ്പ് അനന്തമായി നീളുന്നത് കണ്ട് ഭാര്യയും മകളും അയാളെ ഉപേക്ഷിച്ചു പോയി. പാലത്തിലും ആറ്റിലും വീഴുന്ന അത്തിക്കായ്കകൾ എണ്ണിക്കൊണ്ട് അയാൾ സ്വസ്ഥനായി അങ്ങനെ ഇരിക്കും. ആദ്യമൊക്കെ തമാശയും കൗതുകവുമായിരുന്ന, പാലത്തിന്റെ മൂലയിലെ കറുത്ത് മെലിഞ്ഞ രൂപം കാണികൾക്ക് പിന്നീട് ഒരു വാർത്തയല്ലാതായി.

പാലത്തിന്മേലുള്ള ഇരിപ്പ് തുടങ്ങിയതിനുശേഷം ചരമമൊഴിച്ചാൽ പാപ്പച്ചിയുടെ ജീവിതത്തിൽ രണ്ടു വിശേഷ സംഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. ശാന്തിക്കാരൻ പോറ്റിയുടെ കുട്ടി കാൽ വഴുതി ആറ്റിൽ വീണപ്പോൾ മുൻപിൻ നോക്കാതെ ഒഴുക്കിലേക്ക് കുതിച്ചു ചാടി പാപ്പച്ചി കുട്ടിയെ രക്ഷപ്പെടുത്തി. അന്ന് സന്ധ്യയ്ക്ക് അയാളെ അഭിനന്ദിക്കാനായി കവലയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അയാളെ വാനോളം പുകഴ്ത്തിക്കൊണ്ട് അമ്പത്തിയൊന്ന് രൂപയുടെ പണക്കിഴി നല്കി ആദരിച്ചു. ഒരു മുറുക്കാൻ കട തുടങ്ങി പാലത്തിന്മേലുള്ള ഇരിപ്പ് അവസാനിപ്പിക്കാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ കിട്ടിയതിൽ പാതി പണം കുട്ടിയെ ഏല്പിച്ചിട്ട് അയാൾ സ്വസ്ഥനായി കൈവരിയിൽ തന്നെ വന്നിരുന്നു. കുട്ടി വെള്ളത്തിൽ വീണില്ലായിരുന്നെങ്കിൽ തനിക്ക് പണക്കിഴി കിട്ടുമായിരുന്നില്ലല്ലോ എന്നായിരുന്നു അയാളുടെ അഭിപ്രായം. പാപ്പച്ചി ഒരു മഹാനാണെന്ന് ഉറക്കെ പറയപ്പെട്ടു തുടങ്ങിയത് അന്ന് മുതലാണ്.

ഗംഗാധരൻ മുതലാളി കാരണം പാപ്പച്ചി രണ്ടാമത് ഒരിക്കൽ കൂടി സ്റ്റേജിൽ കയറാൻ ഇടയായി. കള്ളനോട്ട് കൊണ്ട് മുതലാളിയായിത്തീർന്ന ഗംഗാധരന്റെ മകൾ ഗീത ഉച്ച കഴിയുമ്പോൾ, ബംഗ്ലാവിനോടു ചേർന്ന കുളിക്കടവിൽ കുളിക്കാൻ ഇറങ്ങുക പതിവാക്കി. ആ ദൃശ്യം കാണാൻ പാലത്തിന്റെ കൈവരിക്കപ്പുറം നാട്ടിലെ ചെറുപ്പക്കാർ ഒത്തുകൂടുമായിരുന്നു. ഒരു ദിവസം ഗംഗാധരൻ മുതലാളി പാലത്തിന്മേൽ കാർ കൊണ്ടുവന്നു നിർത്തി. ദൂരെ കടവിൽ ഗീത കച്ചയഴിച്ചു നിന്ന് സോപ്പു തേയ്ക്കുകയും കൈവരിയിൽ നിഷ്കളങ്കമായ ചിരിയുമായി പാപ്പച്ചി ഇരിക്കുകയും ചെയ്യുന്നു. പണത്തിന്റെ മുഷ്കോ കള്ളിന്റെ മൂച്ചോ എന്തോ ഗംഗാധരൻ മുതലാളിയും അനുചരന്മാരും ചേർന്ന് പാപ്പച്ചിയെ തല്ലിച്ചതച്ചു. അന്ന് വൈകുന്നേരം കവലയിൽ വമ്പിച്ച പ്രതിഷേധയോഗം ചേരുകയും അവശനായ പാപ്പച്ചിയെ സ്റ്റേജിലിരുത്തി പലരും ആവേശോജ്ജ്വലമായ പ്രസംഗങ്ങൾ നടത്തി, മുതലാളിയുടെ കൈയിൽ നിന്ന് കുറെ പണം പിടുങ്ങി പാപ്പച്ചിയ്ക്ക് കൊടുക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ പ്രലോഭനങ്ങൾക്ക് വഴങ്ങാതെ ശത്രുവിനോടു പോലും കരുണ കാട്ടിക്കൊണ്ട് പാപ്പച്ചി എടുത്ത നിലപാട് എല്ലാവരുടെയും സങ്കല്പത്തിന് അപ്പുറമായിരുന്നു.

ഇലക്ഷന് നില്ക്കുന്നതുൾപ്പെടെ പാപ്പച്ചിയെക്കൊണ്ട് കൂടുതൽ വീരകൃത്യങ്ങൾ ചെയ്യിക്കാനും അതുവഴി ഗ്രാമത്തിന്റെ അനിഷേധ്യ നേതാവായി പാപ്പച്ചിയെ അരക്കിട്ടുറപ്പിക്കാനും നാട്ടുകാർ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. അവയെല്ലാം നിസംഗമായ പുഞ്ചിരിയിലൂടെ തള്ളിക്കളഞ്ഞുകൊണ്ട് പാലത്തിന്റെ കൈവരിയിൽ മരണം വരെ അയാൾ ഇരുന്നു. മരണശേഷം ആണ് പാപ്പച്ചി ഒരു മഹാനായിത്തീർന്നത് എന്ന് ആക്ഷേപഹാസ്യത്തിന്റെ സ്വരത്തിൽ പദ്മരാജൻ പറയുന്നു.

ജീവിച്ചിരിക്കെത്തന്നെ 'പാപ്പച്ചി സ്മാരകങ്ങൾ' ഉണ്ടായി എന്ന് കഥാകൃത്ത് പറയുന്നുണ്ട്. പാപ്പച്ചിപ്പാലവും പാപ്പച്ചി മുക്ക് എന്ന കവലയും ഇപ്പോഴും അതേ പേരുകളിൽ തുടരുന്നുണ്ടത്രെ. ചരമവാർഷികദിനത്തിൽ പാപ്പച്ചിപ്പാലം എന്ന കഥാപ്രസംഗം അവതരിപ്പിയ്ക്കപ്പെട്ടു. കേരളത്തിൽ അങ്ങോളമിങ്ങോളം ദിവസം രണ്ടും മൂന്നും സ്റ്റേജുകളിലായി രണ്ടു വർഷക്കാലം കലാസ്വാദകരെ രസിപ്പിച്ചുകൊണ്ട് ആ കഥാപ്രസംഗം അരങ്ങേറി. ആ കഥയിൽ ഗംഗാധരൻ മുതലാളിയും ഗീതയുമൊക്കെ വേറെ പേരുകളിൽ ജീവിച്ച് ജനങ്ങളെ രസിപ്പിച്ചു. പാപ്പച്ചിക്ക് മാത്രം പേരിൽ മാറ്റമുണ്ടായില്ല. ഇന്നും സുഹൃത്തുക്കൾ പലരും നെഹ്റുവിനെ വല്ലപ്പോഴും ഓർക്കുന്നത് പാപ്പച്ചിയെപ്പറ്റി പറയുമ്പോഴാണെന്ന് കഥാകൃത്ത് പറയുന്നു. പാപ്പച്ചിയുടെ പത്താം ചരമവാർഷികത്തിന് നാടാകെ ഒരുങ്ങിക്കഴിഞ്ഞുവെന്ന് പറഞ്ഞുകൊണ്ടാണ് കഥയവസാനിക്കുന്നത്. സ്മരണിക, സചിത്ര



ജീവചരിത്രഗ്രന്ഥം, പാപ്പച്ചിയുടെ പൂർണ കായ വെങ്കലപ്രതിമ എന്നിവയൊക്കെ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടത്രെ. പ്രതിമയുടെ അനാച്ഛാദനം നിർവഹിക്കുന്നത് ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ് എന്നറിയിച്ചുകൊണ്ട് കഥ അവസാനിക്കുന്നു.

'കൈവരിയുടെ തെക്കേയറ്റം' എന്ന കഥയുടെ തലക്കെട്ട് രണ്ട് ആശയതലങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. തെക്ക് ദിക്ക് പലതിന്റെയും അന്ത്യത്തിന്റെ സൂചകമാണ്. ഈ കഥയിലെ പാലം ജീവിതവും കൈവരി കഥാനായകന്റെ ആശ്വാസഘടകവും അതിന്റെ തെക്കേയറ്റം അയാളുടെ മരണവും അർത്ഥമാക്കുന്നു. ഒന്നാമത്തെ ഈ ആശയതലം പാപ്പച്ചിയുടെ ജീവിതവുമായി എങ്ങനെ ബന്ധം പുലർത്തുന്നു എന്ന് നോക്കാം.

സർക്കാർവള്ളത്തിലെ ഊന്നുകാരനായ പാപ്പച്ചി പാലം വന്നതോടെ തൊഴിൽരഹിതനാവുന്നു. ജീവിതത്തിന്റെ രണ്ടറ്റവും ബന്ധിപ്പിക്കാനാവാത്ത അയാൾ പാലത്തിന്റെ ഒരറ്റത്തേയ്ക്ക് തന്റെ സ്വകാര്യ ജീവിതത്തെ മാറ്റി വയ്ക്കുന്നു. അപ്പോൾ അയാൾക്ക് കൈവരി താങ്ങാവുന്നു. അതിന്റെ ഓരത്തു നില്ക്കുന്ന അത്തിമരം തണലാവുന്നു. പാലത്തിലും ആറ്റിലും വീഴുന്ന അത്തിക്കായ്കൾ നോക്കി, അത് എണ്ണി സ്വസ്ഥതയെ പുല്കുന്നു. അയാളുടെ അനന്തമായ ഇരിപ്പിൽ പൊറുതി കെട്ട പെമ്പിളയും മോളും അയാളെ ഉപേക്ഷിച്ചു പോയിട്ടും അയാൾക്ക് മനംമാറ്റം ഉണ്ടാകുന്നില്ല. അത്തിമരത്തിൽ നിന്ന് സീസണിലെ അവസാനത്തെ പഴുത്ത കായും കൊഴിഞ്ഞു. നാട്ടുകാരുടെ പലവിധ പ്രതീക്ഷകളെയും അസ്ഥാനത്താക്കിക്കൊണ്ട് പാപ്പച്ചി അവസാനത്തെ പഴുത്ത അത്തിക്കായ് പോലെ പൊലിയുന്നു.


തെക്ക് ദിക്ക് മോക്ഷദായകവുമാണ്. ഇവിടെയാണ് രണ്ടാമത്തെ ആശയതലത്തിന്റെ പ്രസക്തി. പാലത്തിന്റെ തെക്കേയറ്റത്തുള്ള ഒരേ ഇരിപ്പ് ഒരു പോറ്റിക്കുട്ടിയുടെ ജീവനെ രക്ഷിക്കുന്നു. കാൽതെറ്റി ആറ്റിൽ വീണു പോയ കുട്ടിയെ രക്ഷിക്കാൻ മുൻപിൻ നോക്കാതെ ഒഴുക്കിലേക്ക് കുതിച്ചു ചാടി തന്റെ നിസ്വാർത്ഥ സേവനം ലോകത്തിന് മന:പൂർവമല്ലെങ്കിലും ബോധ്യപ്പെടുത്തുന്നു അയാൾ. ജീവിതത്തിന്റെ അങ്ങേത്തലയ്ക്കെത്തുമ്പോഴും ചിലപ്പോൾ അകാരണങ്ങളായ അനിഷ്ടസംഭവങ്ങൾക്ക് മനുഷ്യൻ വിധേയനാകുമെന്നുള്ള താത്ത്വികമായ ചിന്തയും ഗംഗാധരൻമുതലാളിയിൽ നിന്ന് അപ്രതീക്ഷിതമായി പാപ്പച്ചിക്ക് കിട്ടിയ പ്രഹരകഥ അവതരിപ്പിച്ചുകൊണ്ട് സമർത്ഥിക്കുന്നു.

തൊഴിൽ നഷ്ടമാകുന്നതോടെ പലരുടെയും ജീവിതത്തിന് വരുന്ന മാറ്റങ്ങളുടെ സാക്ഷിപത്രം കൂടിയാണ് ഈ കഥ. വള്ളം പണിയിൽ കേമത്തം കാണിച്ചിരുന്ന ഒരു ആശാരിക്ക് വട്ട് വരുന്നു. ഊന്നുകാരനായ ഗോപാലൻ മറ്റൊരു ജീവനോപാധി തെരഞ്ഞെടുത്ത് സൈക്കിൾ കട തുടങ്ങുന്നു. പാപ്പച്ചിയ്ക്കാകട്ടെ എല്ലാത്തിനും ഒരു അനിശ്ചിതത്വവും. ഗ്രാമവികസനത്തിന്റെ ഭാഗമായി വന്ന പാലം വ്യത്യസ്തപ്രതികരണങ്ങൾ മനുഷ്യനിൽ ഉണ്ടാക്കുന്നു. ചിലരാകട്ടെ പ്രത്യേക അവസ്ഥകൾക്ക് വിധേയരാവുന്നു. ആശാരിയ്ക്ക് പിടിപെട്ട വട്ടും പാപ്പച്ചിയ്ക്കുണ്ടായ നിസ്സംഗതയും ഒരേ സംഭവത്തിന്റെ നെഗറ്റീവ് അപ്രോച്ചിന്റെ ഫലമാണ്. ഗോപാലനാകട്ടെ അപ്പോൾ മറ്റൊരു വഴി സ്വീകരിച്ച് അതിനെ ഒരു പോസിറ്റീവ് അപ്രോച്ചിലേക്ക് തിരിച്ചു വിടുന്നു. പാലം വന്നല്ലോ, ഇനി പാപ്പച്ചി എന്ത് ചെയ്യും? മറുപടിയായി പാപ്പച്ചി സൗമ്യതയോടെ പുഞ്ചിരിക്കുക മാത്രം ചെയ്തു. അയാൾക്ക് ഒട്ടും തന്നെ അമ്പരപ്പുണ്ടായിരുന്നില്ല എന്ന് കഥാകൃത്ത് പറയുമ്പോഴും നാട്ടുകാരിൽ ചിലർ തൊടുത്ത ചോദ്യത്തിന് യഥാർത്ഥ ഉത്തരം അയാളുടെ പാലത്തിന്മേലുള്ള ഇരിപ്പു തന്നെയായിരുന്നു. ആളൊഴിഞ്ഞ

**ജീവിതത്തിന്റെ അങ്ങേത്തലയ്ക്കെത്തുമ്പോഴും ചിലപ്പോൾ അകാരണങ്ങളായ അനിഷ്ട സംഭവങ്ങൾക്ക് മനുഷ്യൻ വിധേയനാകുമെന്നുള്ള താത്ത്വികചിന്തയും പദ്മരാജന്റെ ഈ കഥ ഉണർത്തുന്നുണ്ട്.**

പാലത്തിന്റെ തെക്കേയറ്റത്ത് വന്ന് കൈവരിയിൽ മൂടുറപ്പിച്ചു എന്ന് പറയുന്നിടത്ത് തൊഴിൽ നഷ്ടപ്പെട്ടവന്റെ ഗൂഢമായ ഒരു ദൃഢനിശ്ചയം വെളിവാകുന്നുണ്ട്. അവിടെ ഇരിക്കുമ്പോൾ പുഴയും തോണിയും യാത്രക്കാരും ഒക്കെയുള്ള ഗതകാലം അയാളിൽ വന്നു നിറയും. പാപ്പച്ചി ഒരർത്ഥത്തിൽ ഭൂതകാലത്തിൽ ജീവിക്കുകയായിരുന്നു എന്ന് പറയാം. നാടിന്റെ വികസന സംരംഭങ്ങൾ ഒട്ടുമിക്കപ്പോഴും ഒരു കൂട്ടരെ കഴിഞ്ഞ കാലത്തിലേക്കും ഗൃഹാതുരത്വത്തിലേക്കും കൊണ്ടു ചെന്നെത്തിയ്ക്കും എന്നുള്ളതിന്റെ സൗമ്യതയാർന്ന ഒരു ആൾരൂപത്തിന് ഉദാഹരണമാണ് പാപ്പച്ചി.

നെഹ്റുവിന്റെ പേര് കേൾക്കുമ്പോഴുള്ള അയാളുടെ സമീപനം ശ്രദ്ധേയമാണ്. പാപ്പച്ചിയെക്കാൾ പാവത്താനായി ഒരുത്തൻ ഉണ്ട്. സാറു പറഞ്ഞല്ലോ എന്ന് കുട്ടികൾ പറയുമ്പോൾ 'ആരാണ്' എന്ന് അയാൾ അന്വേഷിക്കുന്നു. 'നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു' എന്ന് കേട്ട മാത്രയിൽ പാപ്പച്ചി താഴെയൊഴുകുന്ന നീർച്ചാലിലേക്ക് ഒരു തരി തുപ്പൽ തെറിപ്പിച്ച്, പാലത്തിന്റെ കൈവരിയിലേക്ക് ഒന്നുകൂടി അമർന്നിരുന്നു. ആദരണീയരായ നേതാക്കന്മാരെ



പ്പോലും അയാൾ മനസ്സാ അംഗീകരിക്കുന്നില്ല എന്നതിന്റെ സൂചനയാണ് അയാളുടെ തുപ്പ്. മറ്റൊരവസരത്തിൽ നെഹ്റുവിന്റെ പടം കാണുമ്പോഴെല്ലാം ഞങ്ങൾ പാപ്പച്ചിയെക്കുറിച്ച് ഓർക്കുന്നു. ഇതെങ്ങനെ സാധിച്ചു എന്ന് മനോഹരൻ എന്ന വിദ്യാർത്ഥി ആരായുമ്പോൾ ആർക്കും കേൾക്കാൻ ആവാത്തത്ര പതുക്കെ എന്തോ അയാൾ പിറുപിറുക്കുന്നുണ്ട്. നാട്ടുകാർ പറയും പോലെ അയാൾ ഒരു മണ്ടനാണോ എന്ന് മിടുക്കൻ കുട്ടിയായ വെങ്കിടേശ്വരൻ ചോദിക്കുമ്പോൾ സ്ഫുട ശബ്ദത്തിൽ അല്ല എന്ന് തറപ്പിച്ച് പറയുന്നു. മിടുക്കനാണോ എന്ന ചോദ്യത്തിന് മുമ്പിൽ അയാൾ മന്ദഹസിക്കുന്നു. പാവത്താൻ മാത്രമല്ല കുഴിമടിയൻ കൂടിയാണ് പാപ്പച്ചി എന്ന് എല്ലാവരും ചേർന്ന് വിധിയെഴുതുമ്പോഴും കളിയാക്കലുകൾക്കും ഉപദേശങ്ങൾക്കും അതീതനായി അയാൾ കഴിയുന്നു. ക്രാന്തദർശിയായ ഒരു മഹാന്റെ മന്ദഹാസം ആണ് ഇത്തരം സന്ദർഭങ്ങളിൽ അയാളിൽ നിന്നും ഉണ്ടാവുക. ഗംഗാധരൻ മുതലാളിയിൽ നിന്നുണ്ടായ പ്രഹരവും തുടർന്നുണ്ടായ പ്രതിഷേധയോഗവും അയാളിൽ യാതൊരു പ്രകോപനങ്ങളും ഉണ്ടാക്കുന്നില്ല. ആ സംഭവത്തിന്റെ പേരിൽ കുറെ പണം പിടുങ്ങി പാപ്പച്ചിക്ക് കൊടുക്കാമെന്ന നാട്ടുകാരുടെ ശ്രമവും അയാൾക്ക് മുമ്പിൽ വിജയിക്കുന്നില്ല. സത്യസന്ധനായ ആ മനുഷ്യന്റെ നിഷ്കാമ കർമവും നിഷ്കളങ്ക മന്ദഹാസവും നേരിട്ടനുഭവിച്ചറിഞ്ഞ കുട്ടികളുടെ ഇടയിലേക്കാണ് രാഘവൻ നായർ സാർ ഒരു ചോദ്യം ഇട്ടത്.

രാഷ്ട്രപിതാവിന്റെ അഹിംസാ സിദ്ധാന്തവും ഭൂതദയയും ഇതര ഗുണ വിശേഷങ്ങളും സ്വജീവിതത്തിൽ പകർത്തി വിജയം വരിച്ച മറ്റൊരു മഹാൻ നെഹ്റുവാണ് എന്ന് കേട്ടുകേൾവിയായി നിൽക്കുന്ന സാറിന്റെ ശരിയുത്തരത്തെക്കാൾ കുട്ടികൾക്ക് പ്രിയങ്കരമായിട്ടുള്ളത് അനുഭവപാഠങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ പാപ്പച്ചി എന്ന ഉത്തരമാണ്. ക്ഷമാശീലനും കർമവീരനുമായ ഗാന്ധിജിക്ക് സമം ആയി അവർ കണ്ട ഒരേ ഒരാൾ പാപ്പച്ചിയാണ്. ഇവിടെയാണ് കൈവരിയുടെ തെക്കേയറ്റം പുതിയ ഒരു മാനം കൈവരിക്കുന്നത്. പാശ്ചാത്യ സൈദ്ധാന്തികനായ ദറീദയുടെ ഡിഫെറാൻസ് (വ്യതിരേകം) പരികൽപനയിലേക്ക് തലക്കെട്ട് എത്തി നില്ക്കുന്നു. കൈവരിയുടെ തെക്കേയറ്റം പാപ്പച്ചിപ്പാലം എന്ന് അറിയപ്പെടുന്നു. പക്ഷേ പാപ്പച്ചി ഇന്നില്ല. അഭിജ്ഞാന ശാകുന്തളത്തിൽ അഭിജ്ഞയായ (അടയാളം) മുദ്രമോതിരം നഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ നാടകത്തിലെ അനിഷേധ്യവസ്തുവും അതുതന്നെ. ഇവിടെ പാപ്പച്ചിയുടെ അഭാവത്തിലും പാപ്പച്ചിയുടെ സ്നേഹപൂർണമായ സാന്നിധ്യം അവർക്ക് അനുഭവപ്പെടുന്നു. പാപ്പച്ചിയുടെ മരണം അയാളെയും പാലത്തെയും അമരത്വത്തിലേക്ക് നയിക്കുന്നു. തുടർന്ന് പാപ്പച്ചിമുക്ക്, പാപ്പച്ചിപ്പാലം എന്ന കഥാപ്രസംഗം, പാപ്പച്ചിമുക്ക് പോസ്റ്റാഫീസ് തുടങ്ങി ആ മഹാൻ, സ്ഥലങ്ങളും സ്ഥാപനങ്ങളും കലയുമായി രൂപാന്തരം പ്രാപിക്കുന്നു. അസാന്നിധ്യത്തിലെ സാന്നിധ്യമായി മാറിയ പാപ്പച്ചി കുട്ടികൾക്കും നാട്ടുകാർക്കും നല്ലൊരു ഗൈഡ് ലൈൻ നല്കുന്ന സാത്വികനായിരുന്നു എന്ന് കഥാകൃത്ത് ലളിതഭാഷയിൽ പറഞ്ഞുവയ്ക്കുന്നു. തെക്കേയറ്റത്തിന്റെ ഓർമ വായനക്കാരന്റെ ബോധമണ്ഡലത്തെ പാകതപ്പെടുത്താനും പര്യാപ്തമാക്കുന്നു. ഗംഗാധരൻ മുതലാളിയുടെ കള്ളപ്പണത്തിന്റെ മുഷ്കിനിടയ്ക്ക് തങ്കനാണയം പോലെ തിളങ്ങുന്ന പാപ്പച്ചി എന്ന കഥാപാത്രം സമാരാധ്യനാകുന്നു, കഥയുടെ തലക്കെട്ട് സാർത്ഥകമാകുന്നു അങ്ങനെ. ■

# കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമികൾ

## (1853–1924)



സാഹിത്യം, സംഗീതം, ജ്യോതിശ്ശാസ്ത്രം, ചിത്രമെഴുത്ത്, ചികിത്സാ ശാസ്ത്രം, വേദാന്തം എന്നിവയിലെല്ലാം തിളങ്ങി നിന്ന പണ്ഡിതനായ സന്യാസിയായിരുന്നു ശ്രീ വിദ്യാധിരാജ പരമ ഭട്ടാരക ചട്ടമ്പിസ്വാമികൾ. 1853 ആഗസ്റ്റ് 25ന് തിരുവനന്തപുരത്ത് ജനിച്ചു. പിതാവ് താമരശ്ശേരി വാസുദേവൻ നമ്പൂതിരിയും അമ്മ ദേവിയുമായിരുന്നു. കുഞ്ഞൻ എന്നായിരുന്നു പേര്. പഠിക്കുന്ന കാലത്ത് കിട്ടിയ സ്ഥാനമാണ് ചട്ടമ്പി (മോണിറ്റർ). പിന്നീട് ഇത് പേരായി മാറി. ദാരിദ്ര്യം മൂലം ബാല്യം കഷ്ടപ്പാട് നിറഞ്ഞതായിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാനായിരുന്നു ആദ്യ ഗുരുനാഥൻ. തൈക്കാട്ട് അയ്യാസ്വാമിയിൽ നിന്നാണ് കൂടുതൽ കാലം വിദ്യ അഭ്യസിച്ചത്. കുറച്ച് കാലം നെയ്യാറ്റിൻകരയിൽ ആധാരമെഴുത്ത് ജോലി നോക്കി. പിന്നീട് ദിവാൻ സർ. ടി.മാധവറാവുവിന്റെ കീഴിൽ കണക്കെഴുത്ത്പിള്ളയായി സർക്കാർജോലി ചെയ്തു. ദേശാടന തത്പരനായിരുന്നു. മലയാളത്തിന് പുറമെ തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലും അറിവ് നേടി. ഗവേഷകനും ചിന്തകനും തത്ത്വജ്ഞാനിയും താത്വികനുമായിരുന്നു. ഒട്ടധികം ഉത്കൃഷ്ട കൃതികളുടെ കർത്താവാണ്. വടകവീശ്വരത്ത് വച്ച് കണ്ടെത്തിയ ഒരു അവധൂതസിദ്ധനാണ് അദ്ദേഹത്തിന് ആത്മജ്ഞാനം പ്രദാനം ചെയ്തത്. ഇക്കാലത്ത് അദ്ദേഹത്തിന് 28 വയസ്സായിരുന്നു. ശ്രീനാരായണഗുരുവിനെപ്പോലെ തന്നെ ചട്ടമ്പിസ്വാമികളും ജാതിയുടെ പേരിൽ ഉച്ചനീചത്വസ്വഭാവം പുലർത്തുന്നതിനെ കഠിനമായി എതിർത്തു. ഖുറാനും ബൈബിളും അദ്ദേഹം ശരിക്ക് പഠിച്ചിരുന്നു. പ്രാചീന ലിപിയായ വട്ടെഴുത്ത് വായിക്കാനും അദ്ദേഹത്തിന് അറിയാമായിരുന്നുവത്രെ.

പ്രധാനകൃതികൾ: വേദാധികാര നിരൂപണം, പ്രാചീനമലയാളം, ജീവകാരുണ്യ നിരൂപണം, ക്രിസ്തുമത ഖണ്ഡനം, ക്രിസ്തുമതസാരം, സർവമത സാമരസ്യം 1924–ൽ, തർക്കരഹസ്യരത്നം, രത്നസ്തവഹാരാവലി, അദ്വൈതപഞ്ജരം, പുനർജന്മനിരൂപണം, നിജാനന്ദവിലാസം, ബ്രഹ്മതത്ത്വനിർഭാസം, പരമശിവസ്തവം, ചിദാകാരലയം, ശ്രീചക്രപൂജാകല്പം, മോക്ഷപ്രദീപഖണ്ഡനം എന്നിവയാണ് പ്രധാനകൃതികൾ. 1924 മെയ് 5ന് സമാധിയടഞ്ഞു. ■

വിനോദ് പട്ടാണിപ്പാറ

പ്പോലും അയാൾ മനസ്സാ അംഗീകരിക്കുന്നില്ല എന്നതിന്റെ സൂചനയാണ് അയാളുടെ തുപ്പ്. മറ്റൊരവസരത്തിൽ നെഹ്റുവിന്റെ പടം കാണുമ്പോഴെല്ലാം ഞങ്ങൾ പാപ്പച്ചിയെക്കുറിച്ച് ഓർക്കുന്നു. ഇതെങ്ങനെ സാധിച്ചു എന്ന് മനോഹരൻ എന്ന വിദ്യാർത്ഥി ആരായുമ്പോൾ ആർക്കും കേൾക്കാൻ ആവാത്തത്ര പതുക്കെ എന്തോ അയാൾ പിറുപിറുക്കുന്നുണ്ട്. നാട്ടുകാർ പറയും പോലെ അയാൾ ഒരു മണ്ടനാണോ എന്ന് മിടുക്കൻ കുട്ടിയായ വെങ്കിടേശ്വരൻ ചോദിക്കുമ്പോൾ സ്ഫുടശബ്ദത്തിൽ അല്ല എന്ന് തറപ്പിച്ച് പറയുന്നു. മിടുക്കനാണോ എന്ന ചോദ്യത്തിന് മുമ്പിൽ അയാൾ മന്ദഹസിക്കുന്നു. പാവത്താൻ മാത്രമല്ല കുഴിമടിയൻ കൂടിയാണ് പാപ്പച്ചി എന്ന് എല്ലാവരും ചേർന്ന് വിധിയെഴുതുമ്പോഴും കളിയാക്കലുകൾക്കും ഉപദേശങ്ങൾക്കും അതീതനായി അയാൾ കഴിയുന്നു. ക്രാന്തദർശിയായ ഒരു മഹാന്റെ മന്ദഹാസം ആണ് ഇത്തരം സന്ദർഭങ്ങളിൽ അയാളിൽ നിന്നും ഉണ്ടാവുക. ഗംഗാധരൻ മുതലാളിയിൽ നിന്നുണ്ടായ പ്രഹരവും തുടർന്നുണ്ടായ പ്രതിഷേധയോഗവും അയാളിൽ യാതൊരു പ്രകോപനങ്ങളും ഉണ്ടാക്കുന്നില്ല. ആ സംഭവത്തിന്റെ പേരിൽ കുറെ പണം പിടുങ്ങി പാപ്പച്ചിക്ക് കൊടുക്കാമെന്ന നാട്ടുകാരുടെ ശ്രമവും അയാൾക്ക് മുമ്പിൽ വിജയിക്കുന്നില്ല. സത്യസന്ധനായ ആ മനുഷ്യന്റെ നിഷ്കാമ കർമവും നിഷ്കളങ്ക മന്ദഹാസവും നേരിട്ടനുഭവിച്ചറിഞ്ഞ കുട്ടികളുടെ ഇടയിലേക്കാണ് രാഘവൻ നായർ സാർ ഒരു ചോദ്യം ഇട്ടത്.

രാഷ്ട്രപിതാവിന്റെ അഹിംസാ സിദ്ധാന്തവും ഭൂതദയയും ഇതര ഗുണ വിശേഷങ്ങളും സ്വജീവിതത്തിൽ പകർത്തി വിജയം വരിച്ച മറ്റൊരു മഹാൻ നെഹ്റുവാണ് എന്ന് കേട്ടുകേൾവിയായി നിൽക്കുന്ന സാറിന്റെ ശരിയുത്തരത്തെക്കാൾ കുട്ടികൾക്ക് പ്രിയങ്കരമായിട്ടുള്ളത് അനുഭവപാഠങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ പാപ്പച്ചി എന്ന ഉത്തരമാണ്. ക്ഷമാശീലനും കർമവീരനുമായ ഗാന്ധിജിക്ക് സമം ആയി അവർ കണ്ട ഒരേ ഒരാൾ പാപ്പച്ചിയാണ്. ഇവിടെയാണ് കൈവരിയുടെ തെക്കേയറ്റം പുതിയ ഒരു മാനം കൈവരിക്കുന്നത്. പാശ്ചാത്യ സൈദ്ധാന്തികനായ ദറീദയുടെ ഡിഫെറാൻസ് (വ്യതിരേകം) പരികൽപനയിലേക്ക് തലക്കെട്ട് എത്തി നില്ക്കുന്നു. കൈവരിയുടെ തെക്കേയറ്റം പാപ്പച്ചിപ്പാലം എന്ന് അറിയപ്പെടുന്നു. പക്ഷേ പാപ്പച്ചി ഇന്നില്ല. അഭിജ്ഞാന ശാകുന്തളത്തിൽ അഭിജ്ഞയായ (അടയാളം) മുദ്രമോതിരം നഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ നാടകത്തിലെ അനിഷേധ്യവസ്തുവും അതുതന്നെ. ഇവിടെ പാപ്പച്ചിയുടെ അഭാവത്തിലും പാപ്പച്ചിയുടെ സ്നേഹപൂർണമായ സാന്നിധ്യം അവർക്ക് അനുഭവപ്പെടുന്നു. പാപ്പച്ചിയുടെ മരണം അയാളെയും പാലത്തെയും അമരത്വത്തിലേക്ക് നയിക്കുന്നു. തുടർന്ന് പാപ്പച്ചിമുക്ക്, പാപ്പച്ചിപ്പാലം എന്ന കഥാപ്രസംഗം, പാപ്പച്ചിമുക്ക് പോസ്റ്റാഫീസ് തുടങ്ങി ആ മഹാൻ, സ്ഥലങ്ങളും സ്ഥാപനങ്ങളും കലയുമായി രൂപാന്തരം പ്രാപിക്കുന്നു. അസാന്നിധ്യത്തിലെ സാന്നിധ്യമായി മാറിയ പാപ്പച്ചി കുട്ടികൾക്കും നാട്ടുകാർക്കും നല്ലൊരു ഗൈഡ് ലൈൻ നല്കുന്ന സാത്വികനായിരുന്നു എന്ന് കഥാകൃത്ത് ലളിതഭാഷയിൽ പറഞ്ഞുവയ്ക്കുന്നു. തെക്കേയറ്റത്തിന്റെ ഓർമ വായനക്കാരന്റെ ബോധമണ്ഡലത്തെ പാകതപ്പെടുത്താനും പര്യാപ്തമാക്കുന്നു. ഗംഗാധരൻ മുതലാളിയുടെ കള്ളപ്പണത്തിന്റെ മുഷ്കിനിടയ്ക്ക് തങ്കനാണയം പോലെ തിളങ്ങുന്ന പാപ്പച്ചി എന്ന കഥാപാത്രം സമാരാധ്യനാകുന്നു, കഥയുടെ തലക്കെട്ട് സാർത്ഥകമാകുന്നു അങ്ങനെ. ■

# കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമികൾ

## (1853-1924)



സാഹിത്യം, സംഗീതം, ജ്യോതിശ്ശാസ്ത്രം, ചിത്രമെഴുത്ത്, ചികിത്സാ ശാസ്ത്രം, വേദാന്തം എന്നിവയിലെല്ലാം തിളങ്ങി നിന്ന പണ്ഡിതനായ സന്യാസിയായിരുന്നു ശ്രീ വിദ്യാധിരാജ പരമ ഭട്ടാരക ചട്ടമ്പി സ്വാമികൾ. 1853 ആഗസ്റ്റ് 25ന് തിരുവനന്തപുരത്ത് ജനിച്ചു. പിതാവ് താമരശ്ശേരി വാസുദേവൻ നമ്പൂതിരിയും അമ്മ ദേവിയുമായിരുന്നു. കുഞ്ഞൻ എന്നായിരുന്നു പേര്. പഠിക്കുന്ന കാലത്ത് കിട്ടിയ സ്ഥാനമാണ് ചട്ടമ്പി (മോണിറ്റർ). പിന്നീട് ഇത് പേരായി മാറി. ദാരിദ്ര്യം മൂലം ബാല്യം കഷ്ടപ്പാട് നിറഞ്ഞതായിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാനായിരുന്നു ആദ്യ ഗുരുനാഥൻ. തൈക്കാട്ട് അയ്യാസ്വാമിയിൽ നിന്നാണ് കൂടുതൽ കാലം വിദ്യ അഭ്യസിച്ചത്. കുറച്ച് കാലം നെയ്യാറ്റിൻകരയിൽ ആധാരമെഴുത്ത് ജോലി നോക്കി. പിന്നീട് ദിവാൻ സർ. ടി.മാധവറാവുവിന്റെ കീഴിൽ കണക്കെഴുത്ത്പിള്ളയായി സർക്കാർജോലി ചെയ്തു. ദേശാടന തത്പരനായിരുന്നു. മലയാളത്തിന് പുറമെ തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലും അറിവ് നേടി. ഗവേഷകനും ചിന്തകനും തത്ത്വജ്ഞാനിയും താത്വികനുമായിരുന്നു. ഒട്ടധികം ഉത്കൃഷ്ട കൃതികളുടെ കർത്താവാണ്. വടകവീശ്വരത്ത് വച്ച് കണ്ടെത്തിയ ഒരു അവധൂതസിദ്ധനാണ് അദ്ദേഹത്തിന് ആത്മജ്ഞാനം പ്രദാനം ചെയ്തത്. ഇക്കാലത്ത് അദ്ദേഹത്തിന് 28 വയസ്സായിരുന്നു. ശ്രീനാരായണഗുരുവിനെപ്പോലെ തന്നെ ചട്ടമ്പിസ്വാമികളും ജാതിയുടെ പേരിൽ ഉച്ചനീചത്വസ്വഭാവം പുലർത്തുന്നതിനെ കഠിനമായി എതിർത്തു. ഖുറാനും ബൈബിളും അദ്ദേഹം ശരിക്ക് പഠിച്ചിരുന്നു. പ്രാചീന ലിപിയായ വട്ടെഴുത്ത് വായിക്കാനും അദ്ദേഹത്തിന് അറിയാമായിരുന്നുവത്രെ.

പ്രധാനകൃതികൾ: വേദാധികാര നിരൂപണം, പ്രാചീനമലയാളം, ജീവകാരുണ്യ നിരൂപണം, ക്രിസ്തുമത ഖണ്ഡനം, ക്രിസ്തുമതസാരം, സർവമത സാമരസ്യം 1924-ൽ, തർക്കരഹസ്യരത്നം, രത്നസ്തവഹാരാവലി, അദ്വൈതപഞ്ജരം, പുനർജന്മനിരൂപണം, നിജാനന്ദവിലാസം, ബ്രഹ്മതത്ത്വനിർഭാസം, പരമശിവസ്തവം, ചിദാകാരലയം, ശ്രീചക്രപൂജാകല്പം, മോക്ഷപ്രദീപഖണ്ഡനം എന്നിവയാണ് പ്രധാനകൃതികൾ. 1924 മെയ് 5ന് സമാധിയടഞ്ഞു. ■

പ്രൊഫ. ടോണി മാത്യു

# പവനന്റെ ആശയലോകം


**സമകാലിക സംഭവങ്ങളോട് യുക്തിപൂർവം പ്രതികരിച്ചുകൊണ്ടിരുന്ന അപൂർവ ചിന്തകനെയാണ് പവനന്റെ നിര്യാണത്തിലൂടെ നഷ്ടപ്പെട്ടിരിക്കുന്നത്. പവനന്റെ ആശയലോകത്തിലൂടെ ഒരു ലഘുയാത്ര.**

അടിയുറച്ച കമ്മ്യൂണിസ്റ്റ്, ഉജ്ജ്വലപ്രഭാഷകൻ, സമർത്ഥനായ സംഘാടകൻ, യുക്തിവാദി, ഗ്രന്ഥകാരൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനായിരുന്നു പവനൻ എന്ന തൂലികാനാമത്തിലറിയപ്പെട്ടിരുന്ന പി.വി.നാരായണൻ നായർ. ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കേണ്ടി വന്നതിനാൽ, മനുഷ്യാവസ്ഥയെക്കുറിച്ചുള്ള സമഗ്രദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. സാമൂഹികരംഗത്തും രാഷ്ട്രീയമണ്ഡലത്തിലും സാഹിത്യ-സാംസ്കാരിക മേഖലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനു ശേഷമാണ് അദ്ദേഹം തിരോധാനം ചെയ്തത്. ചിന്താലോകത്ത് സാർവദേശീയമായ വീക്ഷണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വിവാദപരങ്ങളായിരുന്ന സമകാലിക സംഭവങ്ങളോട് സയുക്തികം പ്രതികരിക്കുക പവനന്റെ സ്വഭാവമായിരുന്നു. പ്രതികരണശേഷി നഷ്ടപ്പെടാതിരുന്ന അപൂർവം എഴുത്തുകാരിൽ ഒരാളായിരുന്നു അദ്ദേഹം.

പവനന്റെ 'തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ' എന്ന ബൃഹത്ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിലൂടെ അദ്ദേഹത്തിന്റെ ആശയലോകത്തെ നമുക്കൊന്നു പരിചയപ്പെടാം. സൈദ്ധാന്തികം, പഠനങ്ങൾ, സ്ത്രീപർവം, ഗ്രന്ഥപരിചയം, കലാരംഗം, വ്യക്തികൾ, സ്മരണകൾ എന്നിങ്ങനെ വ്യത്യസ്ത ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ 72 ലേഖനങ്ങളുണ്ട്. വിവിധ വിഷയങ്ങളിൽ അദ്ദേഹം ആർജിച്ചിട്ടുള്ള പാണ്ഡിത്യത്തിന്റെ ഉരകല്ലുകൂടിയാണ് ഈ പുസ്തകം! ഒഴുക്കിനെതിരെ നീന്താനാണ് അദ്ദേഹം യത്നിക്കുന്നത്. യാഥാസ്ഥിതികങ്ങളായ പല ആശയങ്ങളെയും ആദർശങ്ങളെയും ഖണ്ഡിച്ചുകൊണ്ടാണ് മുന്നേറുന്നത്. ചില തിനോട് നാം യോജിക്കും. മറ്റു ചിലതിനോട് വിയോജിക്കും. എങ്ങനെയായാലും പവനന്റെ ആശയങ്ങളെ ശ്രദ്ധിക്കാതിരിക്കില്ല. ആശയപരമായ സത്യസന്ധതയുള്ള എഴുത്തുകാരനായിരുന്നു.

തന്റെ പ്രത്യയശാസ്ത്ര പ്രതിബദ്ധതയെ തുറന്നു കാണിക്കുന്ന ലേഖനമാണ് 'സാഹിത്യവും സോഷ്യലിസവും'. സാമൂഹിക പരിവർത്തനത്തെ ത്വരിതപ്പെടുത്തുന്ന പൽച്ചക്രത്തിന്റെ നട്ടും ബോൾട്ടുമായിരിക്കണം സാഹിത്യകൃതികളെന്ന് അദ്ദേഹം യുക്തിപൂർവം സ്ഥാപിക്കുന്നു. സോഷ്യലിസ്റ്റ് ആശയത്തിന് ഒരിക്കലും കോട്ടം ഉണ്ടാകില്ലെന്ന ശുഭാപ്തിവിശ്വാസവും അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. മലയാളത്തിലെ ആധുനിക സാഹിത്യത്തെ നിരീക്ഷിക്കുന്നിടത്ത്, ഖസാക്കിന്റെ ഇതിഹാസത്തെയും മയ്യഴിപ്പുഴയുടെ തീരത്തെയും നിരാകരിച്ചതിൽ പിശകുപറ്റിയിട്ടുണ്ട്. നിരർത്ഥകബോധം വളർത്താൻ പുതിയ തലമുറയെ പ്രേരിപ്പിക്കുന്ന കൃതികളാണ് അവയെന്ന് അദ്ദേഹം വിലയിരുത്തുന്നു. സാഹിത്യചരിത്രം പക്ഷേ, അതംഗീകരിച്ചില്ല. ആധുനിക സാഹിത്യത്തിലെ ലൈംഗികതയോടുള്ള അദ്ദേഹത്തിന്റെ എതിർപ്പ് തീർത്തും ശരിയാണ്.

പി.യുടെ കവിത: ഒരു വ്യത്യസ്തവീക്ഷണം, ജിയുടെ സാർവദേശീയ വീക്ഷണം,



വയലാർ ചങ്ങമ്പുഴയുടെ അനുകർത്താവോ? തുടങ്ങിയ പഠനങ്ങളിൽ പുതിയ നിരവധി കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. സ്വത്വമുദ്രയുള്ള ആസ്വാദനമാണ് അദ്ദേഹത്തിന്റേത്. സ്ത്രീപർവം എന്ന ഭാഗത്ത് ലളിതാംബിക അന്തർജനം, ബാലാമണി അമ്മ, സുഗതകുമാരി, കമലാദാസ്, വത്സല, സാറാ തോമസ് എന്നീ എഴുത്തുകാരികളുടെ സാഹിത്യസപര്യയെ വിശദമാക്കുകയാണ്. ആദരണീയമായ ഒരു കർമമാണ് അദ്ദേഹം അനുഷ്ഠിച്ചിരിക്കുന്നത്. ആർക്കും അവഗണിക്കാനാവാത്ത സ്ഥാനമാണ് മലയാള സാഹിത്യത്തിൽ അവർക്കുള്ളതെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. പെണ്ണെഴുത്തിനെക്കുറിച്ചുള്ള ചർച്ചകളും വിവാദങ്ങളും കൊടുമ്പിരിക്കൊള്ളുന്നതിന് എത്രയോ മുമ്പാണ്, പവനന്റെ പഠനങ്ങൾ വന്നത് എന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെയാണ് കാണിക്കുന്നത്.

മലബാർ കേന്ദ്ര നാടകസമിതിയിലും മറ്റും സജീവമായി പ്രവർത്തിച്ചിട്ടുള്ള പവനന്റെ നാടകസംബന്ധിയായ ഇതിലെ ലേഖനങ്ങൾ അത്യന്തം ശ്രദ്ധാർഹമാണ്. 1940 മുതൽ 60 വരെയുള്ള രണ്ടു പതിറ്റാണ്ടുകളിലാണ്, മലയാള നാടകവേദിക്ക് പുരോഗതി ഉണ്ടായിട്ടുള്ളതെന്ന് അദ്ദേഹം പറയുന്നു. പ്രൊഫഷണൽ നാടകങ്ങളെ തള്ളിപ്പറയുന്നതിനോടു യോജിക്കാനും പവനനു കഴിയുന്നില്ല. സാധാരണ ജനങ്ങളിൽ ആശയാഭിസംക്രമണത്തിന് അത്തരം നാടകങ്ങൾക്ക് കഴിയും എന്ന ചിന്താഗതിയാണ് അദ്ദേഹത്തിനുള്ളത്. പരീക്ഷണങ്ങൾക്ക് വേണ്ടിയുള്ള നാടകങ്ങളെ പരിക്ഷീണ നാടകങ്ങളെന്നാണ് പരിഹസിക്കുന്നത്. ജീവിതഗന്ധിയായ ഇതിവൃത്തങ്ങളുള്ള നാടകങ്ങളേ നിലനിൽക്കുകയുള്ളു എന്ന ആശയത്തെ ആർക്കും എതിർക്കാനാവില്ലല്ലോ.

എഴുത്തുകാരൻ, പത്രപ്രവർത്തകൻ, കേരളസാഹിത്യഅക്കാദമി സെക്രട്ടറി എന്നീ നിലകളിലൊക്കെ നമ്മുടെ പ്രഗത്ഭരായ എഴുത്തുകാരുമായി നിരന്തര സമ്പർക്കം പുലർത്തിയ വ്യക്തിയാണ് പവനൻ. അദ്ദേഹത്തിന് സുപരിചിതരായ ആ സാഹിത്യകാരന്മാരുടെ വ്യക്തിത്വസവിശേഷതകളെ അനാവരണം ചെയ്യുന്ന കുറെ ലേഖനങ്ങളിതിലുണ്ട്. സാഹിത്യപഠിതാക്കൾക്കും സാംസ്കാരികപ്രവർത്തകർക്കും പ്രയോജനപ്രദമാണവ.

ഹൃദയത്തിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിട്ടുകൊണ്ട് ജീവിച്ച ഒരു ബുദ്ധിജീവിയായിരുന്നു പവനൻ എന്ന് അദ്ദേഹത്തിന്റെ പുസ്തകത്തിലൂടെ കടന്നു പോകുന്ന ആർക്കും ഗ്രഹിക്കാനാവും. നമ്മുടെ സമ്പന്നമായ സംസ്കാരത്തിലേക്ക് തന്റേതായ സംഭാവനകൾ നൽകിയിട്ട് കടന്നുപോയ ആ മനീഷിക്ക് പ്രണാമമർപ്പിക്കുന്നു. ■

# Sqdnkw hmcm-tLm-j-¯n\v Øncw kwhn-[m\w

SqdnkwþHmWw hmcm-tLm-j-]-cn-]m-Sn-IÄ Gähpw BIÀj-I-ambn \S-¯p-¶-Xn\v Øncw kwhn-[m\w GÀs¸-Sp-¯p¶ Imcyw kÀ¡mÀ ]cn-tim-[n-¡p-sa¶v B`y-´-c-þ-Sqdnkw a{´n tImSn-tbcn _me-Ir-jvW³ ]d-ªp.

Sqdnkw hnI-k-\-¯nÂ tIcfw apt¶m«p t]mIp¶ kml-N-cy-¯nÂ HmWm-tLmjw sa¨-s¸« coXn-bnÂ \S-¯n-bmÂ IqSp-XÂ Sqdn-Ìp-Isf BIÀjn-¡m³ km[n-¡pw. B`y-´cSqdnkw hnI-kn-¸n-¡p-¶-Xn\v HmWm-tLmj]cn-]m-Sn-IÄ¡v km[n-¡-W-sa¶pw a{´n ]d-ªp. HmWm-tLmjw IqSp-XÂ P\-]-|m-fn-¯-t¯msS sNehv Npcp¡n IqSp-XÂ BIÀj-I-ambn F§s\ \S-¯m-

¯m³ km[n-¡p-sa¶v Btem-Nn-¡-Ww. tIc-f-¯-\n-a-bpÅ ]cn-]m-Sn-IÄ \S-¯-Ww. IqSp-XÂ kvt]m¬kÀamsc Is--¯-Ww. ImÀjnI DÕhw F¶-X-ep-]cn `mhn-sb-¡p-dn¨v {]Xo£ hfÀ¯p¶ H¶mbn HmWm-tLm-js¯ amä-W-sa¶pw a{´n ]d-ªp.

hnhn[ I½n-än-I-fpsS sNbÀam³am-cmbn Fw.-FÂ.F amsc \ntbm-Kn-¡pw. dkn-U³jyÂ Atkm-kn-tb-j-\p-IÄ, hym]mcn hyh-km-bn-IÄ, kmwkvIm-cnI kwL-S-\-IÄ, hnhn[ hIp-¸p-IÄ F¶n-h-bpsS Iq«mb kl-I-cWw BtLm-j-]-cn-]m-Sn-IÄ anI-¨-Xm-¡m³ klm-bn-¡pw. CXn\v Bh-iy-amb \S-

]-Sn-IÄ kzoI-cn-¡m\pw a{´n \nÀtZiw \ÂIn.

HmWw tLmj-bm{X AS-¡-apÅ Imcy-§Ä ]n¶oSv Xocp-am-\n-¡p-sa¶pw a{´n ]d-ªp.

sk{I-t«-dn-bäv ZÀ_mÀlm-fnÂ tNÀ¶ Sqdnkw HmWw BtLmj Btem-N\mtbmK-¯nÂ B²y£w hln¨v kwkm-cn-¡p-I-bm-bn-cp-¶p At±lw.



# ssPh-Irjn t{]mÕm-l-\-¯n\v c-v tImSn-bpsS ]²Xn

ssPh-Ir-jn¡v tIc-f-¯n-epÅ A\-´-km-[y-X-I-Ä IW-¡n-se-Sp¯v Irjn-h-Ip¸v Cu km¼-¯n-I-hÀjw c-p-tImSn cq]-bpsS ssPh-Irjn t{]mÕm-l-\-]-²Xn \S-¸n-em-¡pw. BtKm-f-hym-]-I-ambn ssPh-`-£y-Xv]-¶-§-fpsS Bh-iy-I-X-bv¡-\p-k-cn¨v tIc-f-¯nse IÀj-Isc kÖ-cm-¡p-¶-Xn\pw DXv]-¶-§-fpsS Ib-äp-a-Xnbpw hnI-k-\hpw t{]mÕm-ln-¸n-¡p-¶-Xn\pw ]²Xn e£y-an-Sp¶p. hntZ-i-cm-Py-§fnÂ h¼n¨ hmWn-Py-km-[y-X-I-fpÅ Ipcp-ap-f-Iv, ]¨-¡dn hnf-IÄ¡pw, hmg, ssIX-¨¡ hnf-IÄ¡pw, tIcf-¯nsâ \mS³ s\Ãn-\-amb s]m¡mfn s\Â¡r-jn-¡p-amWv ]²Xn apJm-´cw [\-k-lm-bw.

]²XnbpsS `mK-ambn ssPh-Ip-cp-ap-fIv Irjn¡v Gsd km[y-X-Ifpw kml-N-cy-§-fp-apÅ hb-\mSv, CSp¡n PnÃ-I-fnse 1500 slIvSÀ Ipcp-ap-fIv tXm«-§-fnÂ ssPh-Irjn hym]n-¸n-¡m\pw Irjn hIp¸p aptJ\ Ignª c-vhÀj-ambn ssPh-Irjn apd-IÄ A\p-hÀ¯n-¡p¶ tXm«-§Ä¡v XpSÀ klmbw \evIp-¶-Xn-\p-ambn 95.25 e£w cq]

h-I-bn-cp-¯nbn«p--v. Ipcp-ap-fIv tXm«-§Ä¡v \nÝ-bn-¨n-cn-¡p¶ ssPh ]cn-hÀ¯\ Imem-h-[n-bmb aq¶p hÀj-t¯¡v th-n hcp¶ sNe-hnsâ iX-am-\-amWv klm-b-[-\-ambn \ÂIp-I. CXp-{]-Imcw klm-b-[\w BZy-hÀjw slIvS-dn\v ]c-am-h[n 2900 cq]bpw c-mw sImÃw 1450 cq]-bpw aq¶mw hÀjw 1000 cq]-bp-ambn \nP-s¸-Sp-¯n-bn-«p--v. ssPh DXv]m-Z-t\m-]m-[n-I-fmb It¼m-Ìv, Ip¼m-bw, NmW-Iw, Nmcw, PohmWp hf-§Ä F¶nh D]-tbm-Kn-¡p-¶-Xn\pw ssPh-þ-Io-S-tcm-K-\n-b-{´-W-amÀK-§Ä A\p-hÀ¯n-¡p-¶-Xn\pw ]²-Xn-bnÂ {]tXyI Du¶Â \evIn-bn-«p--v. CXv IqSmsX ISpwIrjn-bnÂ \n¶pw ssPh Irjn-bn-te¡v amdp-t¼mÄ BZy-hÀj-§-fnÂ DXv]m-Z-\-¯nep-mIp¶ Ipdhv ]cn-l-cn-¡m³ slIvSÀ H¶n\v 1000 cq] klmbw \ÂIpw.

\mS³ s\Ãn-\-amb s]m¡m-fn-bpsS ssPh-Irjn coXn-IÄ¡v t{]mÕm-l-\-ta-Ip-¶-Xn\v 24 e£w cq] hI-bn-cp-¯n-bn-«p--v. 1500 slIvSÀ s]m¡mfn {]tZ-i-§Ä¡v A\p-tbm-

Py-amb s\Âhn-¯v, Ip½mbw F¶nh hm§p-¶-Xn\v sNe-hnsâ 25 iX-am\w klm-b-[-\-ambn \ÂIpw. CXn\v 21 e£w cq] hI-bn-cp-¯n-bn-«p--v. ssPhcoXn-bnÂ DXv]m-Zn-¸n-¡p¶ s]m¡mfn Acn tlmÀ«n-tImÀ¸v, knhnÂ kss¹kv tImÀ¸-td-j³ XpS-§nb GP³kn-IÄ aptJ\ hn]-Wn-bnÂ {]N-cn-¸n-¡m\pw CXn-t\m-S-\p-_-Ôn¨pÅ {]hÀ¯-\-§Ä iàn-s¸-Sp-¯m\pw aq¶v e£w cq] hI-bn-cp-¯n-bn-«p--v.

]¨-¡dn hnf-I-fnÂ ssPh-Irjn t{]mÕm-ln-¸n-¡p-¶-Xn-\mbn slIvS-dn\v 10000 cq] \nc-¡nÂ 225 slIvS-dn-te¡v 22.50 e£-hpw, hmgbv¡v slIvSÀ H¶n\v 15000 cq] \nc-¡nÂ 115 slIvS-dn-te¡v 17.25 e£hpw ssIX-¨¡rjn¡v slIvS-À H¶n\v 5000 cq] \nc-¡nÂ 106 slIvS-dn-te¡v 5.30 e£w cq]bpw hIbn-cp-¯n-bn-«p--v. CXp IqSmsX {XnXe ]©m-b-¯p-IÄ aptJ\ IÀj-IÀ¡v ssPh-Irjn kw_-Ôn¨v t_m[-h-XvI-cW ]cn-]m-Sn-IÄ \ÂIpw. IqSp-XÂ hnhcw PnÃ-I-fnse {]n³kn-¸Â Irjn Hm^o-kÀam-cnÂ \n¶pw kao-]-¯pÅ Irjn `h\nÂ \n¶pw e`n-¡pw.



# ഡിസ്കവറി തിരിച്ചെത്തി

വലിയ ഒരു ദൗത്യം പൂർത്തിയാക്കി കെന്നഡി ബഹിരാകാശകേന്ദ്രത്തിൽ ഇക്കഴിഞ്ഞ 17ാം തീയതി രാവിലെ 9.14ന് ഡിസ്കവറി സുരക്ഷിതമായി തിരിച്ചെത്തി. ഷട്ടിൽ കമാൻഡർ സ്റ്റീവൻ ഡബ്ല്യു ലിൻഡ്സെയ്ക്കും സഹപ്രവർത്തകർക്കും ഈ യാത്രക്ക് വേണ്ടിവന്നത് 13 ദിവസം. കഴിഞ്ഞ തവണയുണ്ടായ പരാജയത്തെ തുടർന്നുള്ള അഭിമാനകരമായ വിജയമാണിത്.

## പുകവലിക്കാരുടെ ആയുസ്സിൽ രണ്ട് വർഷം കുറയുന്നു

ഇരുപത്തിയഞ്ച് വർഷം തുടർച്ചയായി പുകവലിക്കുന്ന ഒരാളുടെ ആയുസ്സിൽ രണ്ട് വർഷം കുറവ് വരുന്നതായി പുകയിലജന്യരോഗങ്ങളെക്കുറിച്ച് പാങ്ങപ്പാറ ഹെൽത്ത് യൂണിറ്റ് നടത്തിയ സെമിനാറിൽ വെളിപ്പെടുത്തി. പുകവലിക്കുന്ന ഒരാളുടെ ആയുസ്സിൽ മിനിട്ടിൽ അഞ്ച് സെക്കന്റ് വീതം കുറയുന്നുണ്ടത്രെ. ലോകത്തുള്ള മരണത്തിന്റെ പത്ത് ശതമാനവും കാൻസർ മൂലമാണ്. ഇതിൽ മൂന്നിലൊന്ന് പുകയിലജന്യകാൻസർ കാരണവും. പുകയിലജന്യരോഗങ്ങൾ മൂലം ഇപ്പോൾ എട്ടു സെക്കന്റിൽ ഒരാൾ വീതം മരിക്കുന്നു എന്നാണ് ലോകാരോഗ്യസംഘടനയുടെ കണക്ക്. ഇത് 2025 ആകുമ്പോൾ മൂന്ന് സെക്കന്റിൽ ഒരാൾ വീതമാകും.


നാല്പത്തിയഞ്ചു വയസ്സിന് മുമ്പുള്ള ഹൃദ്രോഗ മരണങ്ങൾക്ക് മുഖ്യകാരണം പുകവലിയാണ്. ശ്വാസകോശ കാൻസറിന്റെ 90 ശതമാനവും പുകവലിക്കുന്നതുകൊണ്ടാണ്. വായ്, അന്നനാളം, ശബ്ദപേടകം, ആമാശയം, കുടൽ, റെക്ടം, ഗർഭാശയം എന്നിവിടങ്ങളെയാണ് പുകവലി മൂലം കാൻസർ ബാധിക്കുന്നത്. ധമനിരോഗങ്ങൾ, പക്ഷാഘാതം, പുരുഷന്മാരിലെ ഷണ്ഡത്വം തുടങ്ങിയവയ്ക്കും പുകവലി കാരണമാകുന്നുവെന്ന് സെമിനാർ ചൂണ്ടിക്കാട്ടി. പുരുഷന്മാർ വലിച്ചുവിടുന്ന പുക ശ്വസിക്കേണ്ടിവരുന്നതിനാൽ (നിഷ്ക്രിയ പുകവലി) സ്ത്രീകളും കുട്ടികളും അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഗർഭം അലസുക, മാസം തികയാതെ പ്രസവിക്കുക, ഗർഭസ്ഥശിശുവിന്റെ മരണം തുടങ്ങിയവയ്ക്ക് നിഷ്ക്രിയ പുകവലി കാരണമാണ്. കുട്ടികളിൽ തൂക്കക്കുറവ്, വിട്ടുമാറാത്ത ചുമ, അലർജി, ജലദോഷം, ടോൺസിലൈറ്റിസ്, ന്യൂമോണിയ എന്നിവയും നിഷ്ക്രിയ പുകവലിയുടെ ഫലമാണ്; കൂടാതെ കുട്ടികളിലെ അനാരോഗ്യവും പഠനവൈകല്യങ്ങളും. സംസ്ഥാനത്തെ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ വരുന്ന രോഗികളിൽ 40-50 ശതമാനവും ശ്വാസകോശരോഗങ്ങളുള്ളവരാണ്. ഇതിനുകാരണം പുകവലിയാണ്. പാൻമസാല, പാൻപരാഗ് തുടങ്ങിയവ ഉപയോഗിക്കുന്ന കുട്ടികളിൽ കാൻസർ വരുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഈ വക ലഹരി സാധനങ്ങൾ സ്കൂൾ പരിസരങ്ങളിൽ യാതൊരു തരത്തിലും വില്ക്കാതിരിക്കുന്നതിന് കർശനനടപടികൾ സ്വീകരിക്കണമെന്ന് സെമിനാർ ആവശ്യപ്പെട്ടു.



പുകവലിക്കുന്നതും പുകയില ഉപയോഗിക്കുന്നതും കൂടുതലും പാവപ്പെട്ടവരായതിനാൽ ആഹാരകാര്യത്തിലും അവർ അത്ര ശ്രദ്ധിക്കാറില്ല. അത് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു.


വീടുകൾ, വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പുകവലി പൂർണമായും ഇല്ലാതാക്കുന്നതിനുള്ള ബോധവത്കരണം നടത്തണമെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

## ന്യൂറോമോട്ടോർ പ്രോസ്തിസിസ്




ശരീരം തളർന്നു പോയ രോഗികൾക്ക് പ്രത്യാശയുടെ കിരണവുമായി ഒരു കൂട്ടം ശാസ്ത്രഗവേഷകർ. ഐച്ഛിക ചലനങ്ങൾക്ക് ഉത്തരവാദിത്തമുള്ള തലച്ചോറിന്റെ ഭാഗത്ത് സിഗ്നലുകൾ സൃഷ്ടിക്കുക വഴി അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്യാൻ സ്തംഭനാവസ്ഥയിൽ കഴിയുന്ന രോഗികൾക്കാകുമത്രെ. ന്യൂറോമോട്ടോർ പ്രോസ്തിസിസ് എന്ന ബ്രെയിൻഗേറ്റ് ന്യൂറൽ ഇന്റർഫേസ് സിസ്റ്റം ആണ് രോഗികൾക്ക് ഇത്തരത്തിൽ ആശ്വാസം നൽകുന്നത്. ബ്രെയിൻഗേറ്റ് സെൻസർ രോഗികളുടെ തലച്ചോറിനുള്ളിൽ സ്ഥാപിച്ചാണിത് സാധ്യമാക്കുന്നത്. 4x4 mm ആണ് ഇതിന്റെ വലിപ്പം. 100 ചെറിയ ഇലക്ട്രോഡുകൾ അടങ്ങുന്ന ഈ സെൻസർ ഐച്ഛികചലനങ്ങൾക്ക് കാരണമായ ഭാഗത്താണ് നിക്ഷേപിക്കപ്പെടുന്നത്. സ്പൈനൽകോഡിലുണ്ടാകുന്ന തകരാറുമൂലം പരാലിസിസ് സംഭവിക്കുന്നവർക്ക് സ്പൈനൽ കോളത്തിന്റെ വശത്തായി 18 ദിവസത്തിനുള്ളിൽ ഇത് നിക്ഷേപിക്കുക വഴി നാഡീകോശങ്ങൾ വീണ്ടും വളരും എന്നു ചുരുക്കം. മസാച്ചുസെറ്റ്സിലെ സൈബർ കൈനറ്റിക്സിന്റെ നേതൃത്വത്തിലാണ് ഈ കണ്ടുപിടിത്തം.

## ഡോ. കവടിയാർ രാമചന്ദ്രന് സീനിയർ ഫെല്ലോഷിപ്പ്



കവിയും നിരൂപകനും ഗ്രന്ഥകാരനുമായ ഡോ.കവടിയാർ രാമചന്ദ്രന് കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് ലഭിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഇടശ്ശേരിക്കവിത (പഠനം), അകവും ആകാശവും (കവിത) എൻ. കൃഷ്ണപിള്ളയും സാംസ്കാരികരംഗവും(എഡി:) എന്നിവയാണ് പ്രധാന കൃതികൾ. ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യൻ കവിതയിൽ മഹാഭാരതത്തിന്റെ സ്വാധീനം എന്ന വിഷയത്തിൽ ഗവേഷണത്തിനാണ് മൂന്ന്ലക്ഷം രൂപയുടെ ഫെല്ലോഷിപ്പ്.


## റെയിൽപ്പാത വൈദ്യുതീകരണം

82 കി.മീറ്റർ ദൈർഘ്യമുള്ള കൊല്ലം-കായംകുളം പാതയുടെ വൈദ്യുതീകരണത്തെ തുടർന്ന് കായംകുളം മുതൽ തിരുവനന്തപുരം വരെയുള്ള ഇരട്ടപ്പാതയിൽ ഓണത്തിന് മുമ്പ് ഇലക്ട്രിക് ട്രെയിനുകൾ സർവീസ് ആരംഭിക്കും. പുന്നപ്ര 110 സബ്സ്റ്റേഷനിൽ നിന്നാണ് പാതയിലേക്ക് വൈദ്യുതി എത്തുന്നത്. ഇലക്ട്രിക് ട്രെയിൻ സർവീസുകൾ നിലവിലുള്ള യാത്രാസമയത്തിൽ കാര്യമായ കുറവുണ്ടാകാൻ സഹായിക്കും എന്ന് പ്രതീക്ഷിക്കാം. കൊല്ലം-തിരുവനന്തപുരം പാതയിലെ വൈദ്യുതീകരണം പൂർത്തിയായാലുടൻ റെയിൽവേ സുരക്ഷാ കമ്മിഷണർ പി.സി.സെന്നിന്റെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തുന്നതാണ്. ഇപ്പോൾ എറണാകുളത്ത് നിന്ന് കായംകുളം വരെ ഇലക്ട്രിക് ടെയിനുകൾ ഓടുന്നുണ്ട്.



## തായ്നാട്ടിൽ തമിഴ്ലിഖിതം

തായ്ലാൻഡിൽ കണ്ടെടുത്ത ശിലാലിഖിതം തായ്നാടും തമിഴ്നാടുമായി നൂറ്റാണ്ടുകൾക്ക് മുമ്പുണ്ടായിരുന്ന ബന്ധത്തിന് തെളിവാകുന്നു. ഈജിപ്തും മെസപ്പൊട്ടേമിയയും ചെങ്കടലോരവുമായി പുരാതന ഭാരതീയർക്കുണ്ടായിരുന്ന വ്യാപാരബന്ധങ്ങളുടെ തെളിവുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. നാലാം നൂറ്റാണ്ടിൽ എഴുതിയതെന്ന് കരുതുന്ന തമിഴ് ബ്രാഹ്മി ലിഖിതം നേരത്തെ തായ്ലാൻഡിൽ ലഭിച്ചിട്ടുണ്ടെങ്കിലും 19/20 നൂറ്റാണ്ട് പിന്നിട്ട ലിഖിതം ഇതാദ്യമായാണ് കണ്ടെടുക്കുന്നത്. തായ്-ഫ്രഞ്ച് പുരാവസ്തു ഗവേഷകരാണ് കളിമൺഫലകത്തിൽ കുറിച്ച ലിഖിതം കണ്ടെത്തിയത്. തായ്ലാൻഡിലെ ഫു ഖാവോ തോങ്ങ് പ്രദേശത്ത് കണ്ടെത്തിയ ലിഖിതം തമിഴ് എപ്പിഗ്രാഫിയിൽ നിപുണനായ ഇരവതം മഹാദേവനാണ് സ്ഥിരീകരിച്ചത്. 'തു റ ഒ....' എന്നാണ് മഹാദേവൻ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഒരു പക്ഷേ, സന്യാസി എന്നർത്ഥം വരുന്ന തുറവൻ ആവാം ഇതെന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു. തമിഴകത്തുനിന്ന് തായ്നാട്ടിലെത്തിയ ഏതോ ബുദ്ധഭിക്ഷുവിനെപ്പറ്റിയുള്ള വിവരണമാവാമെന്നും അനുമാനിക്കുന്നു.



പി.സി. രാമൻകുട്ടി



# ചക്കമഹോത്സവം
## ഒരു പ്രതിരോധ പ്രവർത്തനം

**പഫ്സും നൂഡിൽസും ഭക്ഷണചര്യയിൽപ്പെടുത്തുന്ന മലയാളിയെ തനതുഭക്ഷണശീലങ്ങൾ ഓർമപ്പെടുത്തുന്ന വയനാട്ടിലെ നാടൻശാസ്ത്രസാങ്കേതിക പഠനകേന്ദ്രം– ഉറവിന്റെ പ്രവർത്തനങ്ങളെപ്പറ്റി.**

ആഗോള വിപണന താത്പര്യങ്ങളാൽ നിർമിക്കപ്പെടുന്ന ഭക്ഷണപാനീയശീലങ്ങളാണ് ഇന്ന് പൊതുവെ കേരളീയർ പിന്തുടരുന്നത്. മൾട്ടി നാഷണൽ കമ്പനികളുടെ ടിൻഫുഡും നൂഡിൽസും പലതരം പിസ്തകളും റെഡിമെയ്ഡ് ഭക്ഷ്യവസ്തുവായി നമ്മുടെ തീൻമേശയിൽ എത്തുന്നു. അങ്ങനെ നമ്മുടെ തനത് നാടൻ രുചികളെയും വിഭവങ്ങളെയും നാം കുടിയൊഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പകരം കൃത്രിമവും സിന്തറ്റിക് രുചിയും മണവുമുള്ള ആഗോള ഉത്പന്നങ്ങൾ നമ്മുടെ അടുക്കളയിൽ കുടിയേറുന്നു.

മലയാളിയുടെ ഭക്ഷ്യ പേയ സംസ്കാരങ്ങളിൽ അതിവേഗം മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. കമ്പ്യൂട്ടറിന്റെ മുന്നിലിരുന്നു കഴിക്കാൻ പാകത്തിൽ നാപ്കിനിൽ പൊതിഞ്ഞ സ്നാക്സുകൾ കൂടുതൽ സൗകര്യമാകുന്നു. ഈയൊരു സന്ദർഭത്തിലാണ് സംസ്ഥാനത്തെ ആദ്യത്തെ ചക്ക മഹോത്സവം വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 'ഉറവി'ന്റെ നേതൃത്വത്തിൽ നടന്നത്. 'ഉറവ്' വയനാട്ടിലെ നാടൻ ശാസ്ത്ര സാങ്കേതിക പഠനകേന്ദ്രമാണ്. നാട്ടറിവുകളും നാടൻ സാങ്കേതികവിദ്യകളും പുതു തലമുറക്ക് പകരാനും സംരക്ഷിക്കാനും ഈ സ്ഥാപനം ലക്ഷ്യമിട്ട് പലവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതോടൊപ്പം നാടൻ ഭക്ഷ്യവിഭവങ്ങളും പാചകവിധികളും ഭക്ഷണ ശീലങ്ങളും അന്യം നിന്നു പോകാതെ കാക്കാനുള്ള ഒരു ശ്രമമെന്ന നിലയിലാണ് ചക്ക മഹോത്സവം ഒരുക്കിയത്. കേരളീയ തനതു ഭക്ഷ്യവിഭവങ്ങളിൽ പലതും നാം പാഴാക്കി കളയുന്നു. ഇങ്ങനെ പാഴാക്കി കളയുന്ന ചക്കയെ എങ്ങനെ ആരോഗ്യകരമായി ഉപയോഗപ്പെടുത്താമെന്ന അന്വേഷണവും ഈ മേളയിൽ ഉണ്ടായിരുന്നു. മാത്രമല്ല ചക്ക കൊണ്ടുള്ള വിവിധതരത്തിലുള്ള വിഭവങ്ങൾ ഉണ്ടാക്കി ഇവിടെ പ്രദർശിപ്പിക്കുകയും ആവശ്യക്കാർക്ക് വിളമ്പുകയും ചെയ്തു. ഈ അനുഭവം വീട്ടമ്മമാർക്ക് വളരെ വിജ്ഞാനപ്രദവും കൗതുകകരവുമായിരുന്നു.



പൊതുവെ വയനാടൻ കാലാവസ്ഥയിൽ ചക്കയും, മാങ്ങയുമൊക്കെ മൂപ്പെത്തുമ്പോഴേക്കും മഴക്കാലമാകും. ഗ്രാമങ്ങളിൽ സുലഭമായ ചക്കയും മാങ്ങയും കൂടുതലും പഴുത്ത് കൊഴിഞ്ഞുവീണ് ഉപയോഗശൂന്യമാകുന്നു. ഇങ്ങനെ പാഴാകുന്ന വിഭവങ്ങളുടെ ഭക്ഷ്യസാധ്യത ജനങ്ങളെ ബോധ്യപ്പെടുത്താനും ചക്ക മഹോത്സവത്തിന് കഴിഞ്ഞു. ചക്കയെ വിവിധ ഉത്പന്നങ്ങളാക്കി മാറ്റി സ്വാശ്രയ സംഘങ്ങൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും സ്വയംതൊഴിൽ പരിശീലനവും ലക്ഷ്യമിട്ടിരുന്നു.

ഡോ. മിനി എബ്രഹാം, ഡോ. സി.റ്റി. എബ്രഹാം

# നെൽക്കൃഷിയിൽ ശാസ്ത്രീയ കളനാശിനി പ്രയോഗം

നെൽക്കൃഷിയിൽ കള നിയന്ത്രണമാണ് ഏറ്റവും ചെലവു കൂടിയ കൃഷിമുറ. ഉത്പാദനച്ചെലവിന്റെ വലിയൊരംശം കളനിയന്ത്രണത്തിന് ഉപയോഗിക്കേണ്ടി വരുന്നു. കൃഷിമുറകൾ കുറച്ചൊക്കെ ശ്രദ്ധിച്ച് ചെയ്താൽ കളകൾ അനിയന്ത്രിതമായി വളരുന്നത് ഒരു പരിധിവരെ തടയാം. അശാസ്ത്രീയമായ നിലമൊരുക്കൽ, ജലപരിപാലനം, വളപ്രയോഗം എന്നിവ കളകൾ നിയന്ത്രണമില്ലാതെ വളരുവാൻ ഇടയാക്കും. ശാസ്ത്രീയമായ ജലപരിപാലനം വഴി കളകളുടെ വളർച്ചയെ ഒരു പരിധി വരെ നിയന്ത്രിക്കാം.

നെല്ല് നട്ട് 40–45 ദിവസം വരെയുള്ള കളശല്യമാണ് ഉത്പാദനത്തെ സാരമായി ബാധിക്കുന്നത്. കളനിയന്ത്രണത്തിന് പല മാർഗങ്ങൾ ഉണ്ടെങ്കിലും കൈകൊണ്ട് പറിച്ചു നീക്കുന്ന രീതിയാണ് സാധാരണ പതിവ്. പക്ഷേ നിശ്ചിത സമയപരിധിക്കുള്ളിൽ കളകളെ പറിച്ചുമാറ്റാൻ പലപ്പോഴും സാധിക്കാറില്ല. മാത്രമല്ല, വർധിച്ചു വരുന്ന കൂലിയും കർഷകരെ ബുദ്ധിമുട്ടിക്കുന്നു. ഈ സാഹചര്യത്തിൽ കളനാശിനി പ്രയോഗം തന്നെ ശരണം.



**നെൽക്കൃഷി നേരിടുന്ന പ്രധാന പ്രശ്നമാണ് കളകൾ. അതുകൊണ്ട് തന്നെ കളനാശിനികൾ കാർഷിക രംഗത്ത് അനിവാര്യതയാവുന്നു...**

കളനാശിനികൾ ഉപയോഗിക്കുമ്പോൾ കളകളുടെ സ്വഭാവം, നെല്ലിന്റെ വളർച്ച, കൃഷിരീതി ഇവയ്ക്കനുസരിച്ച് അവയുടെ തരത്തിലും അളവിലും വ്യത്യാസം വരുത്തേണ്ടതാണ്.

നെൽക്കൃഷിയിൽ കണ്ടുവരുന്ന കളകളെ വളർച്ചാരീതിയും സ്വഭാവവും അനുസരിച്ച് മൂന്നായി തരം തിരിക്കാം. പുല്ലുവർഗത്തിൽപ്പെട്ടവ, മുത്തങ്ങാവർഗത്തിൽപ്പെട്ടവ, വിശാല പത്രവർഗത്തിൽപ്പെട്ടവ എന്നിങ്ങനെ. പുല്ലുവർഗത്തിൽപ്പെട്ട കളകളിൽ നിന്നാണ് നെല്ലിന് കടുത്ത മത്സരം നേരിടേണ്ടി വരുന്നത്. ഓരോ ഇനത്തിൽപ്പെട്ട കളകളെ നിയന്ത്രിക്കുന്നതിനും പ്രത്യേക കളനാശിനികൾ വേണം.

---

പഫ്സും പിസ്തയും നൂഡിൽസും സ്വപ്നം കാണുന്ന പുതു തലമുറയ്ക്ക് നമ്മുടെ വീട്ടുമുറ്റത്ത് നിന്നൊരു പുതു രുചിയറിവ് ചൂടോടെ പകരുകയും ആയിരുന്നു ഈ പരിപാടിയിലൂടെ ചെയ്തത്.

ചക്കവിഭവങ്ങളുടെ രുചിസമൃദ്ധിക്ക് മുന്നിൽ പ്രായഭേദമില്ലാതെ ആളുകൾ കൈനീട്ടിയത് സംഘാടകർക്ക് ആവേശമായി. ഉറവിന്റെ സംഘാടകരും ഉത്പാദക സംഘങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളും ചക്ക മഹോത്സവത്തിന് വേണ്ടി ഒരാഴ്ചത്തെ അണിയറ പ്രവർത്തനം നടത്തി. ഓരോ വിഭവവും പാചകം ചെയ്യാനുള്ള ചുമതല വ്യത്യസ്ത ഗ്രൂപ്പുകൾക്കായിരുന്നു. ഇരുപതോളം ചക്കവിഭവങ്ങൾ മേളയിൽ ഉണ്ടാക്കി. ചക്കപ്പുഴുക്ക്, ചക്കയപ്പം, ചക്കയട, ചക്കവരട്ടി, ചക്ക ജ്യൂസ്, ചക്ക ബജി, ചക്കക്കുരു അവലോസ് പൊടി, ചക്ക പപ്പടം, ചക്കപ്പായസം, ചക്ക വറുത്തത്, ചക്കക്കുരു അട, ഉപ്പേരി, കുരു ചുട്ടത്, ചക്ക പഫ്സ്, ചക്ക അച്ചാർ, അവിയൽ, ജാം, ഇടിച്ചക്കത്തോരൻ, ചുള ബോണ്ട എന്നിങ്ങനെയുള്ള വിഭവങ്ങളാണ് പ്രദർശനത്തിലുണ്ടായിരുന്നത്. എല്ലാ വിഭവങ്ങളുടെയും പാചകവിധി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരുന്നു.

"ചക്കയെന്ന് ചൊല്ലല്ലേ നീ
ചക്കമേലാക്കെ വെക്കല്ലേ നീ"

ഇലവാട്ടി മുറിക്കേണ്ട വരിക്കച്ചക്ക എന്ന പഴയ ചക്ക മാഹാത്മ്യം പുതു തലമുറയ്ക്ക് പകരുന്ന മേളയായിരുന്നു 'ഉറവ്' ഒരുക്കിയത്. നാടൻ ഭക്ഷ്യവിഭവങ്ങൾക്കായി ഒരു ഭക്ഷ്യ സംസ്കരണ കേന്ദ്രം ആരംഭിക്കാൻ ഉറവ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി നാടൻ ഭക്ഷ്യ പാനീയ വിഭവങ്ങളെ നമ്മുടെ തീൻമേശയിലെത്തിക്കാൻ കഴിയുമെന്ന് ആശിക്കാം. ഒപ്പം ആഗോള കമ്പനി ഉത്പന്നങ്ങളുടെ കടന്നുകയറ്റത്തെ ഒരു പരിധി വരെ ചെറുക്കാനും കഴിയില്ലേ? മുള കൊണ്ടുള്ള കരകൗശല ഉത്പന്നങ്ങൾ നിർമിച്ച് വിപണനം നടത്തുന്ന ഉറവിന്റെ ആസ്ഥാനം തൃക്കൈപ്പറ്റയാണ്. കൂടാതെ കൊച്ചിയിലും തേക്കടിയിലും കൽപ്പറ്റയിലും വില്പനകേന്ദ്രങ്ങളുണ്ട്. ആദിവാസികളെയും ഗ്രാമീണ ജനവിഭാഗങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഉറവ് ആഗോളവത്കരണത്തിന്റെ കടന്നുകയറ്റത്തിനെതിരെ കേരളത്തനിമയിലൂന്നിയ പ്രതിരോധങ്ങൾ ആരായുകയാണ്. ■

*(കല്പറ്റ ഗവ.കോളേജ് ലക്ചററാണ് ലേഖകൻ)*

ഡോ. രാജാ വാര്യർ



*അകവും പുറവും എന്ന നാടകത്തിൽ നിന്ന്*

## ഭാഷാതിവർത്തിയായ

# അരങ്ങ്

**വാചിക – ധ്വനിപാഠങ്ങൾക്കുപരിയായി ക്രിയാംശത്തിന് ഊന്നൽ നൽകുന്ന നാടകമാണ് പ്രൊഫ. ജി. ഗോപാലകൃഷ്ണൻ രചിച്ച് ഡോ. അംബി സംവിധാനം ചെയ്ത പ്രേമാമൃതം. നിരന്തരമായ പരീക്ഷണങ്ങൾക്ക് വിധേയമാകുന്ന നാടകാവിഷ്കാര കലയുടെ വിശകലനത്തിലൂടെ പ്രേമാമൃതത്തിന് ചരിത്രത്തിൽ ഇടം തേടുകയാണ് ഡോ. രാജാവാര്യർ.**

ഒമ്പത് പതിറ്റാണ്ട് മുമ്പ് സി.വി. രാമൻപിള്ള എഴുതിയ 'പ്രേമാമൃതം' സാമൂഹികനോവൽ, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഗ്രന്ഥശാല, 2005 നവംബർ ഒന്നാം തീയതി, തിരുവനന്തപുരത്ത് കാർത്തികതിരുനാൾ തിയേറ്ററിൽ നാടകമായി അവതരിപ്പിച്ചു. പ്രൊഫ. ജി. ഗോപാലകൃഷ്ണൻ രചിച്ച് ഡോ. അംബി സംവിധാനം നിർവഹിച്ച 'പ്രേമാമൃതം' നാടകം സി.വി. രാമൻപിള്ളയുടെ സാമൂഹികാഖ്യായികയുടെ നാടകാവിഷ്കാരം എന്ന നിലയിൽ ജനസമ്മതി നേടുകയും ചെയ്തു. പുരുഷന്റെ ദുഷ്ടവൃത്തികൾ സ്ത്രീയുടെ ജീവിതം ദുരിതപൂർണമാക്കുമെന്നതാണ് നാടകകാര്യം. നോവൽ എഴുതപ്പെട്ട കാലത്തിനും വളരെ മുമ്പ് നടന്നതാണ് ഇതിന്റെ കഥ. അധികാരസ്ഥാനങ്ങളും പൊതുമുതലും സ്വന്തം താത്പര്യങ്ങൾക്ക് മാത്രമാക്കി മാറ്റുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ നഖചിത്രമായ കഥയിലെ ആക്ഷേപഹാസ്യാത്മകത ഒട്ടും ചോർന്നുപോകാതെ നാടകത്തിലേക്ക് പകരാൻ ഇതിന്റെ ശില്പികൾക്ക് കഴിഞ്ഞിരിക്കുന്നു, പ്രത്യേകിച്ചും നാടകകൃത്തിന്.

കഥാപ്രാധാന്യമുള്ള നാടകങ്ങളൊരുക്കിക്കൊണ്ട് മലയാള നാടകചരിത്രത്തിൽ ഇടം നേടിയ ഒന്നാണ് ശ്രീ ചിത്തിരതിരുനാൾ വായനശാല. സി.വി.യുടെ പ്രഹസനങ്ങളും ചരിത്രാഖ്യായികകളുടെ നാടകരൂപാന്തരങ്ങളും ഇ.വി.കൃഷ്ണപിള്ള, എൻ.പി. ചെല്ലപ്പൻ നായർ, സി.ഐ.പരമേശ്വരൻ പിള്ള, ടി.എൻ. ഗോപിനാഥൻ നായർ തുടങ്ങിയവരുടെ നാടകങ്ങളും അരങ്ങുതകർത്ത പതിറ്റാണ്ടുകളുടെ ചരിത്രമാണ് ഇതിന് പറയാനുള്ളത്. വാച്യപ്രധാനമായ ഒന്നാണ് 'പ്രേമാമൃതം' നാടകം എങ്കിലും അരങ്ങിന്റെ വ്യാകരണങ്ങളെ കാത്തുസൂക്ഷിച്ചുകൊണ്ട് ബിംബകല്പിതമായ രംഗസജ്ജീകരണത്തിലൂടെ പ്രേക്ഷകരിലെത്താൻ ഈ നാടക

ത്തിന് കഴിഞ്ഞുവെന്നത് പ്രശംസയർഹിക്കുന്നു. 'പ്രേമാമൃതം' നാടകത്തിലെ രാഘവൻ കർത്താവ്, ബി.എ., ബി.എൽ. എന്ന നായകകഥാപാത്രത്തെ ഈ ലേഖകനാണ് അവതരിപ്പിച്ചത്. അതിന്റെ അനുഭവം, നാടകം എന്ന കലയുടെ സാഹിതീയ ബന്ധത്തെക്കുറിച്ച് ചിന്തിപ്പിക്കാനിടയായതാണ് ഈ ലേഖനത്തിനാധാരം.

പ്രശ്നസങ്കീർണമായ ഇതിവൃത്തങ്ങൾ പ്രമേയമാക്കി, ഭാഷയുടെ ശക്തിയാൽ സംവേദനം നടത്തി, പ്രേക്ഷകമനസ്സുകളിൽ സ്ഥാനം നേടുന്ന രംഗാവതരണങ്ങൾ ലോകത്ത് എന്നും ഉണ്ടായിക്കൊണ്ടിരിക്കും. ബർണാഡ്ഷായുടെ നാടകങ്ങൾ അത്തരത്തിലുള്ളവയാണല്ലോ. എന്നാൽ, വാക്കുകളെ അതിജീവിച്ച് ക്രിയയ്ക്ക് ഊന്നൽ നൽകുന്ന നാടകങ്ങൾ ഉണ്ടായിവരേണ്ടതുണ്ടെന്നും അതാണ് തിയേറ്ററിന്റെ ശക്തിയും ചൈതന്യവുമെന്നും നാടക പരീക്ഷകർ തിരിച്ചറിഞ്ഞു. പക്ഷേ, അപ്പോഴും ക്രിയയുടെ അടിസ്ഥാനമായി രചിതപാഠം നിലനിൽക്കുകയാണ്. ആംഗിക-വാചിക-സാത്വിക-ആഹാര്യാദി ചതുർവിധാഭിനയങ്ങളിൽ എപ്പോഴും വാചികം മുന്നേറാൻ പ്രവണത കാണിക്കുന്ന ഒരു ഘടകമാണ്. അതിനെ കടിഞ്ഞാൺ ഇട്ടുകൊണ്ടാണ് വരികൾക്കിടയിൽ അന്തർലീനമായിക്കിടക്കുന്ന ധ്വനിപാഠത്തെ (sub-text) പുറത്തു കൊണ്ടുവരാൻ നാടക പ്രയോക്താക്കൾ ശ്രമിക്കുന്നത്.

മലയാള നാടകപ്രസ്ഥാനത്തിന് ശക്തമായ ഒരു സാഹിത്യപശ്ചാത്തലമുണ്ട്. വായിച്ചാസ്വദിക്കാൻ വേണ്ടി മാത്രമായി ഇവിടെ നാടകകൃതികൾ ഉണ്ടായിട്ടുണ്ട്. കൊളോണിയൽ സംസ്കാരത്തിന്റെ അധിനിവേശത്തിലൂടെയാണ് സുഘടിത നാടക സങ്കല്പത്തിലുള്ള കൃതികൾ വാചിക പ്രാധാന്യത്തോടുകൂടി ഇവിടെ ഉടലെടുത്തത്. സംഘർഷാവസ്ഥകളും സംഘട്ടനങ്ങളും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽക്കൂടി മാത്രം പ്രകടിതമാകുന്ന നാടകശില്പങ്ങൾ കേരളത്തിലെ നാടകവേദിയെ അടക്കി വാണു. നാടകകലയ്ക്ക് സാഹിതീയരൂപം കൊണ്ടുതന്നെ പൂർണത കൈവരുന്നു എന്ന തെറ്റായ ധാരണപോലും ഇവിടെ ഉണ്ടായത് കഥാകഥന സ്വഭാവത്തിലുള്ള, സംഭാഷണ പ്രാധാന്യമുള്ള നാടകങ്ങളുടെ ആവിർഭാവത്തോടെയാണ്. സംഘട്ടനമില്ലാതെ നാടകമില്ല എന്ന് ബർണാഡ് ഷാ പറഞ്ഞുപോയതുകൊണ്ട് കഥാപാത്രങ്ങളെ അരങ്ങിൽ അടിപിടി കൂടിയ്ക്കുകയും നിരർത്ഥകമായ വാചകക്കസർത്തുകൊണ്ട് വെടിക്കെട്ടുകൾ ഒരുക്കുകയും ചെയ്ത നാടക രചയിതാക്കൾ ഇവിടെ കൊടികുത്തി വാണിരുന്നു.

മലയാള നാടകസാഹിത്യത്തെക്കുറിച്ച് ശ്രദ്ധാപൂർവം ചിന്തിക്കുമ്പോൾ ഭാഷയ്ക്ക് അപ്പുറമുള്ള നാടകീയാവിഷ്കാരങ്ങളെയും പരിഗണിയ്ക്കേണ്ടിവരും. ആശയ വിനിമയം



***അയാൾ*** **എന്ന നാടകത്തിൽ നിന്ന്**

സാക്ഷാത്കരിക്കുന്നതിന് ലോകത്തെല്ലായിടത്തും ഭാഷകൾ രൂപം കൊണ്ടത് നൂറ്റാണ്ടുകൾ കൊണ്ടാണ്. എന്നാൽ, ഭാഷ ഉടലെടുക്കുന്നതിന് മുമ്പുതന്നെ നാട്യം ഒരു ആശയവിനിമയോപാധിയെന്ന നിലയിൽ മനുഷ്യൻ ഉപയോഗിച്ചിരുന്നു. ഏറ്റവും പ്രാചീനമായ കലയാണ് നാടകമെന്ന് പറയപ്പെടുന്നത് അതുകൊണ്ടാണ്. നിയതമായ സ്ഥലത്ത്, നിശ്ചയിക്കപ്പെട്ട സമയത്ത്, സജ്ജരായ സദസ്സിന് മുമ്പിലല്ലാതെതന്നെ മനുഷ്യന്റെ പ്രായോഗിക ജീവിതത്തോട് ഇഴചേർന്ന് നാട്യപ്രയോഗങ്ങൾ ഉണ്ടാവുകയും വളർന്നുവരികയും ചെയ്തിരുന്നു. പിൽക്കാലത്ത് പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ട് അനുഷ്ഠാന പ്രത്യേകതകളോടുകൂടി നാട്യപ്രധാനമായ ചെയ്വനകൾ ഉടലെടുത്തു. നമ്മുടെ അനുഷ്ഠാന കലാരൂപങ്ങളായ തെയ്യം, പടയണി, മുടിയേറ്റ് മുതലായവ ഉദാഹരണങ്ങൾ. യവനപ്രദേശത്ത് ഉർവ്വരതാഘോഷങ്ങളുമായി ബന്ധപ്പെട്ട് ഡയനീഷ്യസ് ദേവനെ പ്രീതിപ്പെടുത്താനായി 'ഡിത്ത്റാമ്പ്' എന്ന ഗീതനൃത്താലാപനങ്ങളും അതിൽ നിന്നും 'തെസ്പിസ്' എന്ന ആദ്യനടനിലൂടെ നാടകവും രൂപം കൊണ്ടത് നമുക്കറിയാവുന്നതാണല്ലോ.

നാടകമെന്ന കലാരൂപം സാഹിത്യവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ നാടക സാഹിത്യത്തെ നാട്യകലയുടെ പൂർണരൂപമായി പരിഗണിക്കുക പോലും ചെയ്തിരുന്നു. എന്നാൽ, ക്രിയയുമായി ബന്ധപ്പെട്ടതാണ് നാട്യകല. ലിഖിതപാഠത്തിനപ്പുറം അവതരണപാഠം കൂടി ഉണ്ടാകുമ്പോൾ മാത്രമേ നാട്യകല പൂർണമാകുന്നുള്ളു. സംസ്കൃത നാടകവേദിയിൽ നാടകത്തെ രൂപകങ്ങൾ എന്നാണ് പറയുന്നത്. ലിഖിതപാഠത്തിൽ അമൂർത്തരൂപത്തിൽ സ്ഥിതി ചെയ്യുന്ന കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അരങ്ങിൽ നടന്മാരിലൂടെ രൂപാരോപിതമാകുമ്പോഴാണ് നാടകം ഒരു ചാക്ഷുസയജ്ഞമായി പരിണമിക്കുന്നത്.

കേൾവിയുടെയും കാഴ്ചയുടെയും കലയാണ് നാടകം. അതുകൊണ്ടാണ് അതിനെ ഒരു ദൃശ്യശ്രവ്യകലയായി വിവക്ഷിക്കുന്നത്. സാഹിതീയരൂപം, അതായത് പ്രധാനമായും സംഭാഷണം കേൾവിയെ ആശ്രയിച്ചിരിക്കുമ്പോൾ അവതരണരൂപം (Performance) കാഴ്ചയെ ആശ്രയിച്ച് നിലനിൽക്കുന്നു. എന്തുകൊണ്ടാണ് നാടകം അതിന്റെ സാഹിതീയരൂപത്തെ അതിവർത്തിക്കേണ്ടതുണ്ടെന്ന് കരുതപ്പെടുന്നത്? വൈദേശിക സ്വാധീനത്തിൽ ഇവിടെ ഉടലെടുത്ത പ്രൊസീനിയം തിയേറ്ററും അതിലെ യഥാതഥ (Realistic) അവതരണ രീതികളും നാടകമെന്ന കലാരൂപത്തെ, അതുമാത്രമാണെന്ന് പതിറ്റാണ്ടുകളായി നമ്മെ തെറ്റിദ്ധ



രിപ്പിച്ച് കീഴ്പ്പെടുത്തിയിരിക്കുന്നു. അതിന്റെ ബാക്കിപത്രമെന്ന നിലയിൽ ഇന്നും അതിഭാവുകത്വത്തിൽ കലർന്ന കഥ പറച്ചിൽ നാടകങ്ങൾ 'പ്രൊഫഷണൽ' എന്ന പേരിൽ അഴിഞ്ഞാട്ടം നടത്തുന്നു. എന്നാൽ, നമ്മുടെ പരമ്പരാഗത ദൃശ്യകലാസംസ്കൃതി ഇവയിൽ നിന്നും വളരെയേറെ വ്യത്യസ്തവും വിദൂരവുമാണ്. ക്ലാസിക്കൽ കലകളായ കൂടിയാട്ടവും കഥകളിയും നാടോടിക്കലകളായ തെയ്യവും മുടിയേറ്റും പടയണിയുമൊക്കെ നമ്മുടെ ആദിനാടകരൂപങ്ങളായി പരിഗണിച്ചേ മതിയാകൂ.

അജ്ഞാതമായ ഒരു കഥയുടെ ചുരുൾ നിവരുന്നതിലൂടെ ജിജ്ഞാസയുണർത്തുകയെന്ന കർമമല്ല നമ്മുടെ ആദിതിയേറ്റർ അവതരണങ്ങളിലൊന്നും ചെയ്തിരുന്നത്. ഒരു പക്ഷേ, പ്രഖ്യാതമായ ഒന്നാകാം അവയുടെ പ്രമേയം. പക്ഷേ, ജ്ഞാതമായ ഒരു കഥയുടെ ചെയ്വന എങ്ങനെ നിർവഹിക്കപ്പെടുന്നുവെന്നതിലാണ് ജനതയുടെ കൗതുകം നിലനിന്നിരുന്നത്. എന്ത് ചെയ്യുന്നു എന്നതിലല്ല, എങ്ങനെ ചെയ്യുന്നു എന്നതിലാണ് നാം നമ്മുടെ തിയേറ്ററുകളിൽ രസം അനുഭവിച്ചിരുന്നത്. വൈദേശിക യഥാതഥരംഗാവതരണങ്ങളിൽ 'എന്ത്?' എന്നതിന് പ്രാമുഖ്യം കല്പിക്കുമ്പോൾ ഭാരതത്തിലെ തിയേറ്ററിൽ 'എങ്ങനെ?' എന്നതിന് പ്രാമുഖ്യം കൊടുക്കുന്നു. പ്രഖ്യാതമായ 'മത്തവിലാസ'വും, 'നളചരിതവും' മറ്റും നാം വീണ്ടും വീണ്ടും കാണാൻ തയ്യാറാകുന്നത് അവ എങ്ങനെ ചെയ്യുന്നു എന്നറിയാനാണ്. നമ്മുടെ ആസ്വാദനപ്രത്യേകതകളും അതുമായി ബന്ധപ്പെട്ടുള്ളതാണ്. പ്രഖ്യാതമായ ഇതിവൃത്തം പ്രമേയമായി നിൽക്കുമ്പോഴും, സംഘട്ടനങ്ങളുടെ വഴിത്തിരിവുകളെപ്പറ്റി മുൻവിധികൾ നിലനിൽക്കുമ്പോഴും അവതരണത്തിന് സാക്ഷ്യം വഹിക്കുന്ന പ്രേക്ഷകരിൽ ആസ്വാദനത്തിന്റെ അനിർവചനീയമായ അനുഭൂതിവിശേഷം കൈവരുന്നത് അഭിനയത്തിന്റെ വ്യാഖ്യാന സാദ്ധ്യതകളിലൂടെയുള്ള ഇടപെടലുകൾ മൂലമാണ്.




*അയാൾ* എന്ന നാടകത്തിൽ നിന്ന്

ആയിരത്തിയെണ്ണൂറ്റി എൺപതുകളിൽ കാളിദാസന്റെ ശാകുന്തളത്തിന്റെ പരിഭാഷകളിലാണ് സ്വതന്ത്ര മലയാള നാടകപ്രസ്ഥാനത്തിന്റെ തുടക്കം ചരിത്രകാരന്മാർ കുറിയ്ക്കുന്നത്. നമ്മുടെ ആദിനാടകരൂപങ്ങളെ വിസ്തരിച്ചുകൊണ്ടും സാഹിതീയ കൃതിയായി മാത്രം നാടകത്തെ കണക്കാക്കുന്നതുകൊണ്ടുമുള്ള തെറ്റായ കാഴ്ചപ്പാടാണ് ഇത്തരത്തിൽ ഒരു തുടക്കം നിശ്ചയിക്കപ്പെടാൻ കാരണമെന്ന് നമുക്ക് തിരിച്ചറിയാം. ശാകുന്തളത്തിന് വിവർത്തനങ്ങൾ ഉണ്ടാകുമ്പോൾ ഇവിടത്തെ നാടകസദസ്സ് തമിഴ് സംഗീത നാടകങ്ങളുടെ അവതരണങ്ങളാൽ നിറഞ്ഞിരുന്നു. കേരളത്തിൽ ഗദ്യനാടകങ്ങളുടെ നാന്ദിവിളക്കായി തെളിഞ്ഞത് സി.വി. രാമൻപിള്ളയുടെ കൃതികളാണ്. സംഗീതനാടകങ്ങളെത്തുടർന്നാണ് ഇവയുടെ കടന്നുവരവ്. യൂറോപ്യൻ നാടകവേദിയിലുണ്ടായ നൂതനപ്രവണതകൾ പിൽക്കാലത്ത് ഭാരതത്തിലും പരീക്ഷിക്കപ്പെട്ടുവന്നു. അത്തരത്തിലെ ഇന്ത്യൻ കാലാവസ്ഥയിൽ കേരളത്തിലെ നാടകവേദിയിലും വൈദേശിക സ്വാധീനങ്ങൾ ഉണ്ടായി. ഇബ്സണും ഹരോൾഡ് പിന്ററും അയണസ്കോയും ബർട്ടോൾഡ് ബ്രെഹ്ത്തും സ്ട്രിൻബർഗുമൊക്കെ ഇവിടത്തെ നാടക മേഖലയിലും പ്രവേശിച്ചു.

മലയാള നാടകവേദിയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കവും അവതരണപരമായ വൈവിദ്ധ്യവും ഉണ്ടായിരുന്നുവെങ്കിലും പത്തൊമ്പതാം ശതകത്തിന്റെ അവസാനത്തോടെയുണ്ടായ ചടുലവും ഉന്മേഷകരവുമായ ഉണർവ് സംസ്കൃത ആംഗലേയ നാടകങ്ങളുടെ പരിഭാഷകളിലൂടെയും തമിഴ് സംഗീത നാടകങ്ങളുണ്ടാക്കിയ ആവേശത്തിലൂടെയും കൈവന്നതാണ്. അതോടെ മലയാള നാടകപ്രസ്ഥാനം അനേകം പരീക്ഷണങ്ങൾക്കും പ്രയോഗങ്ങൾക്കും വിധേയമായി. വളരെയേറെ പ്രസ്ഥാനങ്ങൾ ഇവിടെ ഉദയം ചെയ്യുകയും താത്കാലികമായെങ്കിലും നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. സംസ്കൃത നാടകങ്ങളുടെ വിവർത്തനങ്ങൾ, ഇംഗ്ലീഷ് നാടകങ്ങളുടെ തർജമകൾ, ഗദ്യരൂപത്തിലുള്ള പ്രഹസനങ്ങൾ, സാമൂഹിക പരിഷ്കരണ നാടകങ്ങൾ, തനത് നാടക പരീക്ഷണങ്ങൾ എന്നിങ്ങനെ അത് നീളുന്നു.

അരങ്ങിൽ അവതരിപ്പിക്കുന്ന ഒരു കലാരൂപമെന്ന നിലയിൽ നാടകത്തിന്റെ സവിശേഷലക്ഷ്യം സംവേദനമാണ്. എന്നാൽ, ഒരു കൃതിയെന്ന നിലയ്ക്കുള്ള നാടകപാഠം വായിക്കുമ്പോൾ, രംഗാവതരണത്തിന് സാക്ഷ്യം വഹിക്കുന്ന പ്രേക്ഷകന്റെ അനുഭവത്തിൽ നിന്നും വ്യത്യസ്തമായി സംവേദനത്തിന് ഒട്ടേറെ തടസ്സങ്ങളുണ്ട്. ഒരു രംഗകലാസാഹിത്യകൃതിയാണ് നാടകപാഠം. അതിന് ഒരിക്കലും കേവലമായ ഒരു വായനക്കാരനായി മാത്രം ഒരാളെ നിർത്താൻ കഴിയില്ല. വായനാവേളയിൽ കൃതിയുടെ വിഷയവുമായി ബന്ധപ്പെട്ട ദൃശ്യഘടകങ്ങളിലേക്ക് വായനക്കാരൻ സ്വയം ചെന്നുപെടും. അങ്ങനെ അയാളുടെ മനസ്സിൽ ഒരു അരങ്ങ് സൃഷ്ടിക്കപ്പെടുന്നുണ്ട്. രംഗവേദിയ്ക്ക് മുന്നിലിരിക്കുന്ന പ്രേക്ഷകരിൽ നേരിട്ടുള്ള സംവേദനമാണ് നടക്കുന്നത്.

കലാപരമായ ഒരു പ്രവർത്തനമാണ് നാടകരചനയിലൂടെ നാടകകൃത്ത് നിർവഹിക്കുന്നത്. എന്നാൽ, അരങ്ങിലെ നടന്മാരിലൂടെയാണ് അത് പ്രേക്ഷകരിലേക്ക് സംവ



***ബി എ മായാവി*** **എന്ന നാടകത്തിൽ നിന്ന്**

ദിക്കുന്നത്. സാഹിതീയപാഠത്തിലെ സംശയങ്ങളെ പ്രേക്ഷകർക്ക് അഭിമുഖമായി എത്തിക്കുന്നതാണ് അഭിനയം. പാഠസ്ഥിതമായ ആശയങ്ങളെ നടൻ അഭിമുഖീകരിക്കുന്നത് ശാരീരികമായ ചലനത്തിലൂടെയാണ്. കൃതിയെക്കാൾ പ്രാധാന്യം അരങ്ങിലെ അവതരണത്തിന് വരാൻ കാരണം, നാടകം ആഖ്യാനസ്വഭാവത്തിലുള്ള ഭാവാത്മകസാഹിത്യം എന്നതിൽ നിന്നു മാറി ക്രിയാംശപ്രധാനമായ ഒരു കർമപദ്ധതി എന്ന നിലയിൽ പരിഗണനാവിധേയമാക്കുന്നതിനാലാണ്. പാശ്ചാത്യമോ പൗരസ്ത്യമോ എന്ന വ്യത്യാസമില്ലാതെ തന്നെ ഒരു നാടകത്തിന് ഇത് ബാധകമാണ്. ക്രിയാംശങ്ങളിലധിഷ്ഠിതമായ ദൃശ്യപരതകളിലൂടെയാണ് നാടകം പുരോഗമിയ്ക്കുന്നത്. ആദികാലം മുതൽക്ക് തന്നെ നാടകത്തിന്റെ ബാഹ്യശില്പസമ്പ്രദായങ്ങൾ ഒട്ടനേകം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. സാഹിത്യശില്പങ്ങളുടെ മൂർത്തവത്കരണം നടന്മാരിലൂടെയാണ് സാധൂകരിയ്ക്കുന്നത്. നടന് പരമപ്രാധാന്യം കൈവരുന്നത് അതിനാലാണ്.

**ശാരീരികമായ ചലനത്തിലൂടെയാണ് പാഠസ്ഥിതമായ ആശയങ്ങളെ നടൻ പ്രേക്ഷകരിലേക്ക് പകരുന്നത്. അരങ്ങിലെ അവതരണത്തിന് കൃതിയെക്കാൾ പ്രാധാന്യം ഉണ്ടാകാൻ കാരണം, നാടകത്തിന്റെ ക്രിയാംശത്തിന് ആഖ്യാനത്തെക്കാൾ സംവേദന ശക്തി കൂടുതലുള്ളതുകൊണ്ടാണ്.**

ലോകത്ത് എവിടെയും തിയേറ്ററിന്റെ വളർച്ചയ്ക്ക് അതതിടത്തെ അമചർ നാടകസംഘങ്ങൾ വളരെയേറെ സംഭാവനകളാണ് ചെയ്തിട്ടുള്ളത്. കേരളത്തിൽ അമചർ നാടകസംഘങ്ങൾ ബോധപൂർവം സംഘടിപ്പിക്കാനുള്ള യത്നങ്ങൾ സി.വി. രാമൻപിള്ളയുടെയും ചന്തുമേനോന്റെയും കാലത്തിനപ്പുറത്താണ് ഉണ്ടായത്. പിൽക്കാലത്ത് അവരുടെ നോവലുകളിൽ അഭിനിവേശം കൊണ്ട വിദ്യാസമ്പന്നരായ യുവാക്കൾ അവയെ നാടകരൂപത്തിൽ പുനരാവിഷ്കരിച്ചുകാണാൻ ആഗ്രഹിച്ചതിന്റെ ഫലമായി മാർത്താണ്ഡവർമയും രാമരാജബഹദൂറും ഇന്ദുലേഖയുമൊക്കെ അരങ്ങിൽ അവതരിപ്പിക്കപ്പെട്ടു. ജി. ശങ്കരപ്പിള്ള പറയുന്നു: "അക്കാരണം കൊണ്ടാണോ എന്നറിഞ്ഞുകൂടാ, നാടകം എന്നു പറഞ്ഞാൽ നോവലിനെ സംഭാഷണരൂപത്തിൽ ആഖ്യാനം ചെയ്യുക എന്നു മാത്രമാണ് അർത്ഥമെന്ന് കുറച്ചു കാലം മുമ്പു വരെ ആസ്വാദകരും ഒരതിരുവരെ നാടകകൃത്തുക്കളും ധരിച്ചുവശായത്".

ആയിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ചിൽ ജി. ശങ്കരപ്പിള്ള എഴുതിയ അമചർ നാടകവേദി എന്ന ലേഖനത്തിൽ രണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. '...വളരെക്കാലം വായനശാലകളും അമ്മാതിരിയുള്ള മറ്റു സാംസ്കാരിക സംഘടനകളും തങ്ങളുടെ പല പ്രവർത്തനങ്ങളിൽ ഒന്നായി നാടകാഭിനയം കൂടി ഉൾപ്പെടുത്തിപ്പോന്നു. അതിന് വേണ്ടി മാത്രം ആണ്ടോടാണ്ട് ആകൂരയ്ക്കടിയിൽ വന്നുകൂടുന്ന അഭിനേതാക്കളുടെ സംഘങ്ങളും അവയ്ക്ക് നാടകകൃത്തുക്കളുമുണ്ടായി. നമ്മുടെ നാടകവേദിയെ ഇത്തരം നാടകാഭിനയസംരംഭങ്ങൾ സഹായിച്ചിട്ടുണ്ടോ?' 'നമ്മുടെ നാടക സാഹിത്യത്തെ ഇവ ഏതെങ്കിലും വിധത്തിൽ പരിപോഷിപ്പിച്ചിട്ടുണ്ടോ?' ഈ രണ്ട് ചോദ്യങ്ങൾക്കും ഉണ്ട് എന്ന ഉത്തരം നൽകാൻ പര്യാപ്തമാണ് ഇപ്പോൾ പ്രൊഫ. ജി. ഗോപാലകൃഷ്ണൻ രചിച്ച 'പ്രേമാമൃതം' എന്ന നാടകം.■